ഓം

# അരുണോദയം.

പുസ്തകം 2. } 1104 തുലാം. { ലക്കം 6.

MADRAS

## ശ്രീകൃഷ്ണവിലാസകഥാസാരം.

(പാന) (തുടൎച്ച)

[ഒരു പഴയകൃതി പകൎപ്പുപ്രകാരം]

എങ്കിൽ കേട്ടാലുമെന്റെഭവനത്തിൽ
പങ്കജേക്ഷണൻ വന്നാനൊരുദിനം
അന്നേരംതന്നെ ഞാനൊരു കിണ്ടിയിൽ
മുന്നാഴിപ്പാലു കാച്ചിനിറച്ചുടൻ
പച്ചിലകൊണ്ടു വായ്ക്കെട്ടിമെല്ലവേ
മച്ചിൽവെച്ചുകൊണ്ടിങ്ങു പോന്നീടിനേൻ.
കണ്ടുനില്ക്കുന്നുവന്നേരം നിന്മകൻ,
കണ്ടീലെന്നു നടിച്ചു നടന്നുടൻ;
ഞാനുമെന്റെയനുജത്തിയുംകൂടി
സ്നാനത്തിന്നു തിരിച്ചോരവസരേ
കണ്ണൻ മച്ചിൽകടന്നുടനക്ഷീരം
മണ്ണമോന്തിക്കുടിച്ചാൻ മടിയാതേ;
മിണ്ടാതേചെന്നാട്ടുക്കളയിൽ പുക്ക-
ക്കിണ്ടിതന്നുള്ളിൽ വെള്ളംനിറച്ചുടൻ
മച്ചിലങ്ങു നടെയത്തെസ്ഥാനത്തു
വെച്ചുകൊണ്ടങ്ങുപോയീതു നിന്മകൻ.
അസ്തമിച്ചപ്പോൾ ഞാനുമകംപുക്കു;
അത്താഴത്തിന്നു മാതുലനുംവന്നു;
അത്താഴംകഴിഞ്ഞമ്മാമൻ മച്ചിലേ
മെത്തയേറിശ്ശയിപ്പാൻ തുടങ്ങുമ്പോൾ,
"അമ്മാമ! നാഴിപ്പാലുണ്ടിരിക്കുന്നു;
ഉണ്മാൻകാലത്തു ഞാനും മറന്നുപോയ്"

എന്നുടനേ പറഞ്ഞപ്പോളമ്മാമൻ
ചെന്നെടുത്തു പാൽ മോന്തിക്കുടിച്ചപ്പോൾ:—
"പച്ചവെള്ളം ചുവയ്ക്കുന്നതെന്തെടീ!
പച്ചപ്പാലോ നീ വെച്ചിരിക്കുന്നത് ?
കള്ളത്തൊഴിലു നീ വെള്ളംകുടിപ്പിപ്പാ-
നുള്ളിലോർത്തു നമ്മോടു നന്നെടീ!"
എന്നീവണ്ണം കയർത്തെൻറയമ്മാമൻ
എന്നെക്കിണ്ടികൊണ്ടൊന്നെറിഞ്ഞീടിനാൻ.
അന്നേരംവന്നു നിന്നുടേ നന്ദനൻ,
നിന്നു ചാടിക്കളിച്ചൊന്നുരചെയ്തു:—
"ഇന്നലേ മമ വെണ്ണതരായ്കയാ-
ലിന്നീവണ്ണംചതിച്ചു ഞാൻ നിങ്ങളെ"
എന്നുചൊല്ലുന്ന നന്ദനനോടു ഞാൻ
എന്തുചൊല്ലേണ്ടു ഗോകുലനായികേ!"

എന്നതുകേട്ടു ചൊന്നാളൊരുത്തിയു-
മെന്നെച്ചെയ്തതിൽപരമാകുന്നു;
ഞാനൊരുനാളെൻപൈതല്ക്കുനൽകുവാൻ
പായസം നന്നായ്നിർമ്മിച്ചുവെച്ചുടൻ
പൈതലെത്തേടിപ്പോയോരുനേരംനിൻ
പൈതലാമിവൻ വന്നുതദന്തരേ,
പിള്ളരോടും കടന്നു കലമതി-
ലുള്ള പായസമെല്ലാം ഭുജിച്ചുടൻ
ചാണകമതിലാശു നിറച്ചുടൻ
കാണാതെപോയാൻ ചങ്ങാതിമാരോടും,
ഉണ്ണിയോടും ഞാൻവന്നു ഗൃഹംപുക്കു
തിന്നുംപായസമുണ്മാൻ പറഞ്ഞപ്പോൾ
മണ്ടിച്ചെന്നവൻ വാരിബ്ഭുജിച്ചുടൻ
തൊണ്ടപൊട്ടുമാറൊക്കാനിച്ചീടിനാൻ
'എന്തിതുണ്ണിയിതെ'ന്നു ചോദിച്ചപ്പോൾ
എന്തൊരുശണ്ഠയെന്നോ യെൻബാലകൻ
'കൊല്ലുവാൻ നീ തുടങ്ങീതെന്നാകിലും
ചാണകംതന്നു കൊല്ലേണമെന്നുണ്ടോ ?
ഏവം ബാലൻ പറഞ്ഞുകരഞ്ഞുടൻ
മേവിനാൻ പുനരേററവുംകോപത്തിൽ.
പങ്കജാക്ഷനീവണ്ണം തുടങ്ങിയാൽ
മങ്കമാർ ഞങ്ങളെന്തൊന്നു ചെയ്യേണ്ടു ?"

"എന്നുമല്ല, ഇതിൽപരമായിട്ടു
നിന്നുടേസുതനൊന്നു പ്രവൎത്തിച്ചു.
അപ്പാടെവീട്ടിലച്ഛനു നൽകുവാൻ
അപ്പങ്ങൾ ഞാൻ പ്രയത്നപ്പെട്ടുണ്ടാക്കി,
ഭാജനംതന്നിൽവെച്ചു ഞാനാദരാൽ
ഭോജനത്തിന്നിരുന്നോരുനേരത്ത്
ആരുംകാണാതെ പിള്ളരോടൊന്നിച്ചു
സ്വൈരമായ് വന്നു നിന്നുടേനന്ദനൻ
സ്വല്പമല്ലാതൊരപ്പങ്ങളൊക്കവേ
തപ്പി വാരിയെടുത്തു കടൽവൎണ്ണൻ
ചങ്ങാതിമാൎക്കു നൽകീട്ടനന്തരം
മംഗളമായിത്താനും ഭുജിച്ചുടൻ
തിന്നുശേഷിച്ചോരപ്പങ്ങളും കൂടി
നന്ദനന്ദനൻ കയ്യിൽപിടിച്ചുടൻ
ശുഷ്കങ്ങളായ ഗോമയജാലങ്ങൾ
ഒക്കെക്കൊണ്ടന്നതിൽവെച്ചുമെല്ലവേ
മുമ്പിലേപ്പോലെ വായ്മൂട്ടിവെച്ചുടൻ
തൻപരിജനത്തോടും നടകൊണ്ടാൻ.
ഭോജനംകഴിഞ്ഞാശു ഞാൻ മെല്ലവേ
ഭാജനവുമെടുത്തുകൊണ്ടാദരാൽ
അപ്പാട്ടെക്കു പുറപ്പെട്ടുചെന്നു ഞാൻ
അച്ഛൻതന്നുടേ കൊച്ചുകംപ്രക്കടൻ
"വേഴ്ചപൂണ്ടുടനച്ഛനു ഞാനൊരു
കാഴ്ചകൊണ്ടന്നേ"നെന്നു പറഞ്ഞപ്പോൾ
ആശ്ചര്യമെന്നുചൊന്നതിവൃദ്ധനാ-
മച്ഛനും കുരച്ചുമ്പോടെഴുന്നേററു
പച്ചിലകൊണ്ടു വായ്മൂട്ടിയ പാത്രം
പിച്ചിമാന്തിപ്പൊളിച്ചുതെരുന്നനേ
കൊച്ചുകളെയുമെല്ലാം വിളിച്ചുടൻ
അച്ഛനീരണ്ടും മുമ്മൂന്നും നല്കിനാൻ
എട്ടുപത്തെടുത്തച്ഛൻകരമതി-
ലിഷ്ടമോടേ പിടിച്ചുവിരവോടേ
അന്ധകാരംനിറഞ്ഞ ഗൃഹംതന്നി-
ലെന്തെന്നോരാതെ വായിലാക്കീടിനാൻ;
അപ്പൊഴേ ചിലരോക്കാനിച്ചീടിനാ-
രച്ഛനും കുരച്ചൊട്ടുവമിച്ചിതു.

‘ചാണകം ചുവച്ചീടുവാനെന്തൊരു
കാരണ’മെന്നു ചൊന്നാരതിൽചിലർ;
‘ചാണകം ചുവച്ചീടുകയല്ലിതു
ചാണകപ്പൊട്ടുതന്നെ’യെന്നാർ ചിലർ;
വായുംപൊത്തിക്കൊണ്ടോടീടിനാർ ചിലർ;
പേയായച്ഛൻ ചൊടിച്ചുപറഞ്ഞിതു
‘വേഴ്ച്ചപൂണ്ടു നീ കൊണ്ടുനാകാഴ്ച്ചയി-
താശ്ചര്യമിതിവിടെയുമുണ്ടെടി!
എത്രയുംവൃദ്ധനായുള്ളോരെന്നോടി-
ന്നിത്ര ധിക്കാരം കാട്ടുവാനെന്തെടി!’
എന്നുചൊല്ലിയും വായിൽകരമിട്ടു
നന്നായോക്കാനിച്ചിട്ടും കരച്ചിട്ടും
ഇത്തരംകണ്ടിളിഭ്യംകലൎന്നു ഞാൻ
അത്തലുംപൂണ്ടുപോന്നുഗൃഹംപുക്കു.”
മററൊരുത്തി പറഞ്ഞാളതുനേരം:—
“അററമില്ലാ പറഞ്ഞുതുടങ്ങിയാൽ,
കുററമുണ്ടാമ്മൂരുമെന്നു ശങ്കിച്ചി-
ട്ടേററം ഞങ്ങൾ പറവാൻമടിക്കുന്നു.
വീട്ടിലിന്നു പുലർകാലേ വന്നുപോ-
ലുണ്ണികൃഷ്ണനും പിള്ളരുമായിട്ടു്;
കണ്ണച്ചിപ്പശുതന്നുടെ കുട്ടിയെ
കണ്ണൻ വിട്ടു കുടിപ്പിച്ചുപോയിപോൽ;
ഞാനുണൎന്നു വിഴപ്പുപാകന്നുടൻ
പാനിയുംകൊണ്ടുചെന്നു കറന്നപ്പോൾ
തുള്ളിപ്പാലിന്നു കിട്ടീലെനിക്കു ഞാൻ
തുണിപ്പാലു കറന്നായം നിത്യവും
മൂണ്ടുവാലിക്കനാലഞ്ചുപെററിട്ടും
രണ്ടിടങ്ങഴിപ്പാലിൽ കുറവില്ല
കണ്ടുകൊൾകവിന്നൊരാപത്തവളെയും
രണ്ടുനാലുദിനമുണ്ടുകാണാത്തു.
ഇന്നുകേട്ടുഞാനങ്ങൂട്ടെവീട്ടിലെ-
ക്കന്നിൻകൂടെ മുളച്ചുപോൽ നിന്മകൻ.
എങ്കിലങ്ങൂട്ടെപ്പെണ്ണുങ്ങളെപ്പേരും
കയ്യൂലാക്കുവാനല്ലാതെ നോക്കുമോ?
കഷ്ടം കഷ്ടമിതെന്നേ പറയാവൂ
പട്ടിണിക്കുള്ള ഹേതുക്കളൊക്കയും.

വല്ലേടത്തും പുറപ്പെട്ടുപോയ്ക്കൊണ്ടാൽ
വല്ലതുംകൊണ്ടഹസ്സു കഴിച്ചോളാം.
നല്ലതിപ്പോഴതെന്നു പതുക്കവേ
വല്ലവിമാൎക്ക ചിത്തമുറക്കുന്നു.

(തുടരും)

# അൎത്ഥാലങ്കാരനിരൂപണം.

അൎത്ഥാലങ്കാരങ്ങളുടെ ഇടയിൽ ഉപമ ഒട്ടുമുക്കാലും അലങ്കാരങ്ങൾക്ക മൂലഭൂതവും അതിപ്രസിദ്ധവും അഭ്യഹിതവുമാകയാൽ ആദ്യമായതിനെത്തന്നെ നിരൂപിക്കുകയാണ് ഉചിതമായിരിക്കുക. പക്ഷെ, അതിശയം, സാമ്യം, വാസ്തവം, ശ്ലേഷമെന്നിങ്ങനെ അലങ്കാരസാധകങ്ങളായ നാലുപാധികളിൽ വാസ്തവോക്ത്യലങ്കാരങ്ങൾ എല്ലാററിലും അധികവും അതുവിട്ടാൽ അതിശയോക്തിയും, പിന്നീട് സാമ്യോക്തിയുമായി ഭാഷാഭൂഷണത്തിൽ നിൎദ്ദേശിച്ചിരിക്കുന്നതുകൊണ്ടു, ഉപമ ഒട്ടുമുക്കാലും അലങ്കാരങ്ങൾക്ക മൂലഭൂതമാവുന്നതെങ്ങിനെയെന്നു ശങ്കയുണ്ടാവാമെങ്കിലും, അല്പമൊന്നു ആലോചിച്ചുനോക്കിയാൽ ആയതു വെറും ഭ്രമമാണെന്നു എളുപ്പത്തിൽ അറിയാവുന്നതാണ്. ഒന്നാമതായി, രുദ്രടോപജ്ഞങ്ങളായ ഈ ഉപാധികളെ വിഭാജകധൎമ്മങ്ങളായെടുത്തു അലങ്കാരങ്ങളെ തരംതിരിക്കുന്നതുതന്നെ യുക്തമല്ല. ഇതിനെപ്പററി

"ഇന്നാലുസാധനംചൊന്നതൊന്നൊന്നായിട്ടതന്നെയും
ഒന്നുരണ്ടുകൾചേൎന്നിട്ടുംനിന്നാലങ്കാരമായ്വരും."

എന്നു ഭാഷാഭൂഷണത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ഈ ഉപാധികൾ തനിച്ചും കലൎന്നുമാണ് അലങ്കാരപ്രയോജകങ്ങളാവുന്നതു എന്നു മാത്രമല്ല, ഒരേ അലങ്കാരത്തിൽത്തന്നെ ഏതാനും ചില ലക്ഷ്യങ്ങൾക്ക ഒന്നും മററുചിലതിന്നു മറെറാന്നുമായി വ്യവസ്ഥയില്ലാത്ത നിലയിലുമാകുന്നു.

"ഹന്ത! ചന്ദ്രമുഖിക്കിന്നുചെന്തീയായിതു ചന്ദനം"

എന്നിങ്ങിനെ അതിശയമൂലകമായിരിക്കുന്ന ആ വിരോധാഭാസംതന്നെ

"ദിവ്യം കിഞ്ചനവെള്ളമുണ്ടൊരുമറിസ്സോമൻകവപ്പുംഗളേ"

ഇത്യാദിയിൽ ശ്ലേഷമൂലകമായിട്ടാണ് കാണുന്നതു്. കാൎയ്യകാരണനിബന്ധനകളായ അപ്രസ്തുതപ്രശംസകൾ വാസ്തവമൂലങ്ങളാണെങ്കിലും സാരൂപ്യനിബന്ധനാപ്രസ്തുതപ്രശംസ സാമ്യമൂലകംതന്നെയല്ലേ? എന്തിനു,

"കാവ്യാനുശാസനമതെങ്ങവ്യാവൎത്തകനെങ്ങിവൻ"
"വെളുത്തകീൎത്തിയെപ്പെററിതളിശ്യാമളയാമസി"

എന്നിങ്ങനെ വാസ്തവമൂലമായ വിഷമാലങ്കാരംപോലും

"കല്യാണിതാമരമലർക്കടച്ചൂടിടാമെ-
ന്നുല്ലാസമോടിഹനടേണ്ടബിസംകുളത്തിൽ;
വല്ലാത്തകാലമിതു, നന്ദിജഗത്തിനില്ല,
ചൊല്ലാം ഹരിക്കുമിതുനിൻമുഖകാന്തിയെത്താൻ"

എന്ന ദിക്കിൽ സാമ്യമൂലകമായ്പരിണമിച്ചിരിക്കുന്നതു നോക്കുക. പ്രാചീനാലങ്കാരികന്മാർ അലങ്കാരങ്ങളെ നാമനിർദ്ദേശപൂർവ്വകം ലക്ഷണം കല്പിച്ചു വിഭാഗിച്ചിരിക്കുന്നതു ഈ ഉപാധികളെ ആശ്രയിച്ചല്ലായ്കയാൽ അവയെ അടിസ്ഥാനമാക്കിച്ചെയ്യുന്ന അലങ്കാരവിഭാഗം ശരിയാവാൻ തരമില്ല. ഈ സ്ഥിതിക്കു പ്രാധാന്യത്തേയും മററു ചില സൌകര്യങ്ങളേയും മാത്രമുദ്ദേശിച്ച് ചെയ്തിരിക്കുന്ന ഭാഷാഭൂഷണത്തിലെ അലങ്കാരവിഭാഗത്തിൽ വാസ്തവോക്ത്യലങ്കാരങ്ങളാണധികമെന്നുവെച്ചു മുൻപറഞ്ഞപ്രകാരം നാം സംശയിക്കുന്നതു ഒരിക്കലും ശരിയല്ല. വാസ്തവോക്തിയിൽപ്പെട്ട സഹോക്തി, വികല്പമെന്നിവ സാമ്യസ്പർശമില്ലെങ്കിൽ അലങ്കാരങ്ങളെ ആവുകയില്ലെന്നു ഭൂഷണത്തിൽത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ. ശ്ലേഷോക്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സമാസോക്തി, അതിശയോക്തിയിൽ പെടുത്തിയിരിക്കുന്ന മീലിതം മുതലായവയുടെ സ്ഥിതിയും ഏതാണ്ടിതുതന്നെയാണ്. ഇങ്ങനെ സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നതായാൽ അധികമലങ്കാരങ്ങളും സാമ്യസ്പർശികളാണെന്നു പ്രത്യക്ഷമാവും. അതുകൊണ്ടാണ് കാവ്യാലങ്കാരസൂത്രത്തിൽ "സമ്പ്രത്യർത്ഥാലങ്കാരാണാം പ്രസ്താവഃ; തന്മൂലഞ്ചോപമേതി സൈവവിചാര്യതേ" എന്നിങ്ങനെ വാമനാചാര്യർ തന്റെ ഉപമാലക്ഷണത്തെ അവതരിപ്പിച്ചിരിക്കുന്നതു്. അപ്പയ്യദീക്ഷിതരാകട്ടെ, ചിത്രമീമാംസയിൽ—

"ഉപമൈകാശൈലൂഷീ സമ്പ്രാപ്താചിത്രഭൂമികാഭേദാൻ
രംജയതികാവ്യരംഗേ നൃത്യന്തീതദ്വിദാം ചേതഃ"

എന്ന ശ്ലോകത്താൽ ഉപമയായ ഒരേ നടിതന്നെ അലങ്കാരാന്തരങ്ങളായ വേഷവിശേഷങ്ങളെ മാറിമാറിദ്ധരിച്ചു കാവ്യരൂപമായ രംഗത്തിൽ നർത്തനംചെയ്തുകൊണ്ടു സഹൃദയന്മാരുടെ ഹൃദയത്തെ ആവർജ്ജിക്കുന്നതായഭിപ്രായപ്പെട്ടിരിക്കുന്നു. അതായതു—"നിൻമുഖം ചന്ദ്രനെപ്പോലെ"എന്ന ഒരേ ഉപമതന്നെ, ഉക്തിവൈചിത്ര്യത്താൽ എത്രവിധം അലങ്കാരങ്ങളായ്ത്തീരുന്നുവെന്നു നോക്കുക. അതു, "നിൻമുഖം ചന്ദ്രനെപ്പോലെ, ചന്ദ്രൻ നിൻമുഖംപോലെ" എന്നായാൽ ഉപമേയോപമ (1) "നിൻമുഖം നിൻമുഖംപോലെ"എന്നതു അനന്വയം (2) "ചന്ദ്രൻ നിൻമുഖംപോലെ"എന്നതു പ്രതീപം (3) "നിൻമുഖം ചന്ദ്രനെപ്പോലെതന്നെ എന്നാൽ സർവ്വദാ നിർമ്മലമാണ്" എന്നതു വ്യതിരേകം (4) "ചന്ദ്രനെക്കാണുമ്പോൾ നിന്റെ മുഖം ഓർമ്മിക്കുന്നു" എന്നതു സ്മൃതിമാൻ (5) ഇതു മുഖമോ ചന്ദ്രനോ"എന്നതു സസന്ദേഹം (6) "നിൻ

മുഖമായ ചന്ദ്രൻ' എന്നതു രൂപകം (7) നിൻമുഖമായ ചന്ദ്രൻ മദനതാപമകററുന്നു"എന്നതു പരിണാമം (8) "ഇതു ചന്ദ്രനാണ് മുഖമല്ല" എന്നതു അപഹ്നുതി (9) "നിൻമുഖം ചന്ദ്രനാണെന്നു തോന്നുന്നു" എന്നതു ഉൽപ്രേക്ഷ (10) "ഇതാ സൌധെ ചന്ദ്രൻ"എന്നതു അതിശയോക്തി (11) "നിൻമുഖം ചന്ദ്രനെന്നുവിചാരിച്ചു ചകോരങ്ങൾ മദിക്കുന്നു" എന്നതു ഭ്രാന്തിമാൻ (12) "നിൻമുഖം ചന്ദ്രനേയും പങ്കജത്തേയും ജയിക്കുന്നു"എന്നതു തുല്യയോഗിത (13) "മേഘച്ഛന്നനായ ചന്ദ്രനും കോപകലുഷിതമായ നിന്റെ മുഖവും ദുസ്സഹംതന്നെ"എന്നതു ദീപകം (14) "ചന്ദ്രനേ ചകോരത്തെ രംജിപ്പിക്കു നിന്റെ മുഖമേ എന്റെ ഹൃദയം രമിപ്പിക്കു"എന്നതു പ്രതിവസ്തൂപമ (15) "നിന്റെ മുഖമേ എന്റെ ഹൃദയത്തെ ആനന്ദിപ്പിക്കു ചന്ദ്രനേ കുമുദം വികസിപ്പിക്കു"എന്നതു ദൃഷ്ടാന്തം (16) നിന്റെ മുഖം ചന്ദ്രനെന്നു ചകോരങ്ങളും പങ്കജമെന്നു വണ്ടുകളും കരുതുന്നു"എന്നതു ഉല്ലേഖം (17) "മുഖം ചന്ദ്രകാന്തിയെ ധരിക്കുന്നു" എന്നതു നിദശ്ന (18) ലക്ഷ്മി ചന്ദ്രനെ ഉപേക്ഷിച്ചു നിന്റെ മുഖത്തു കളിയാടുന്നു"എന്നതു പയ്യായം (19) പ്രസാദാഞ്ചിതമായ നിൻമുഖം ലോകാനന്ദകരംതന്നെ"എന്നതു സമാസോക്തി (20) (മുഖദശനപ്രസ്താവത്തിൽ) "ചന്ദ്രാലോകനത്തിൽ ആക്കു കൌതുകമില്ല" എന്നതു അപ്രസ്തുതപ്രശംസ (21) "ചന്ദ്രൻ കളങ്കിയല്ലെങ്കിൽ നിന്റെ മുഖത്തോടുപമിക്കാമായിരുന്നു"എന്നതു സംഭാവന (21) ചന്ദ്രനെക്കാണുന്നില്ലല്ലോ അല്ലെങ്കിലെന്തിനു നിന്റെ മുഖമുണ്ടല്ലോ" എന്നതു ആക്ഷേപം (22) "അത്യുന്നതസൌധത്തിൽ തിളങ്ങുന്ന നിന്റെ മുഖത്തേയും ആകാശത്തിൽ വിളങ്ങുന്ന ചന്ദ്രനേയും തിരിച്ചറിയുന്നില്ല"എന്നതു സാമാന്യം (22) ഇടക്കിടെ ചന്ദ്രൻ മേഘച്ഛന്നനാവുന്നതുകൊണ്ടുമാത്രം നിന്റെ മുഖത്തേയും ചന്ദ്രനേയും തിരിച്ചറിയുന്നു" എന്നതു വിശേഷകം (23) ഇങ്ങനെ മുഖചന്ദ്രവിഷയകമായ ഈ ഒരു സാദൃശ്യത്തിനുതന്നെ പല അലങ്കാരങ്ങളായ്പരിണമിക്കുവാൻ സാധിക്കുന്നതായിരിക്കെ സാദൃശ്യസാമാന്യത്തിന്റെ സ്ഥിതി എന്തായിരിക്കും. അതുകൊണ്ടു അലങ്കാരങ്ങൾക്കൊക്കയും പ്രായേണ സാമ്യസ്പശമുണ്ടാവുമെന്നു പറയുന്നതിൽ തെററൊന്നുമില്ല. പോരെങ്കിൽ ഉപമയോളം പ്രസിദ്ധി മററൊരലങ്കാരത്തിന്നും ഇല്ലെന്നുള്ളതും തീച്ചയാണല്ലൊ ആകയാൽ,

"ചൊല്ലുള്ളതിൽകവിഞ്ഞുള്ളതെല്ലാമതിശയോക്തിയാം
തെല്ലിതിൻസ്പശമില്ലാതെയില്ലലങ്കാരമൊന്നുമേ"

എന്നിങ്ങനെ അതിശയോക്തി സവ്വാലങ്കാരങ്ങൾക്കും മൂലഭൂതമാകയാൽ അതിനെയല്ലേ മുമ്പിൽ നിരൂപിക്കേണ്ടതു എന്ന ആക്ഷേപത്തിന്നും സമാധാനമായി. കൂടാതെ, വിവക്ഷിതമായ അത്ഥം ഭാവുകന്മാക്കു എളുപ്പത്തിൽ ഗ്രഹിച്ചു രസിക്കത്തക്കവണ്ണം വിശദപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ശക്തി ഉപമയെപ്പോലെ മററൊരലങ്കാരത്തിന്നും ഇല്ല.

അതുകൊണ്ടു അലങ്കാരങ്ങളിൽവെച്ചു ശ്രേഷ്ഠവും ഉപമതന്നെയാകുന്നു. ആകയാൽ ഉപമയാണു് അഭ്യർഹിതമെന്നും അതിനെത്തന്നെയാണു് ആദ്യമായ് നിരൂപിക്കേണ്ടതെന്നും സിദ്ധിക്കുന്നു.

ഉപമയെന്നതു രമണീയമായ സാദൃശ്യംതന്നെ. എന്നാൽ ഇത്രമാത്രംകൊണ്ടു നമുക്കു ഉപമയുടെ സ്വരൂപജ്ഞാനമല്ലാതെ ലക്ഷണജ്ഞാനം സിദ്ധിക്കുന്നതല്ല. ലക്ഷണമെന്നതു ലക്ഷ്യങ്ങളെ ഒക്കെയും അലക്ഷ്യങ്ങളിൽനിന്നു വേർതിരിച്ചറിവാനുള്ള ഒരു ഉപായമാകുന്നു. അതുകൊണ്ടു ലക്ഷ്യങ്ങൾക്കു് യോജിക്കുന്നതും അലക്ഷ്യങ്ങൾക്കു യോജിക്കാത്തതുമായ അസാധാരണ ധർമ്മം മാത്രമേ ലക്ഷണമാവുകയുള്ളു. രമണീയസാദൃശ്യമാകട്ടെ, ഉപമേയോപമ, പ്രതീപഭേദം മുതലായവയിലുമുണ്ടുതാനും. ആവകയൊന്നും ഉപമാലങ്കാരവുമല്ല. ഈ സ്ഥിതിക്കു 'രമണീയസാദൃശ്യ'മെന്നതു ഉപമയ്ക്കു ലക്ഷണമാവുന്നതെങ്ങനെ. ആകയാൽ ഉപമാലങ്കാരങ്ങളിലൊക്കെ സംഭവിക്കുന്നതും അലങ്കാരാന്തരങ്ങളിൽ സംഭവിക്കാത്തതുമായ ഒരു വൈശിഷ്ട്യംതന്നെപറയേണ്ടതായിരിക്കുന്നു. അതായതു—

"അന്യസാമ്യതിരസ്കാരം അദ്വിതീയത്വഭംജനം
വർണ്ണ്യാധികസമുൽക്കർഷമെന്നിവയ്ക്കപ്രയോജകം
അവിനാഭാവിയാവ്യംജിക്കാതെ നിഷ്പന്നമാനമാം
സാധർമ്മ്യമുപമാഭിഖ്യം പലഭേദങ്ങളുണ്ടിതിൽ"

ഉപമാനമായി നിർദ്ദേശിച്ചിരിക്കുന്ന വസ്തുവൊഴിച്ചു മറെറാന്നിനോടുള്ള സാദൃശ്യത്തിന്നു തിരസ്കാരം, അദ്വിതീയത്വത്തിന്ന (തനിക്കു സമമായി മറെറാന്നില്ലെന്നുള്ള ഭാവത്തിന്നു) തിരസ്കാരം, അവർണ്ണ്യത്തെ അപേക്ഷിച്ചു് വർണ്ണ്യത്തിന്നു വിവക്ഷിച്ചിരിക്കുന്ന ഉൽക്കർഷാധിക്യം എന്നീ മൂന്നു കൂട്ടത്തിന്നു അപ്രയോജകവും, അലങ്കാരാവിനാഭാവിയായ വ്യംഗ്യമാവാത്തതും, (ദീപകാദികൾ ആത്മലാഭംതന്നെ സാദൃശ്യം വ്യംഗ്യമായാലേ ഉണ്ടാവുകയുള്ളൂ. ആവിധത്തിൽ വ്യംജിക്കാത്തതും) നിഷ്പന്നമാനവും (സുപ്രതിഷ്ഠവും) ആയ സാദൃശ്യംതന്നെയാകുന്നു ഉപമയെന്ന അലങ്കാരം. അലങ്കാരങ്ങൾക്കൊക്കെയും ആവശ്യമായ ചമൽക്കാരമാവട്ടെ, അലങ്കാരസാമാന്യലക്ഷണത്താൽത്തന്നെ സിദ്ധിക്കുന്നതുകൊണ്ടു പ്രത്യേകിച്ചു നിവേശിച്ചിട്ടില്ല. മേലും അപ്രകാരംതന്നെ.

അന്യസാമ്യതിരസ്കാരത്തിന്നു അപ്രയോജകമായിരിക്കണമെന്നു പറഞ്ഞിരിക്കയാൽ—

"അംബുജംപോലെ നിന്നാസ്യം
നിന്നാസ്യംപോലെയംബുജം
മധുവ്രതാഭം ത്വന്നേത്രം
ത്വന്നേത്രാഭം മധുവ്രതം" (സ്വ)

ഇത്യാദി ഉപമേയോപമയിൽ പ്രകൃതലക്ഷണത്തിന്നു അതിവ്യാപ്തിയില്ല. മുഖം താമരപോലെയാണെന്നു പറഞ്ഞതുകൊണ്ടുതന്നെ താമര മുഖംപോലെയാണെന്നും കിട്ടുന്നതായിരിക്കെ വീണ്ടും ആ അംശത്തെ പ്രത്യേകിച്ചു എടുത്തുപറഞ്ഞിരിക്കുന്നതു് മുഖത്തിന്നു താമരയല്ലാതെ മററൊരു വസ്തുവിനോടു സാദൃശ്യമില്ലെന്നു സൂചിപ്പിക്കുവാനാകയാൽ ഇവിടെയുള്ള ഈ പരസ്പരവിഷയകമായ സാദൃശ്യം അന്യസാദൃശ്യതിരസ്കാരത്തിന്നു പ്രയോജകമായിട്ടാണ് സ്ഥിതി ചെയ്യുന്നതു്.

അദ്വിതീയത്വ തിരസ്കാരത്തിന്നു അപ്രയോജകമെന്നതുകൊണ്ടു്—

"അതിമോഹനമെന്മുഖമെ-
ന്നതിരുകവിഞ്ഞിത്രവേണ്ടെടോ ഗൎവ്വം
ഇതിനുസദൃശങ്ങളായി
ക്ഷിതിയിൽക്കാണുന്നതുണ്ടു കമലങ്ങൾ" (സ്വ)

"എതിരില്ലെന്നുടെപീലി-
ക്കിതിചിന്തിച്ചെന്തിനേവമാടുന്നു?
മതിമതിമയൂരമാമക-
മതിമുഖിതൻകേശമുണ്ടിതിന്നൊപ്പം" (സ്വ)

ഇത്യാദിപ്രതീപഭേദങ്ങളിലും അതിപ്രസംഗമില്ല. ഈ രണ്ടു ദിക്കിലുമുള്ള സാദൃശ്യം തനിക്കു തുല്യമായി മററൊന്നില്ലെന്നുള്ള ഭാവത്തിന്നു തിരസ്കാരകമായിട്ടാണിരിക്കുന്നതു്. ഒന്നാമത്തെ ശ്ലോകത്തിലെ താദൃശസാദൃശ്യം ഉപമേയപ്രദൎശനദ്വാരാവൎണ്ണ്യമായ മുഖത്തിൻേറയും രണ്ടാമത്തിലേതു അവൎണ്ണ്യമായ മയിൽപ്പീലിയുടേയും അദ്വിതീയത്വനിഷേധത്തിന്നു സാധകമായി സ്ഥിതി ചെയ്യുന്നു.

വൎണ്ണ്യാധികസമുൽക്കൎഷത്തിന്നു പ്രയോജകമാവരുതെന്നു പറഞ്ഞിരിക്കയാൽ—

"ബാലേ, നിന്നാനനംപോലെ വിലസുന്നു കലാനിധി
നീലോല്പലങ്ങൾ നിൻനേത്രവിലാസമിയലുന്നിതാ" (സ്വ)

ഇത്യാദി പ്രതീപത്തിലും അതിവ്യാപ്തിക്കവകാശമില്ല. ഇവിടെ ചന്ദ്രന്നും മുഖത്തിന്നും പ്രസിദ്ധമായ ഉപമാനോപമേയ ഭാവം മാററിക്കല്പിച്ചിരിക്കുന്നതു മുഖത്തിന്നു ചന്ദ്രനേക്കാളും ഉൽക്കൎഷമുണ്ടെന്നു കാണിപ്പാനാകയാൽ പ്രകൃതസാദൃശ്യം അവൎണ്ണ്യത്തേക്കാട്ടിലും വൎണ്ണ്യത്തിന്നു വിവക്ഷിച്ചിരിക്കുന്ന ഉൽക്കൎഷാധിക്യത്തിന്നു പ്രയോജകമായിട്ടാണിരിക്കുന്നതു്.

നിഷ്പ്രത്യൂഹമാനമെന്നതുകൊണ്ടു്—

"അഗാധമബ്ധിയെപ്പോലെ മഹാന്മാരുടെ മാനസം
എന്നാൽസദാ ദുഷ്ടസത്വാക്രാന്തമല്ലതിശാന്തമാം" (സ്വ)

ശത്രുസംഘത്തെനിശ്ശേഷമസിമാത്രസഹായനായ്
വെന്നോരീമന്നവൻ ഗവിയല്ലന്ന്യജനമെന്നപോൽ" (സ്വ)
"നന്നുനിന്നാനനത്തോടെന്തിന്ദുമണ്ഡലമൊക്കുമോ?
ഇന്ദീവരാഭമെന്നോതീട്ടുന്നതോ ശുദ്ധമന്ദരാം" (സ്വ)

ഇത്യാദി വ്യതിരേകങ്ങളേയും വ്യാവൎത്തിച്ചിരിക്കുന്നു. ആദ്യത്തെ പദ്യത്തിലും രണ്ടാമത്തെ പദ്യത്തിലും വൈധൎമ്മ്യം എടുത്തു കാണിച്ചിരിക്കയാലും മൂന്നാമത്തേതിലെ പൂൎവ്വാൎദ്ധത്തിലും ഉത്തരാൎദ്ധത്തിലും 'ഒക്കുമോ' 'ശുദ്ധമന്ദരാം' എന്നിങ്ങനെ പ്രകാരാന്തരേണ നിഷേധിച്ചിരിക്കയാലും സാദൃശ്യത്തിന്നു പ്രതിഷ്ഠയില്ലായ്കയാൽ അതു നിഷ്പദ്യമാനമാവുന്നില്ല. അതുപോലെതന്നെ മമ്മടഭട്ടൻ മുതലായവർ 'അതിശയോക്തി'യെന്നും മററുചിലർ 'സംഭാവന'യെന്നും പറഞ്ഞുവരുന്ന—

" ചാരുമൌക്തികസരാവഭാസിയാ-
സ്തീരുമെങ്കിലമൃതാംശുമണ്ഡലം
ഭീരു, മാന്മഥനിദാഘശീകരം
ചേരുമീമുഖമതിന്നു തുല്യമാം" (സ്വ)

ഇത്യാദിയിലും അതിപ്രസക്തിക്കിടയില്ല. ചന്ദ്രമണ്ഡലം ചാരുമൌക്തികസരാവഭാസിയായാൽ മാത്രമേ അതിനോടു മുഖത്തെ ഉപമിക്കാവൂ എന്നു പറഞ്ഞിരിക്കയാൽ താദൃശസാദൃശ്യം അപ്രതിഷ്ഠിതമാണെന്നല്ലേ വരുന്നതു്. അപ്രകാരം തന്നെ—

"നിൻമേനി നിൻമേനിപോലെ നിൻമുഖംപോലെ നിമ്മുഖം
നിൻവിലാസങ്ങളോരോന്നും അതതിന്നു സമാനമാം" (സ്വ)

എന്നിങ്ങനെയുള്ള അനന്വയാലങ്കാരത്തിലും അതിവ്യാപ്തി വരുന്നില്ല. തനിക്കു തന്നോടുള്ള സാദൃശ്യം അനുപപന്നമാകയാലാണല്ലൊ പ്രകൃതാലങ്കാരത്തിന്നു അനന്വയമെന്ന സംജ്ഞതന്നെ ലഭിച്ചിരിക്കുന്നതു്, എന്നാൽ ആത്മസാദൃശ്യോക്തിയാകട്ടെ പ്രകൃതവസ്തുവിന്നു മറെറാന്നിനോട സാദൃശ്യമില്ലെന്നു കാണിപ്പാൻ മാത്രമാണു്; ആകയാൽ അന്യസാമ്യതിരസ്കാരപ്രയോജകമെന്ന അംശംകൊണ്ടും വാരണം വരുന്നതാണു്.

അലങ്കാരാവിനാഭാവിയായ വ്യംഗ്യമാവരുതെന്നു പറഞ്ഞിരിക്കയാൽ, ഭേദപ്രധാനങ്ങളായ ദീപകം, തുല്യയോഗിത, പ്രതിവസ്തൂപമ, ദൃഷ്ടാന്തം മുതലായവയിലും, അഭേദപ്രധാനങ്ങളായ രൂപകം, പരിണാമം, അപഹ്നുതി, സ്മൃതിമാൻ, ഭ്രാന്തിമാൻ, ഉല്ലേഖം മുതലായവയിലും അതിപ്രസംഗമില്ല. ഇവയിലെല്ലാം വ്യഞ്ജിക്കുന്ന സാദൃശ്യം അതതലങ്കാരങ്ങൾക്കു അവിനാഭാവിയായിട്ടാകുന്നു. സാദൃശ്യം വ്യഞ്ജിക്കാത്തപക്ഷം ആ വകക്കു അലങ്കാരത്വം തന്നെയുണ്ടാവുകയില്ല.

(തുടരും) പി. കുഞ്ഞൻനായർ, ശിരോമണി.

# കഴിഞ്ഞ കഥ

(മൂന്നാം ലക്കത്തിൽനിന്നു തുടർച്ച)

UNIVERSITY LIBRARY 16 DEC 1928 MADRAS

---

## അദ്ധ്യായം 5.

### ഒരാപത്ത്.

കോഴിക്കോട്ടെത്തിയതിന്നുശേഷം ഞാനും നാണിക്കുട്ടിയുമായുള്ള പെരുമാററം എങ്ങിനെയായിരുന്നുവെന്നു അറിവാൻ വായനക്കാക്ക് കൌതുകമുണ്ടായിരിക്കും. ഞങ്ങൾ അത്യന്തം സ്നേഹത്തോടുകൂടിത്തന്നെയായിരുന്നു കഴിഞ്ഞുപോന്നിരുന്നത്. നാണിക്കുട്ടി പഠിച്ചിരുന്ന സ്കൂളും ഞങ്ങൾ പഠിച്ചിരുന്ന സ്കൂളും അടുത്തായിരുന്നതുകൊണ്ട് സ്കൂളിലേക്കുള്ള യാത്ര ഒന്നിച്ചുതന്നെയായിരുന്നു. ചിലദിവസം നാണിക്കുട്ടിക്ക് പുസ്തകങ്ങൾ അധികം എടുക്കാനുണ്ടെങ്കിൽ ഞാൻ അവളെ സഹായിക്കും. എനിക്ക് അധികമുണ്ടെങ്കിൽ ഞാൻ അവളെ ബുദ്ധിമുട്ടിക്കയുമില്ല. വീട്ടിൽ വന്നാലും ഞങ്ങൾ വിട്ടുപിരിയാറില്ല. തോട്ടത്തിൽനിന്ന് പൂക്കൾ പറിച്ച് ഞങ്ങളുടെവീട്ടിൽ നിത്യം പൂജിച്ചിരുന്ന ശ്രീകൃഷ്ണന്റെമുമ്പിൽ കൊണ്ടുവെക്കുന്നത് നാണിക്കുട്ടിയുടെ ജോലിയായിരുന്നു. ഇത് അമ്മാമൻ എഴുനീററുവരുമ്പോഴെക്ക് ചെയ്തുവെക്കേണമെന്നാണ് നിശ്ചയം. ചിലദിവസം അവൾ എഴുനീല്ക്കാൻ വൈകിയെങ്കിൽ ഈ കൃത്യം അവൾക്കുവേണ്ടി ഞാൻ നിർവ്വഹിക്കാറുണ്ട്. അങ്ങിനെ ചെയ്ത ദിവസങ്ങളിലെല്ലാം അവളുടെവകയായി പലഹാരമോ മററെന്തെങ്കിലുമോ എനിക്ക് സമ്മാനമായി കിട്ടുന്നതും പതിവാണ്. ഞങ്ങളുടെ നടവടികൾ സൂക്ഷിച്ചിരുന്ന കുഞ്ഞിശ്ശങ്കരൻ ഇടക്ക് ഞങ്ങളെ കളിയാക്കാറുമുണ്ട്. ഒരുദിവസം നാണിക്കുട്ടി ഞങ്ങളെല്ലാം സ്കൂളിലേക്കു പുറപ്പെടുന്നസമയത്ത് അവളുടെ ജാക്കററ് തുന്നക്കാരന്റെ കയ്യിൽനിന്ന് വാങ്ങിക്കൊണ്ടുവരേണ്ടതിനെപ്പററി കുഞ്ഞിശ്ശങ്കരനെ ഓർമ്മിപ്പിക്കാനായി ഞങ്ങളുടെ മുറിയിൽ വന്നു. കുഞ്ഞിശ്ശങ്കരനോടു ഇക്കാര്യം അമ്മായി മുമ്പെത്തന്നെ ഏല്പിച്ചിട്ടുണ്ടായിരുന്നു. അവൾ വന്നു പറഞ്ഞപ്പോൾ കുഞ്ഞിശ്ശങ്കരൻ കളിയായി.

"നിണക്കെന്താ എല്ലാം ചെയ്തുതരാൻ നിന്റെ ദാസേട്ടനില്ലെ പെണ്ണേ" എന്നു ചോദിച്ചു. അതിന്നു ആ കൊച്ചുകുട്ടി "അതുകൊണ്ടു കുഞ്ഞിശ്ശങ്കരേട്ടൻ എന്റെ ഏട്ടനല്ലാതാവില്ലല്ലോ." എന്നുമാത്രം മറുവടി പറഞ്ഞു.

ഇങ്ങിനെ സൈ്വരമായി ഞങ്ങൾ കാലംകഴിച്ചുകൊണ്ടിരിക്കെ, സുഖദുഃഖങ്ങളുടെ ക്ഷണികതക്ക് ഒരു ദൃഷ്ടാന്തംകാണിച്ചുതരാനെന്നു തോന്നുമാറ് ജഗദീശ്വരൻ ഞങ്ങൾക്ക് ഒരാപത്ത് വരുത്തി—ഒരുദിവസം അമ്മാമന്ന് പെട്ടെന്ന് ഒരു രോഗംവന്നു. തലകനവും നെഞ്ഞത്തു

വേദനയുമായിരുന്നു ദീനം. തലേദിവസം രാത്രി കിടപ്പാൻപോകുമ്പോൾ യാതൊരു സുഖക്കേടുമുണ്ടായിരുന്നില്ല. പുലരുമ്പോഴെക്ക് കിടന്നേടത്തുനിന്ന് എഴുനീല്ക്കാൻ വയ്യാതെയായിരിക്കുന്നു. അമ്മാമന്റെ സ്നേഹിതനായ ഒരു ഡാക്ടരെ ഉടനെ വരുത്തി. ഡോക്ടരുടെ മുഖഭാവംകൊണ്ടു ദീനം ശക്തിയുള്ളതാണെന്ന് അമ്മായിയും അവിടെയുണ്ടായിരുന്ന മററുള്ളവരും മനസ്സിലാക്കീട്ടുണ്ടായിരിക്കണം. അവൎക്കെല്ലാം പരിഭ്രമം കലശലായിത്തുടങ്ങി. കുട്ടികളായ ഞങ്ങൾക്കും കാൎയ്യം മനസ്സിലാവാതെ അങ്ങോട്ടുമിങ്ങോട്ടും ഓടിത്തുടങ്ങി. സ്കൂളിലേക്ക് ആരും അന്ന് പോയില്ല. അടുത്തുള്ള വക്കീൽമാരും, അമ്മാമന്റെ മററു സ്നേഹിതന്മാരും വന്നുകൂടി. ഏകദേശം 9 മണിയായപ്പോഴെക്ക് ഞങ്ങളുടെവീട്ടിൽ പുരുഷാരം നിറഞ്ഞു. എന്തോ അപകടമുണ്ടെന്ന് ഞങ്ങൾക്കും സംശയം ജനിച്ചു. ഞങ്ങളേക്കാട്ടിലും പ്രായംകുറഞ്ഞിരുന്ന നാണിക്കുട്ടി എന്നോടും കുഞ്ഞിശ്ശങ്കരനോടും "എന്താ അച്ഛന്ന്" എന്നു വന്ന് ചോദിക്കുവാനും തുടങ്ങി. ഞങ്ങൾക്ക് ഒന്നും അറിയില്ലെന്നു പറഞ്ഞപ്പോൾ അവൾ ആളുകളുടെ ഇടയിൽക്കൂടെ മുകളിലേക്ക് ഓടി എങ്ങിനെയൊ അമ്മാമൻ കിടക്കുന്ന മുറിയിൽ ചാടിവീണു. അവിടെ അധികനേരം നില്ക്കാൻസാധിക്കാതെ, ഉടനെ താഴത്തേക്കുതന്നെവന്ന്, ഞങ്ങടെ അരികത്തെത്തി. എന്താണെന്ന് ഞങ്ങൾ ചോദിച്ചപ്പോൾ "അച്ഛൻ കിടക്കയിൽകിടന്ന് അങ്ങോട്ടും ഇങ്ങോട്ടും ഉരുണ്ടുംകൊണ്ടു് "അയ്യോ" "ആവു" എന്ന് നിലവിളിക്കുന്നു. അമ്മയുണ്ട് അച്ഛന്റെ കാലുംപിടിച്ച് തലയുംതാഴ്ത്തി ഇരിക്കുന്നു. കുഞ്ഞിശ്ശങ്കരേട്ടനും ദാസേട്ടനും അങ്ങോട്ടു ചെല്ലു. എന്താണാവോ അച്ഛന്ന്" എന്ന് പറഞ്ഞ് അവൾ കുറേശ്ശ കരവാൻതുടങ്ങി. "കരയണ്ടാ, ഞങ്ങൾ നോക്കിവരട്ടെ" എന്നു അവളെ സമാധാനിപ്പിച്ച് ഞങ്ങളും മുകളിലേക്ക്പോയി. അവിടെ എത്തിയപ്പോഴെക്ക് "കുട്ടികളെ വിളിക്കുക. വെള്ളംകൊടുക്കട്ടെ" എന്ന് ആരൊ വിളിച്ചുപറയുന്നതു കേട്ടു. ഞാൻ ഉടനെ താഴത്തുപോയി നാണിക്കുട്ടിയേയുംകൂട്ടി മുകളിൽവന്നു. അപ്പോഴെക്ക് അമ്മാമൻ കിടക്കുന്ന മുറിയിൽനിന്ന് ആളുകൾ പുറത്തേക്ക് വന്നുതുടങ്ങി. ഞങ്ങൾ മുറിയുടെ അകത്ത് കടന്നപ്പോൾ കണ്ട കാഴ്ച എന്റെ ഉള്ളിൽനിന്ന് ഇപ്പോഴും മാഞ്ഞുപോയിട്ടില്ല. അമ്മാമൻ അനങ്ങാതെ കിടക്കുന്നു. തടിച്ചു വെളുത്ത് ആൎക്കും ബഹുമാനംതോന്നിക്കുന്ന അദ്ദേഹത്തിന്ന് യാതൊരു കോട്ടവും തട്ടീട്ടില്ല. അമ്മായി അമ്മാമന്റെ കാല്പിടിച്ച് തേങ്ങിതേങ്ങിക്കരയുന്നു. അതു കണ്ടപ്പോൾ നാണിക്കുട്ടിയും "അച്ഛാ" എന്നു വിളിച്ചു നിലവിളിക്കുവാൻ തുടങ്ങി. എനിക്കും എന്റെ നെഞ്ഞ് പിടക്കാൻതുടങ്ങി. ആരൊ ഞങ്ങളെ പിടിച്ച് അമ്മാമന്റെ അരികത്തുകൊണ്ടുപോയി നിറുത്തി ഞങ്ങളുടെ കൈകൾകൊണ്ടു് മൂന്നുപ്രാവശ്യം വെള്ളംകൊടുപ്പിച്ചു. കുഞ്ഞിശ്ശങ്കരനും കര

ഞ്ഞുകൊണ്ട് അവൻെറ അമ്മയുടെ അടുക്കെ പോയി നിന്നു. എനിക്ക് ആകപ്പാടെ എന്താ ചെയ്യേണ്ടത് എന്ന് നിശ്ചയമില്ലാതായി. ഉടലാകെ പൊട്ടിത്തരിച്ചു. ഞാൻ വീഴുമോ എന്ന് എനിക്കു ഭയംതോന്നി മെല്ലെ മുറിയുടെ പുറത്തേക്കുപോന്നു. "കുട്ടി ഇങ്ങോട്ടു വരൂ"എന്നു പറഞ്ഞു അവിടെനിന്നിരുന്ന ഒരാൾ എന്നെ പിടിച്ചു താഴത്തേക്കു കൊണ്ടുപോയി. നാണിക്കുട്ടി അപ്പോഴേക്ക് താഴത്തെത്തി ഉറക്കെ കരയാൻതുടങ്ങിയിരിക്കുന്നു. അവിടുന്നും ഇവിടുന്നുമായി ഓരോരുത്തർ നിലവിളിക്കുവാൻ തുടങ്ങി. കുറച്ചുനേരത്തേക്ക് ആ വീട്ടിൽ നിലവിളിയല്ലാതെ യാതൊന്നും കേൾക്കാനില്ലെന്നായി. ഞാൻ മെല്ലെ നാണിക്കുട്ടിയുടെ അടുത്തെത്തി. "ഇനി കരഞ്ഞിട്ടെന്താ കാര്യം—അമ്മാമൻ ഇനി മടങ്ങിവരുമോ?"എന്നു അവളെ സമാധാനിപ്പാൻനോക്കി.

നാണിക്കുട്ടി:—(കരഞ്ഞുംകൊണ്ട്) അച്ഛൻ എങ്ങോട്ടാണ് പോയത്—

ഞാൻ:—അമ്മാമൻ മരിച്ചു—നാണിക്കുട്ടി. നൊമ്മളെയൊക്കെ ആരാണാവോ ഇനി നോക്കാൻ. ഇത്തിരി കഴിഞ്ഞാൽ അമ്മാമൻെറ ദേഹവും കൊണ്ടുപോകും.

നാണിക്കുട്ടി:—(കരച്ചിൽ നിറുത്താതെ) എന്തിനാ ദാസേട്ടാ അച്ഛൻ മരിച്ചത്.

ഞാൻ:—നാമെല്ലാം ഇങ്ങിനെ മരിക്കുംത്രെ. കഷ്ടം! ഈ അമ്മാമന്ന് അത്ര വയസ്സൊന്നും ആയിട്ടില്ല. ഗോപാലമ്മാമൻ മരിക്കുമ്പോൾ എത്ര വയസ്സായിരുന്നു! നമുക്ക് ഭാഗ്യമില്ല.

നാണിക്കുട്ടി:—എന്നാൽ നമുക്ക് അച്ഛനെ കാണാൻ സാധിക്കുകുമോ—(പിന്നേയും കരയുന്നു)

ഞാൻ:—അതെന്തോ—നാണിക്കുട്ടി കരയണ്ടാ—ദൈവം നമ്മെ തുണക്കും—ചെറിയമ്മാമയല്ലെ വരുന്നത്—നമുക്ക് ഉമ്മറത്തേക്ക് പോകുക—

നാണിക്കുട്ടി:—വേണ്ടാ ദാസേട്ടാ. എനിക്ക് തന്നെയിരിക്കാൻ പേടിയാവുന്നു—

ചെറിയമ്മാമ വന്നപ്പോഴെ നേരം ഏകദേശം വൈകുന്നേരമായി. ആളുകളും അവിടെ നിറഞ്ഞു. അമ്മാമൻ പരക്കെ സമ്മതനായിട്ടുള്ള ഒരാളായിരുന്നതിനാൽ, അദ്ദേഹത്തിൻെറ മരണവർത്തമാനം കേട്ടവരെല്ലാം അവിടെ എത്തി, ചെറിയമ്മാമയോട് അന്വേഷണങ്ങൾചെയ്തു തുടങ്ങി. അദ്ദേഹത്തിന്നാണെങ്കിൽ വ്യസനംകൊണ്ട് ഒരക്ഷരം മിണ്ടാനും കഴിയാതായി. അടുത്തുള്ള ചില കാരണവന്മാരെ ശരണംപ്രാപിച്ച് ചെറിയമ്മാമൻ പൂമുഖത്തിൻെറ ഒരു കോണിൽ ഇരിപ്പായി—

മരുമക്കത്തായതറവാട്ടിലെ സമ്പ്രദായപ്രകാരം അമ്മായിയെ "ഇറക്കിയയ"ച്ചതിനുശേഷമെ ശവമെടുക്കുവാൻ പാടുള്ളു എന്നു ചില കാരണവന്മാർ അവിടവിടെനിന്നു പിറുപിറുത്തു തുടങ്ങി. അമ്മാമൻ മരിച്ചാൽ അദ്ദേഹത്തിന്റെ ശേഷക്കാർ കൊടുക്കുന്ന പട്ടുകൊണ്ടു തലമൂടി എല്ലാവരും കണ്ടുനില്ക്കുമ്പോൾ അമ്മായി പടിയിറങ്ങിപ്പോകണമെന്നാണ് ഈ ആചാരം വിധിച്ചിട്ടുള്ളത്. അമ്മായിയെയും മററുള്ളവരേയും ഇതിലധികം ദുഃഖിപ്പിക്കുന്നതായ വേറൊരു കൃത്യം ഇനിയുണ്ടോ എന്നു സംശയമാണ്. ആത്മവല്ലഭന്റെ നാശംകൊണ്ടുള്ള സങ്കടത്തിനുപുറമെ അദ്ദേഹത്തിന്റെ കാലഗതികൊണ്ട് കഷ്ടപ്പെടേണ്ടുന്നതു താനാണെന്നു മററുള്ളവരെ ആ നിമിഷം അറിയിക്കുകയെന്ന കരളലിയിക്കുന്ന കൃത്യവും നടത്തേണ്ടതായിവരുന്നു. മററുള്ളവരെപ്പോലെ മൃതദേഹത്തിന്നു ഒടുവിൽ ചെയ്യേണ്ടുന്ന ഉപചാരങ്ങൾ സ്വന്തം തൃപ്തിക്കായിട്ടെങ്കിലും നിർവഹിക്കാൻ തരമില്ല. അതുവരെ തന്റെ നാഥനുമായി സൈ്വരമായി പാർത്തിരുന്ന സ്ഥലത്തെ ഉടനെ ഉപേക്ഷിക്കയും വേണം. ദുഃഖം വരുമ്പോൾ അതു പങ്കിടുവാൻ ആളുണ്ടാവുന്നതു് അതിലുൾപ്പെട്ട എല്ലാവക്കും അല്പമെങ്കിലും ആശ്വാസത്തിന്നു കാരണമാണ്. ഭർത്താവിന്റെ ദേഹവിയോഗത്തിൽ തന്നെപ്പോലെ അദ്ദേഹത്തിന്റെ സോദരീസോദരന്മാരും പരിതപിക്കാറുണ്ടല്ലൊ. ആ കൂട്ടത്തിൽതന്നെ ഇരിക്കയാണെങ്കിൽ തന്നെപ്പോലെ ദുഃഖിക്കുന്നവരെ കണ്ടിട്ടെങ്കിലും കുറഞ്ഞൊരു സമാധാനമുണ്ടായിയെന്നു വന്നേക്കാം. അതിനൊന്നിന്നും തരമില്ലാതെ "കണ്ണീരും കയ്യു"മായി കഴിയാനുള്ള ഒരു പോക്കാണ് ഇത്. ചിലപ്പോൾ ചെന്നുചേരുന്ന സ്ഥലത്തു് തനിക്കു വന്ന അവസ്ഥാന്തരത്തിൽ സഹതപിക്കുന്നതിന്നുള്ളവരേക്കാൾ സന്തോഷിക്കുന്നവർ അധികമായിയെന്നും വന്നേക്കാം. ഏതായാലും ഈ "ഇറക്കൽ" ഇതുവരെ അനുവദിച്ചുപോന്ന നമ്മുടെ നാട്ടുകാർ സാമാന്യത്തിലധികം മനശ്ശക്തിയുള്ളവരാണെന്നുള്ളതിൽ ലേശം സംശയമില്ല.

അധികം താമസിയാതെ ഭവാനിയമ്മായിയേയും ഇങ്ങിനെ ഇറക്കിപ്പറഞ്ഞയക്കാനുള്ള ശ്രമമായി. അമ്മായി അതിന്നൊരുങ്ങി ഭർത്താവിന്റെ മൃതദേഹം കിടക്കുന്ന മുറിവിട്ട് താഴത്തെ ഒരറയിൽ വന്നിരിപ്പായി. തനിക്ക് ലോകസുഖങ്ങൾ ഇതോടുകൂടി അവസാനിച്ചുവെന്നു് കരുതിയപോലെ കഴുത്തിലും കയ്യിലും ഉണ്ടായിരുന്ന ആഭരണങ്ങൾ അഴിച്ചുവെച്ചു. കഴുത്തിൽ താലികോർത്തു കെട്ടിയിരുന്ന നൂല് വലിച്ചു പൊട്ടിക്കുക തന്നെ ചെയ്തു. അമ്മാമന്റെ മരണവും അത്തരത്തിൽ പെട്ടെന്നാണല്ലൊ ഉണ്ടായതു്. കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും കരഞ്ഞുംകൊണ്ട് അടുത്തുതന്നെ ഉണ്ടായിരുന്നു. ഞാനും അമ്മായിയുടെ അരികത്തു ചെന്നുനിന്നു. എനിക്കും ആ സമയത്ത് കരച്ചിൽ പൊട്ടി. അമ്മായി എന്നെ ഉടനെ പിടിച്ചു്.

അമ്മായി:—ദാസൻ കരയണ്ടാ. ദാസനെ ഇനി ചെറിയമ്മാമൻ നോക്കും—അമ്മായിയെ ദാസൻ മറക്കരുത്—ട്ടൊ—

ഞാൻ;—ഞാൻ എങ്ങിനെയാണ് അമ്മായിയെ മറക്കുന്നത്. ഞാൻ ഇങ്ങോട്ടു വരാൻതന്നെ അമ്മായിയല്ലെ കാരണം? എന്നെ അമ്മായിയെപ്പോലും ആരും നോക്കില്ല. അമ്മായിയെന്തിനാണ് പോകുന്നത്.

അമ്മായി:—(കണ്ണിൽ വെള്ളംനിറച്ച്)—അമ്മായിക്ക് ഇനി ഇവിടെ താമസിക്കാൻ പാടില്ല—

ഞാൻ:—ആരാത് പറഞ്ഞത്—കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും അമ്മായിയുടെക്കൂടെ പോരണൊ.

അമ്മായി:—അതാവോ—ചെറിയമ്മാമ വന്നാൽ അറിയാം.

ഞാൻ:—ചെറിയമ്മാമ വന്നു.

അമ്മായി:—ഉവ്വോ—എന്നാൽ അദ്ദേഹം പറയും.

അപ്പോഴെക്ക് ചെറിയമ്മാമ ഒരു പട്ടുംകൊണ്ടു് ആ മുറിയിൽ പ്രവേശിച്ചു. അമ്മായിയെക്കണ്ട ഉടനെ സങ്കടം സഹിക്കാൻവയ്യാതായി, തലതാഴ്ത്തിക്കൊണ്ടു് "എല്ലാം ഈശ്വരേച്ഛയാണ്—ഞങ്ങളുള്ള കാലം അമ്മായി ബുദ്ധിമുട്ടില്ല—കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും ഇവിടെ നിന്നോട്ടെ—"എന്ന് ഒരുവിധം പറഞ്ഞൊപ്പിച്ച്, പട്ട് കയ്യിൽ കൊടുത്തു—അമ്മായി മറുവടിപറയാൻ വളരെ കഷ്ടപ്പെട്ടു. ഒടുവിൽ "എനിക്ക് അതുമാത്രമെ സമാധാനമുള്ളൂ" എന്ന് പകുതി കരഞ്ഞും പകുതി വാക്കായിട്ടും പറഞ്ഞു—

അമ്മാമൻ മുറിയിൽനിന്ന് പുറത്തുപോയതോടുകൂടി കുഞ്ഞിശ്ശങ്കരനോടും നാണിക്കുട്ടിയോടും "നിങ്ങൾ ദാസനൊന്നിച്ച് നിന്നോളിൻ അമ്മ പോകട്ടെ" എന്ന് അവരെ സമാധാനപ്പെടുത്തി പുറപ്പെട്ടു. നാണിക്കുട്ടി "അമ്മ പോകണ്ടാ" എന്നു പറഞ്ഞു ഉറക്കെ നിലവിളിച്ചു അമ്മായിയുടെ പിന്നാലെ പോകാൻതുടങ്ങി. ഞാൻ പിന്നാലെചെന്ന് അവളുടെ കൈ പിടിച്ചു "നാണിക്കുട്ടി കരയണ്ടാ വരു, എന്നു പറഞ്ഞു് പിടിച്ചുവെങ്കിലും അവൾ അമ്മെ വിട്ടില്ല. ഒടുവിൽ ചെറിയമ്മാമൻവന്ന് അവളെ എടുത്തു" പത്തായപ്പുരയുടെ മുകളിലേക്കു കൊണ്ടുപോയി—

അമ്മായി കുടുകുടെ ഒഴുകിയിരുന്ന കണ്ണുനീരോടുകൂടി, അങ്ങുമിങ്ങും നോക്കാതെ "ഇങ്ങിനിവരാതവണ്ണം" ഇറങ്ങിപ്പോയി—കുട്ടികളായ ഞങ്ങൾക്ക് ആൾ തിങ്ങിനിന്നിരുന്ന അസ്ഥലം അപ്പോൾ വിജനപ്രദേശംപോലെ തോന്നി.

ദേവീദാസൻ.

---

## ഹരിഃ ശ്രീഗണപതയേ നമഃ

---

അങ്ങിനെയാവട്ടെ ഇതിന്റെ തലക്കെട്ട്. എന്തുകൊണ്ടെന്നാൽ, അരുണോദയത്തിലേക്ക് വല്ലതുമൊന്നു എഴുതിക്കിട്ടിയേ കഴിയൂവെന്ന് മാനേജരുണ്ടിതാ നിർബ്ബന്ധിക്കുന്നു. ഈ നിർബ്ബന്ധം തുടങ്ങീട്ടോ, പലമാസമായിതാനും. ഒഴികഴിവുകൊണ്ട് മാറിപ്പോകുവാൻ ഇന്നില്ലാ വഴിയെന്നായിരിക്കുന്നു. എന്നാൽ എന്റെപേരിൽ പേറുവാൻ ഞാനിങ്ങു ഏതൊരുവിഷയത്തെക്കുറിച്ചാണ് കുറിക്കേണ്ടതു്? രാജ്യഭരണകാര്യമായാലോ? ഇന്നത്തെ ചെറുപ്പക്കാർക്കെവർക്കും അതിലാണ് ബഹുരസം. ഇന്നാർക്കാനും ഏതാനുമെങ്കിലും ചൊൽക്കൊള്ളേണമെങ്കിൽ സ്വയംഭരണവിഷയമായി ഗവർമ്മേണ്ടിന്നെതിരേ മുഞ്ഞികറുപ്പിച്ചുനിന്ന് ഉറക്കെയോരോന്ന് കർക്കശമായി വിളിച്ചുപറഞ്ഞുകൊണ്ടിരുന്നാൽ മതി. അപ്പോൾ എത്രപേർ ചുറ്റുംനിന്ന് 'ധീരധീര'നെന്നു പുകഴ്ത്തും! എന്നാൽ, ഈ 'പഴഞ്ചൻ'നായർക്ക് അത്തരം യശോമായയിൽ ഭ്രമമേതുമില്ലാതായിരിക്കുന്നു. സ്വയംഭരണവിഷയമായി ഇപ്പോൾ ഞാൻ വല്ലതും പറഞ്ഞാൽ ഇന്നത്തെ 'പ്രക്ഷോഭകന്മാർക്കു അതൊട്ടും രുചിക്കാറില്ല. ആത്മബലത്താലല്ലാതെ പരാധീനതയിൽനിന്നു മോചനമുണ്ടാകുന്നതല്ലാ എന്നായിരിക്കും ഞാൻ പറയുക. ആത്മബലത്തെയല്ലാ പരദ്വേഷത്തെയാണ് ഇപ്പോഴത്തെ പരിഷ്കൃത്താക്കന്മാർ പുരസ്കരിച്ചുചെയ്യുന്നതു്. തന്നെത്താൻ നന്നാക്കുക. അതിന്നു പണിയേറെയുണ്ടു്; അന്യനെ ദൂഷിക്കുക. അതിന്നു കുറേ വാക്കുകൾമാത്രം മതിയല്ലോ. പരവശരെ നോക്കി, ധർമ്മോചിതമായ സ്വകീയപ്രയത്നംകൊണ്ടു് ആത്മവശഗരാകുവിൻ എന്ന് ആരാനും അനുരാഗത്തോടെ ഉപദേശിച്ചാൽ അവർക്കുണ്ടാകുന്നില്ലാ അതിൽ അഭിരുചി. ആ പരവശരെ നോക്കി അവരുടെ പാരവശ്യത്തിന്നു അന്യരെ ഹേതുവാക്കി കുറേ വ്യഥാഭ്രഷണം ചെയ്താൽ എന്തും രസമാണതു കേൾപ്പാൻ! അങ്ങിനെയായിരിക്കുന്നു നമ്മുടെ നാട്ടുകാരുടെ, വിശേഷിച്ചു ചെറുപ്പക്കാരുടെ മനോഗതി. ഇക്കൂട്ടത്തിൽ ഈയുള്ള ആത്മബലചിന്തകന്മാർക്ക് എന്തുണ്ടു നില. "നബ്രൂയാൽ സത്യമപ്രിയം" എന്നല്ലേ സനാതനധർമ്മം. അതുകൊണ്ടു്, രാജ്യകാര്യവിഷയമായി എന്റെ മതം പ്രകാശിപ്പിച്ചു് ഈ പ്രക്ഷോഭകന്മാർക്കിടയിൽ ഞാനെന്തിന്ന് അപ്രിയം വളർത്തുന്നു!

* * * *

എന്നാൽ സാഹിത്യമായാലോ വിഷയം? അതിന്റെ കിടപ്പിപ്പോൾ രാജ്യകാര്യത്തെക്കാളധികം കുണ്ടാമണ്ടിയായിട്ടാണ്. ഇത്ര അരാജകത്വം മലയാളസാഹിത്യത്തിലെന്നപോലെ ലോകത്തിൽ മറ്റൊന്നിലുമില്ല. ഈ സാഹിത്യക്ഷേത്രത്തിൽ—എന്റെ ശിവനേ—ഇത്രവളരെയായല്ലോ കളകൾ! മലയാണ്മയിൽ പണ്ടേതന്നെ പദ്യകൃതികൾക്കാണല്ലോ പ്രാധാന്യം. ധർമ്മവിഹിതമായി മനുഷ്യഹൃദയത്തെ വികാ

സിപ്പിക്കയാണ് സാഹിത്യത്തിൻെറ പ്രയോജനം. അതു ഗദ്യംകൊണ്ടുമാവാം, പദ്യംകൊണ്ടുമാവാം. ചിത്തത്തേ ഗുരുചെന്നു ശാസിക്കുമ്പോൾ കവിചെന്നു് താലോലിക്കുന്നു. കവി ഒരേ വാക്കുകൊണ്ടു പണ്ഡിതനേയും പാമരനേയും രസിപ്പിക്കുന്നു. ആ കവിവാക്യത്തിൽ പണ്ഡിതന്റേയും പാമരൻേറയും ദർശനം രണ്ടുവിധത്തിലായാലും അനുഭവം ഒരേവിധത്തിലാണ്. അങ്ങിനെ, പണ്ടുള്ളവർ മലയാളത്തെ ആകമാനം പദ്യകൃതികൾകൊണ്ടു രസിപ്പിച്ചുവന്നിരുന്നു. ആ രസത്തിൽക്കൂടി സമസൃഷ്ടിസ്നേഹമെന്ന ഈശ്വരഭക്തിയും, സുഖജീവിതമെന്ന ധർമ്മനിഷ്ഠയും സുവ്യക്തം പ്രകാശിക്കയും ചെയ്തിരുന്നു. അന്ന് ഗദ്യകൃതികൾ സുദുർല്ലഭമായിരുന്നാലും, സുലഭമായിരുന്ന പദ്യകൃതികൾ കേരളീയർക്കുള്ള മനോദാഹത്തെ വേണ്ടുന്നത്ര ശമിപ്പിക്കുവാൻ പര്യാപ്തമായി. ഇന്നും ഗദ്യകൃതികളെക്കാൾ പദ്യകൃതികൾക്കാണല്ലോ സൗലഭ്യം കാണുന്നതു്. എന്നാൽ ആ പദ്യകൃതികളിൽ അധികവും ആർക്കായി രചിക്കുന്നവയാണെന്ന് ഈയുള്ളവർക്കു അറിഞ്ഞുകൂടാ. വലിയ വലിയ ആത്മചിന്തകന്മാരായിട്ടാണ് ഇന്നത്തേ 'യുവകവി'കളുടെ പുറപ്പാട്. പ്രകൃതിരഹസ്യം, ആത്മവിചാരം ധർമ്മദർശനം, എന്നിതെല്ലാം അവർ പുല്ലുപോലെ വാരിവിതറുന്നു. എന്നാൽ, അവരുടെ കൃതികളിലാവട്ടേ ഈയുള്ള പാമരന്മാർക്ക് ഒരെത്തുംപിടിയും കിട്ടുന്നതേയില്ല. പണ്ഡിതന്മാരോട് ചോദിക്കുമ്പോഴോ അവരുമങ്ങിനെ മിഴിച്ചുനില്ക്കുന്നു! പൂർവ്വീകപദ്യകൃതികൾ അടുക്കളമുതൽ പൂരപ്പറമ്പുവരേ സർവ്വരും പാടിക്കൊണ്ടിരുന്നു. സന്ധ്യാകാലങ്ങളിലും, ഉത്സവകാലങ്ങളിലും, ചെറുപ്പക്കാരുടെ കൂട്ടത്തിലും പണ്ഡിതന്മാരുടെ പരിഷത്തിലും ആ കൃതികൾ മുഴങ്ങിക്കൊണ്ടിരുന്നു. അവർക്കു ഭക്തിവർദ്ധകമാണവ. അവർക്ക് ആലോചനാമൃതമാണവ. അവ അവരേ സ്വധർമ്മത്തിൽ തൽപരരാക്കി, ഭാഷയിൽ സുപരിചിതരാക്കുകയും ചെയ്തു. പൂർവീകമഹാപുരുഷന്മാരെ സദാ സ്മരിച്ചുകൊണ്ട് വിശിഷ്ടകർമ്മങ്ങളിലേക്ക് അവരേ ആ കൃതികൾ പ്രേരിപ്പിക്കയും ചെയ്തുവന്നു. ആമട്ടിലൊന്നുമല്ലാ ഇന്നത്തേ കൃതികൾ. ഇന്ന് നമ്മുടെ പല പദ്യകാരന്മാരും മനസ്സിലേക്കല്ലാ കടലാസ്സിലേക്കാണ് കൃതികൾ ചമച്ചുകാണുന്നതു്. അവയ്ക്കു് തൽകർത്താക്കന്മാരുടെ പരസ്പരാഭിനന്ദനക്കമ്മിററിയിലും, പിന്നേ, സ്കൂൾ പുസ്തകങ്ങളിലും പ്രചാരമുണ്ടാകുന്നുണ്ടാവാം. അത്രയുമല്ലാതെ, ആ ഗാനങ്ങളെ ഏററുപാടുന്നവരായി നാട്ടിന്പുറങ്ങളിലെന്നല്ലാ, നഗരങ്ങളിലുമില്ലാ ആരുമെങ്ങും. എന്തുകൊണ്ട്? അങ്ങിനെയായിരുന്നുവോ മുമ്പ്? അന്നത്തേ കൃതികൾ അവരവരുടെ ചിത്തവികാസംപോലെ പണ്ഡിതനുമാവാം, പാമരനുമാവാം ഗ്രഹിക്കയും രസിക്കയും. അവ മനുഷ്യഹൃദയത്തിൽ കടന്നാൽ ഉടൻ ദഹിച്ച് ജീവിതത്തിൽ ലയിച്ച് സംപോഷകമായിത്തീരുന്ന വിശുദ്ധരസങ്ങളാണ്. ഇന്നത്തേ കൃതികളിലധികവും വെറും പളുങ്കുകല്ലുപോലെയാണിരിക്കുന്നതു; കുറെ

യേറെ വെള്ളാറൻ കല്ലുകളും അവ അകത്തുകടന്നാൽ ദഹിക്കാതെ കിടന്ന് അജീർണ്ണം പിടിപ്പിക്കുന്നു. ഈ വെണ്മിനുസക്കല്ലുകൾ ദർശനത്തിന്നും സ്പർശനത്തിന്നും സുഖംതന്നെ. ഉൾക്കൊള്ളാനേ കൊള്ളാവതല്ലായ്കയുള്ളു. ഇതിലധികമെന്തുവേണം വിലകേട്? വേണ്ടാത്തതെല്ലാം വാരിച്ചെലുത്തിക്കൊണ്ടിരിക്കയാൽ ഉള്ളു കെട്ട് എന്തിന്നുമെപ്പൊഴും കൊതിമുഴുത്തുകൊണ്ടിരിക്കുന്ന ചിലർ, ഈ അജീർണ്ണപദാർത്ഥങ്ങൾ അകത്താക്കുന്നുണ്ടെങ്കിൽ അവരുടെ ജീവിതം അതിർകടന്ന് ദൂഷിക്കയാണ് ചെയ്യുന്നത്. മലയാളസാഹിത്യം ഈ നിലയിലായിരിക്കവേ, അതിനെക്കുറിച്ച് ഞാനിന്നു വല്ലതുമൊട്ട് വിമർശിച്ചുപോയാൽ നവീനപ്രസ്ഥാനഭ്രുതം എൻേറനേരെ ചന്ദ്രഹാസം ചുഴററാതിരിക്കുമോ! ഭാഷത്തറവാട്ടിൽ നിന്ന് അർദ്ധചന്ദ്രപ്രയോഗത്തോടെ എന്നേ പടികടത്തിക്കൊണ്ട് മീററിംഗെത്ര, റസലൂഷനെത്ര, കൂട്ടംകൂട്ടമായി ഉണ്ടായേക്കും! അതുകൊണ്ട് "ഞാനൊന്നും പറഞ്ഞില്ലേ നാരായണാ" എന്ന് ഞാനിങ്ങു മാറിയേക്കാം. എന്നാലും, ഒരു വാക്ക്! പൂർവ്വികന്മാരേ വിസ്മരിക്കൊല്ലേ! മൂലം മറക്കൊല്ലേ! അങ്ങിനെചെയ്താൽ ഒക്കെ നശിച്ചു! തുഞ്ചൻ, കുഞ്ചൻ, ഉണ്ണായി, ചെറുശ്ശേരി മുതലായ ഗുരുവരന്മാരെ ഇപ്പോഴിങ്ങിനെ തള്ളിത്തള്ളിയകററുന്നത് എന്തൊരു ദുഷ്കാലത്തിന്നാണ്! ആ മഹാശയന്മാരാലല്ലേ ഈ നവീനപ്രസ്ഥാനന്മാരും സംജാതരായത്? ആ ദേശികന്മാരെ കൂടാതെ ഭാഷയ്ക്കുണ്ടോ പേര്. വേരിൽ സ്വാദുതോന്നുന്നില്ലെന്നു വെച്ച് അവയേ മുറിക്കൊല്ലേ! നനയ്ക്കൂ; നനയ്ക്കൂ എപ്പോഴും. എന്നാലേ ഫലത്തേ നോക്കേണ്ടു. പൂർവ്വസ്മരണയില്ലാതെയായാൽ—അന്നന്നത്തേ ചേഷ്ടകളെമാത്രം കാര്യമാക്കിക്കൊണ്ടിരുന്നാൽ പുരോഗതിക്ക് വകയും വഴിയുമില്ലാതെ പോകും. ഇപ്പോഴാവട്ടെ, പൂർവ്വികന്മാൎക്കും ആധുനികന്മാൎക്കും മദ്ധ്യേ കറുകറുത്ത കട്ടംതിരശ്ശീലയാണ് വീണുകൊണ്ടിരിക്കുന്നത്. പൂർവകൃതികളേ ആലോചനാവിഷയമാക്കുക ഇന്നത്തേ ഭാഷാപ്രവർത്തകന്മാരിൽ സുദുർല്ലഭമായിട്ടേ കാണുന്നുള്ളു. പള്ളിക്കൂടക്കാരും ആ കൃതികളേ പഴഞ്ചരക്കായി തള്ളിനീക്കുന്നു. നവീനപ്രസ്ഥാനത്തിൻെറ കലമ്പൽകൊണ്ട് പൂർവ്വകൃതികൾ പരിഷ്കാരത്തിന്നു പററാത്തവയെന്നുതോന്നി ജനങ്ങളും അവയിൽ കണ്ണും കരളും അത്ര ചെലുത്താതായിത്തുടങ്ങിയിരിക്കുന്നു. പൂരപ്പറമ്പിലെ അക്ഷരശ്ലോകം ചൊല്ലൽ ഇപ്പോൾ അപരിഷ്കൃതമായി; സന്ധ്യാകാലങ്ങളിൽ ബാലികാബാലന്മാരുടെ സ്തോത്രഗാനങ്ങളും അപരിഷ്കൃതമായി. നോവൽ മിസ്സുകളുടെ മുമ്പിൽ രാമായണാദികൃതികൾ അന്തൎജ്ജനങ്ങളായി. ഇളംകോവടികൾ മുതൽ ബാലകൃഷ്ണപ്പണിക്കർ വരെയുള്ള പൂർവികകവികളേവരും നമ്മുടെ പാഠശാലകൾക്ക് ദർശനയോഗ്യന്മാർപോലുമല്ലാതായിത്തുടങ്ങിയിരിക്കുന്നു. ഇത്രയുമരുതേ അഹമ്മതി! ഇത്രയുമരുതേ മുൻപിൻ കാ

ണാസ്സ്. ഇതിങ്ങ ഇതിലധികം വളത്തൊല്ലേ! അതൊന്നേ ഇതിൽ ഇപ്പോഴെനിക്ക് പറവാനുള്ളൂ. അഥവാ, പറയാവതുള്ളൂ.

*　　*　　*　　*

അങ്ങിനെ രാജ്യകാൎയ്യവും വയ്യാ, സാഹിത്യവും വയ്യാ എന്നായി. എന്നാലിങ്ങ സമുദായകാൎയ്യം എടുത്താലോ! അയ്യോ അത് ഒട്ടും വയ്യാ! എന്നാലിവിടേ നാടെങ്ങും ഒരു 'ജനാൎദ്ദനദഹനം'—ഒളിയല്ലാ—ഒലികൊള്ളുന്നതു കാണാം. അതേ! ആ ഒലി കടലാസ്സിലായതുകൊണ്ടു കേൾക്കയല്ലാ കാണുകയാണുണ്ടാകുക. എന്റെ കേരളീയഭ്രാതാക്കളേ ഞാനെന്തിന്നു അത്രയും മെനക്കെടുത്തുന്നു! രാജ്യകാൎയ്യത്തേയും സമുദായകാൎയ്യത്തെയും ഞാൻ ഭിന്നമായിട്ടല്ലാ കാണുന്നതു്. ധൎമ്മാൎത്ഥകാമങ്ങൾ ഒന്നിനൊന്നു ഭിന്നമായാൽ മനുഷ്യജീവിതം വിപത്തിലേ വീഴൂ. ധൎമ്മത്തിലാണ് സമുദായകാൎയ്യം. രാജ്യകാൎയ്യം മുഴുവൻ അൎത്ഥത്തിൽ കിടക്കുന്നു. സുഖജീവിതം തന്നെ കാമതത്വം. ധൎമ്മംകൊണ്ടു അൎത്ഥം നേടുമ്പോൾ കാമം സമ്പൂൎണ്ണമായി എന്നതാണ് ജീവിതരഹസ്യം. ഈരഹസ്യം നമ്മുടെ മഹൎഷികൾ പണ്ടുപണ്ടേ ദൎശിച്ചു, അതിന്നൊത്തപോലെ മനുഷ്യസമുദായത്തേ സുഘടിതമാക്കി. അതിനെയാണ് ഇന്നത്തേ സമുദായപരിഷ്കാരികൾ അടിച്ചുതകൎത്തുകൊണ്ടിരിക്കുന്നതു്. ധൎമ്മം, അൎത്ഥം, കാമം എന്നതു്, കാമം, അൎത്ഥം, ധൎമ്മം എന്ന് തലകീഴായിമറിയുന്നു. അവരവൎക്കുതോന്നുംപോലേ എന്തുംകാണിക്കാമെന്നായാൽ അതാണത്രേ പുരുഷാൎത്ഥസിദ്ധി. ഈ കാമചാരിത്വത്തിന്നു വേണ്ടിമാത്രം അൎത്ഥപ്രാപ്തിക്കായി ശ്രമിക്കുന്നു. അതിന്നപ്പുറമൊന്നും ആൎക്കും ചിന്തയില്ല. ധൎമ്മം മിക്കവാറും ലുപ്തമായിത്തന്നെകഴിഞ്ഞു. കടലിന്നപ്പുറത്തുനിന്ന് ബലാൽ അടിച്ചുകയറിവന്ന മതശബ്ദത്താൽ ധൎമ്മവീണാഗാനം ആൎക്കുമിങ്ങുകേൾക്കായിവരുന്നില്ല. ധൎമ്മവും മതവും ഒന്നാണെന്നേ ഇവർ കാണുന്നുള്ളൂ. ആ കാഴ്ചയോടുകൂടിയാണ് സമുദായത്തിലേക്കിറങ്ങുന്നതു്. ധൎമ്മബദ്ധമായ സമുദായത്തിൽ കാമചാരിത്വം കൊള്ളുന്നില്ലെന്നറിയുമ്പോൾ, ഇവർ ധ്വംസനപരായണന്മാരായി കുതിച്ചുചാടുന്നു. ധൎമ്മവൃക്ഷത്തിന്റെ ഒരു ചില്ല മാത്രമാണ് മതം. ആ ചില്ലമാത്രം മതിയെന്നും മററു ശാഖോപശാഖകളും തടിയും ദുൎഭരമായ ഉപദ്രവമാണെന്നും വിചാരിച്ചു അവയേയെല്ലാം നശിപ്പിക്കുന്നവരാണ് ഇന്നത്തെ സമുദായപരിഷ്കൎത്താക്കന്മാർ. അവരുടെ ഈ ആത്മധ്വംസക്രിയകണ്ടു് ഈയുള്ള പാവങ്ങൾ പേടിച്ചുകൊണ്ടാണിങ്ങ കഴിയുന്നതു്. ധൎമ്മാൎത്ഥകാമങ്ങളേ പൂൎവികന്മാർ എങ്ങിനെയാണ് നടത്തിക്കൊണ്ടിരുന്നതെന്നു അപ്പോഴുണ്ടായ ശ്രേയസ്സ് എത്രയെന്നുമുള്ള കാൎയ്യം വെറും കെട്ടുകഥയാണുപോൽ! കാമചാരിത്വംകൊണ്ടു എങ്ങിനെ അൎത്ഥസിദ്ധിയുണ്ടാകുമെന്നും, ധൎമ്മംകൊണ്ടല്ലാതെ, അൎത്ഥത്തിലുൾപ്പെട്ട ദണ്ഡംകൊണ്ടു് ജനസ

മുദായത്തെ സുഘടിതമാക്കുവാൻ എങ്ങിനെ കഴിയുമെന്നും ചോദിച്ചാൽ അതിന്നുമറുപടി ഞങ്ങളിങ്ങനെ!. ആദ്യം ഇതിഹാസങ്ങളും, പിന്നെ പുരാണങ്ങളും, അതിന്നുശേഷം ശാസ്ത്രങ്ങളും, അനന്തരം വേദവും വഴിക്കുവഴി ഹൃദിസ്ഥമാക്കിയ നിശിതവ്രതന്മാരായ ഋഷികൾക്കേ ലോകമെന്തെന്ന് അറിവാൻ കഴികയുള്ളൂ. വേദശാസ്ത്രപുരാണങ്ങളിൽ അലങ്കാരരൂപേണ നിറഞ്ഞുകിടക്കുന്നതു മുഴുവൻ ലോകരഹസ്യങ്ങളാണ്. ആ ലോകരഹസ്യത്തെത്തന്നെയാണ് ഋഷികൾ ധർമ്മരൂപേണ പരിവ്യാപ്തമാക്കിയതു്. അതിനെക്കുറിച്ച് ചിന്തിക്കുവാൻ ഇന്നത്തേ ഹൃദയത്തിന്നു ആഴംപോരെന്നായിരിക്കുന്നു. ഏകത്വത്തിൻേറ ആ നാനാത്വസൌന്ദര്യ്യം കാണുവാൻ ഇന്നത്തേ നേത്രത്തിന്നു ശക്തിയില്ലെന്നായിരിക്കുന്നു. വെറും ഭാഷയ്ക്കല്ലാതെ സംസ്കാരത്തിന്നു ഇന്നില്ലാ വില. അസത്തിലാണ് സത്തുപോൽ! പരധർമ്മത്തിലാണ് സ്വധർമ്മംപോൽ! വിഘടനയിലാണ് ഘടനപോൽ! കാമചാരിത്വത്തിലാണ് ഐക്യം (കൈവല്യം) പോൽ! എത്ര വലിയ തലകീഴ്മറിച്ചിലാണ് ഭാരതഭൂമിക്കുണ്ടായിരിക്കുന്നതു്. ഈ നിലയിൽ ഈ രാജ്യത്തിന്ന് എങ്ങിനെയുണ്ടാകും സ്വാതന്ത്ര്യം! പാശ്ചാത്യരാജ്യങ്ങൾക്കു പൂർവ്വികാർജ്ജിതമായി യാതൊന്നുമില്ലെന്ന് നാം ഓക്കേണ്ടതാണ്. ഏതാണ്ടു രണ്ടായിരം കൊല്ലത്തിന്നിപ്പുറമായി അവർ ഓരോന്നോരോന്ന് നേടിനേടി വരികയാണ്. ഭാരതത്തിൻേറ നേട്ടം വേദത്തോടുകൂടി സമ്പൂർണ്ണമായിട്ടുണ്ട്. വിത്തവാൻെറ പുത്രൻ ദരിദ്രൻെറ പുത്രനെ അനുകരിക്കയെന്നോ! അതു പരിഷ്കാരമെന്നോ! ആ ദരിദ്രൻ പലരോടും ഇരന്നും പലതും പണിതും കയറിയേക്കും. ഈ വിത്തവാനോ രണ്ടുംകെട്ടു തുലയുകയല്ലേ ചെയ്യൂ. അഥവാ, അവന്നു ആ ദരിദ്രൻെറ ദാസനായി ആ ജന്മം വാഴേണ്ടിവരും. അങ്ങിനെയുള്ള ദുരവസ്ഥയിലേക്കു വേണമോ ഭാരതത്തേ തള്ളിവിടുക! അതിലാണോ സ്വയംഭരണം! ഭാരതീയ ജനസമുദായ ഘടനയിൽനിന്നാണല്ലോ സ്വയംഭരണാധികാരം സിദ്ധമാവേണ്ടതു്. അപ്പോൾ സമുദായകാര്യ്യത്തെയും രാജ്യകാര്യ്യത്തെയും ഒന്നായിത്തന്നെ നോക്കേണമെന്നുവരുന്നു. രാജ്യകാര്യ്യത്തെപ്പററി എനിക്കു ഒന്നുമേതുമിങ്ങുമിണ്ടാവതല്ലെന്നു ഞാൻ മുമ്പേ പറഞ്ഞുവല്ലോ. അതോടുകൂടി സമുദായകാര്യ്യവും അതാ അങ്ങുപോയി!

* * * *

ഇനി എന്തുവിഷയത്തെക്കുറിച്ചാണ് എഴുതേണ്ടതു്! പ്രേമവിചാരമാണെന്നു പറഞ്ഞുകൊണ്ടു കാമദർശനം ചെയ്യട്ടെയോ? പുരാണപുരുഷന്മാരേപിടിച്ചു പുത്തൻവേഷംകെട്ടിച്ചു തലകീഴായിപിടിക്കയോ? മുക്കുവൻപിടിച്ചമീനിനേയോ, കായപറിച്ചവെണ്ടയേയോ അടിച്ചുകൊന്ന കൊതുമാതിനേയോ പാടത്ത് ചേറിലിറങ്ങിയ പുലയനേയോ നോക്കി

ഞാനൊന്നു കരുണകരുണമായി വിലപിക്കട്ടെയോ; എന്നാൽ, അങ്ങിനെയൊന്നിലും, എന്തോ, എന്റെ മനസ്സു ചെല്ലുന്നില്ല. ഒന്നലും തൊടാതെ വല്ലതുമൊന്ന് തർജ്ജമ ചെയ്തുകളഞ്ഞേക്കാമെന്നുവെച്ചാൽ, സൈമൻകമ്മീഷൻ, സർവകക്ഷിവിചാരം, ഉള്ളൂരും വള്ളത്തോളും, രാഷ്ട്രീയകവനം, പരസ്പരവിവാഹം, ക്ഷേത്രപ്രവേശനം മുതലായ ബഹുബഹു വിഷയങ്ങൾ മേഘനിർഘോഷംപോലും ഈ നാട്ടിൽ കേൾക്കാവതല്ലാതാക്കി നാടെങ്ങും മുഴക്കവേ എന്റെ ശ്രമമുണ്ടോ ആക്കാനും ശ്രദ്ധാർഹമാകുന്നു. എന്താണിനി വേണ്ടതു? ഞാനൊന്നാലോചിച്ചു നോക്കട്ടെ. അതുവരെ എന്റെ സുഹൃത്തു് ക്ഷമിക്കണം.

കന്നത്തു്, ജനാർദ്ദനമേനോൻ.

---

# രാജയോഗിനി.

## തൃതീയഖണ്ഡം.

(പാന)

"ഹാരമൊന്നപഹാരമായീയിടെ
ഭൂരമണമഹിഷിക്കു കിട്ടിപോൽ
ആരതേകിയതെന്നറിഞ്ഞീടുവാൻ
ചാരന്മാർനെട്ടനീളെയോടുന്നുപോൽ."
"വൈരമാണു മുച്ചൂടു,മതിൻപ്രഭാ
പൂരമാദിത്യകോടിയോടൊക്കുംപോൽ
ഭാരതാധിപഭണ്ഡാരമാരാനും
ചോരണംചെയ്തതായിരിക്കേണംപോൽ."
"താനറിഞ്ഞിട്ടില്ലെന്നോ വിശേഷ മാ
സ്ഥാനമണ്ഡപത്തിങ്കലുണ്ടായതും?
ഞാനതിപ്പൊഴേ കേട്ടുള്ളു കഷ്ടമേ
മാനക്കേടായരചനും നാട്ടിനും."
"ആ മനോഹരഹാരം മുഗിളർകോ
നാ മരചൻറതാണുപോൽ ദൈവമേ!
ശ്രീമതിയായ തമ്പുരാട്ടിക്കതൊ
ക്ഷ്മാമണാളനാണത്രെ കൊടുത്തതും"
എന്തസംബന്ധമെന്തൊരസാംഗത്യ
മെന്തധിക്ഷേപമാണീപ്രലപനം!
ഹന്ത! ഹൈന്ദവദൃഗ്ഗ്മൾപ്പൂകുവാൻ
ചിന്തചെയ്യുമോ മ്ലേച്ഛൻ കിനാവിലും?

വന്നിരുന്നപോലാഗ്രാനഗരിയിൽ
നിന്നിരുവരൊരുദിനം സന്ധ്യയിൽ
ഇന്ദിരാരമണന്നുപഹാരമായ്
നന്ദിയോടവർ നല്കിയീമാലപോൽ.

2. കാൎയ്യകാരണബന്ധമോരാതെയും
കാൎയ്യഗൌരവമാലോചിയാതെയും
ആൎയ്യശീലരിൽ ദൂഷണാരോപണം
ക്രൌൎയ്യമാണെന്നറിയുന്നീലാളുകൾ.
ശ്രീമാന്മാരിൽ പഴിചുമത്തീടുവാൻ–
അൎമ്മാദയ്ക്കും പുഴുക്കുത്തുകാണുവാൻ
നാ മാശിക്കുന്നു—ലോകാന്തരംഗമേ!
സീമാതീതമേ ഹന്ത! നിൻകൌടില്യം.

3. ഭൂവരേന്ദ്രനും ഭാവംപകൎന്നുപോയ്,
സ്വാവരോധത്തെത്തീണ്ടിയോ മ്ലേച്ഛന്മാർ
ഹാ വരാഹ്വയാം മീരതൻചാരിത്ര
ശ്രീവരാകൻ യവനൻ ഹനിച്ചിതോ!
ത്വദിട്ടാളും മണിമാല്യം യവനസ–
മ്രാട്ടാമാക്ബർക്കതീൎത്താണീയ്യിടെ.
കൊട്ടാരത്തിലെത്തട്ടാനിൽനിന്നതിൻ
പട്ടാങ്ങംവെളിപ്പെട്ടു വിതൎക്കമായ്.

4. ആളനേകംനിറഞ്ഞ സദസ്സിലേ
ക്കാളയച്ചുവരുത്തി മഹിഷിയെ
കാളസൎപ്പോഗ്രഭാവൻ നരാധിപൻ
കാളകൂടം വമിച്ചു വചോമയം.
“ശംസനീയമാമെൻ കുലവൈഭവം
ധ്വംസനംചെയ്ത പാംസുലേ! ദുൎഭഗേ!
കംസവൈരിഭജനം വിടജന
സംസൎഗ്ഗത്തിനോ ദുഷ്ടേ! വരിച്ചു നീ?
വാതിൽബന്ധിച്ചുപൂട്ടി നമ്മോകതിക
ളോതിടുന്നതെനിക്കു പലപ്പൊഴും
കാതിലേല്ക്കായ്കയല്ല—പക്ഷേയതി
ജ്ജാതിയാണെന്നറിഞ്ഞിരുന്നില്ല ഞാൻ.
“സൈ്വരിണി! കൃപണാത്മികയായ നിൻ
പേരിനി ശ്രവിച്ചീടരുതിദ്ദിക്കിൽ.
നീരിലും നിഴലിങ്കലും നീയുമായ്

നേരിട്ടീടരുതാരുമെൻ നാട്ടുകാർ.
ആരവിടെ ? ത്വരിതമിഭ്രഷ്ടയെ-
ജ്ജാരസംസർഗ്ഗപാപനികൃഷ്ടയെ
നേരംനാളെപ്പുലരുന്നതിൻ മുമ്പെ”—
ഭൂരമണൻ നിവൃത്തിയിടച്ചയാൽ.

5. നോക്കിനില്പായമാത്യർ നിശ്ചേഷ്ടരായ്
വാക്കിടറിക്കുഴങ്ങും നരേന്ദ്രനെ
പാഴ്ക്കിനാവൊന്നു കാണ്മതായ്ത്തോന്നിയാ
ലാക്കിൽ രാജ്ഞിയാൾക്കെന്തോവിധിമതം!
ഉച്ചണ്ഡാദേശപാരവശ്യത്തിനാ
ലുച്ചരിക്കുവാൻ ശക്തനല്ലായ്കയാൽ
അച്ചപലനൃപാലകൻതൻമനോ
നിശ്ചയം കടലാസ്സിൽകുറിക്കയായ്.
“മാമകകുലാംഗാരമായ്ത്തീർന്നൊരീ
ധൂമകേതുവെ—മീരാഭിധാനയെ
നാമശേഷയാക്കേണം പുലരുംമു-”
മ്പീമട്ടാജ്ഞയായ്ത്തൃക്കൈക്കുറിപ്പിനാൽ.

6. നീട്ടുവാങ്ങുവാനാരുമവിടെയ്ക്കെ
നീട്ടുന്നില്ലെന്നുകാണ്കയാൽ മന്നവൻ
ചാട്ടവാർകൊണ്ടടികൊണ്ടപോലെ മു-
മ്പോട്ടുചാടിക്കയർക്കയായിങ്ങിനെ:—
“ധിക്കാരത്തിന്നൊരററമില്ലാതെയായ്
സർക്കാർജീവനക്കാർക്കുമെന്നായിതോ
മുഷ്ക്കാളുന്ന കൃതഘ്നഘാതകരെ
നിഷ്കാസിച്ചേ നമുക്കു ചിതംവരൂ.
മാററിത്തംമുഴുത്തോരീക്കൃപണരെ
മാററിനിർത്താനില്ലാർക്കും ചുണയെന്നോ ?
ഏററിടട്ടെ കഴുവിൻപുറത്തുണ്ണം
ചോററിൽകല്ലിട്ട കള്ളപ്പരിഷയെ.”

7. ഏറുംകോപംകലർന്നു നൃപാലകൻ
ചീറുംപാമ്പിൻകണക്കിൽ കയർക്കവേ
ക്രൂരവായ്ക്കും സചിവാഗ്രിമൻ കരം
നീറുമ്മാറേവമോതീ സഗദ്ഗദം:—
“അററകുററം വരാതെകണ്ടായുസ്സി
ന്നററത്തോളമെൻ തമ്പുരാക്കന്മാരെ
ഉററക്കൂറോടുസേവിപ്പതിന്നു പാ

ഴററതാമെൻ തലയിലെഴുതീലാ.
കാര്യസാരജ്ഞ, സാധ്വീലലാമ, മെ
ന്നാര്യയാം ദേവി—യയ്യോ ശിവശിവ!
ഭാര്യമാൎക്കൊരു മാതൃക—ഭൎത്താവിൻ
ക്രൌര്യമേല്ക്കുമാറായതെന്തക്രമം!
അൻപുവേറിട്ടു വാഗ്വിഷാതേച്ചു ക്രൂ
രമ്പുകളവിവേകിയായ്ത്തമ്പുരാൻ
തമ്പുരാപുണ്യസമ്പദ്വിപാകമാം
തമ്പുരാട്ടിയിലയ്യോ! തൊട്ടതീലേ!
തൊട്ടതൊക്കയും തങ്കമാക്കും കനൽ
ക്കട്ടയായൊരെൻതമ്പുരാട്ടിക്കുമേ
കെട്ടവൃത്തിയാരോപിക്കുവാൻ മിന
ക്കെട്ടനാവുകൾ പാഴിലായ്പോകണേ"

8. ഏവമോതിയാമന്ത്രി, വയോധികൻ
പാവം! കണ്ണീർപൊഴിയുംമിഴിയുമായ്
സാവധാനംപുറപ്പെട്ടു—രാജാവിൻ
സേവകന്മാരിതരരും പിന്മാറീ.
പോയാരേവരുമസ്സഭാവേദിയിൽ
ജായാവല്ലഭന്മാരവർമാത്രമായ്
ആയാസപ്പെട്ടു ഗൽഗദവാണിയായ്
പ്രേയാനോടരുൾചെയ്താൾ പതിവ്രത:—
"ഭൎത്താവേ! മമ നിഗ്രഹാനുഗ്രഹ
കൎത്താവായോരവിടുന്നു കല്പിക്കിൽ
നിൎവ്വാക്ഷിണ്യമിജ്ജീവൻവെടിഞ്ഞേക്കാ
മിൎവ്വാസിക്കില്ലതിങ്കൽ പരിഭവം.
ലോകസാക്ഷിയായെങ്ങും വിളങ്ങിടും
ശ്രീകണ്ഠവൻ തിരുവടിതന്നാണെ
ഏക—നങ്ങുന്നൊഴിഞ്ഞൊരു മൎത്ത്യനെ
സ്വീകരിക്കയല്ലോൎത്തിട്ടുമില്ല ഞാൻ.
ഞാനകക്കാമ്പിലോൎത്തസൎവ്വത്തിനും
ഞാനനുഷ്ഠിച്ച സൎവ്വകാര്യത്തിനും
ഞാനരുളിയ സൎവ്വവാക്യത്തിനും
ജ്ഞാനരൂപൻ ഭഗവാൻ പ്രമാണമാം.
വിശ്വസിക്കുന്നില്ലങ്ങുന്നിതെങ്കിലോ
വിശ്വനാഥനറിയും പരമാൎത്ഥം.
നശ്വരമിസ്സുശരീരം—മെന്നാത്മാവാ
ശാശ്വതാനന്ദസത്തിൽ ലയിക്കട്ടെ.

പോസ്സരട്ടെ—ഭവാനെത്താൻ വേറകമാ-
റാസ്സരട്ടെയിനിയൊരു ജന്മത്തിൽ."
ഏവമോതിയസ്സാധ്വി പതിയുടെ
കാൽവണങ്ങിപ്പുറത്തേക്കിറങ്ങിനാൾ.

അംഗലാവണ്യ പുണ്യനിലയമാം
മംഗലാംഗീമണിയോടുകൂടവേ
മംഗലാത്മികയാം ഗൃഹലക്ഷ്മിയും
മങ്ങലാന്നവിട്ടന്നുടൻ പിന്മാറീ.

പാലക്കാട്. വി ഉണ്ണികൃഷ്ണൻ നായർ ബി. ഏ.

# ശ്രീ
# ലീലാവിമൎശം.

(ഒരു നിരൂപണ നിരൂപണം)

I

ഭാഷാസാഹിത്യസാമ്രാജ്യത്തിൽ സൈ്വരസഞ്ചാരംചെയ്യുന്നവരിൽ ചിലർ സ്വാൎജ്ജിതമായ സുയശസ്സിനോട് അല്പാല്പം യാത്ര പറഞ്ഞുതുടങ്ങിയിരിക്കുന്നു. കഴിഞ്ഞ ഒരു ലക്കം മിതവാദിയിൽ ശ്രീമാൻ മൂക്കോത്തു കുമാരൻ അവർകൾ എഴുതിയിരിക്കുന്ന 'ആശാൻെറ ലീലയും വള്ളത്തോളിൻെറ വിഹാരവും' * എന്ന ലേഖനം വായിച്ചപ്പോൾ ഈ അഭിപ്രായമാണ് എൻെറ മനസ്സിൽ തോന്നിയത്. ശ്രീമാൻ കുമാരൻ അവർകൾ ഒരു സരസലേഖകനെന്നും, വിമൎശകനെന്നും മററും പേരുകേട്ടിട്ടുള്ള ഒരു ദേഹമാണ്. ഇപ്പോൾ അദ്ദേഹം വള്ളത്തോളിൻെറ വിമൎശനത്തിൽ കൈകടത്തി കക്ഷിപിടിച്ച് കേവലം ഒരു വക്കീലിനെപ്പോലെ വാദംതുടങ്ങിയിരിക്കുന്നതു് ആ പേരിന് അല്പം ഹാനികരമല്ലയോ എന്നു ഞാൻ സംശയിക്കുന്നു. അദ്ദേഹം ഒരു ലോകതത്വം പ്രതിപാദിച്ചുകൊണ്ടാണ് വിമൎശരംഗത്തിലേക്ക് കാലെടുത്തുവെക്കുന്നതു്. 'ഒരേ കലാവിദ്യയിൽ ഏൎപ്പെട്ടിരിക്കുന്നവരും, തുല്യയോഗ്യത അവകാശപ്പെട്ടുകൊണ്ടിരിക്കുന്നവരും ആയ രണ്ടുപേരിൽ ഒരാളുടെ കലാനൈപുണ്യപ്രകടനയുടെ വല്ല ഫലത്തേയുംപററി മറേറയാൾ ചെയ്യുന്ന ഖണ്ഡനവിമൎശം വളരെ ആലോചനയോടുകൂടിച്ചെയ്യാതിരുന്നാൽ പലപ്പോഴും, അബദ്ധത്തിലും, പരിഹാസത്തിലും കലാശിക്കുവാൻ ഇടവരുന്നതാണ്. എന്നുമാത്രമല്ല, ആ വിമൎശനത്തെ അടിസ്ഥാനപ്പെടുത്തിയുണ്ടാകുന്ന വാദപ്രതിവാദങ്ങൾവഴിയായി രണ്ടുപേരുടേയും യോഗ്യത താരതമ്യപ്പെടുത്തി അറിവാൻ ബഹുജനങ്ങൾക്ക് അവസരംലഭിക്കുക

* ഇതിനുതാഴെ ചേൎത്തിട്ടുണ്ട്.

യും, വിമർശകന്ന് ആ കലാവിദ്യയിലുള്ള പാടവത്തിൻെറ ചെമ്പു പുറത്താകുകയും ചെയ്യും'. ഈ വാക്യങ്ങൾ സൂചിപ്പിക്കുന്ന ചില സംഗതികളോടു വളരേപേർ യോജിച്ചില്ലെന്നുവരാം. എന്നാൽ മിസ്റ്റർ കുമാരന് ഈ തത്വബോധം തന്നേപ്പററിത്തന്നെ ഉണ്ടായിരുന്നാൽകൊള്ളാമായിരുന്നു എന്ന് ആശംസിക്കാത്തവർ വളരെ ചുരുങ്ങും. മിസ്റ്റർ കുമാരൻേറയും, വള്ളത്തോളിൻേറയും അന്യോന്യവിരുദ്ധങ്ങളായ വിമർശങ്ങൾ വായിച്ചുനോക്കുന്ന നിർമ്മത്സരബുദ്ധികൾക്ക് എവിടെയാണ് ചെമ്പുതെളിയുന്നതെന്നു കണ്ടുപിടിക്കുവാൻ വളരെ പ്രയാസം ഉണ്ടാകുകയില്ല.

ഗ്രന്ഥവിഹാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന ലീലാവിമർശനം വള്ളത്തോൾതന്നെ എഴുതിയതാണെന്ന് മിസ്റ്റർ കുമാരൻ വിശ്വസിക്കുന്നില്ലെന്നു പറയുന്നു. ഇതിന്, കോട്ടുഭാഷയിൽ പറയുകയാണെങ്കിൽ, ഉത്തമവിശ്വാസം പോരാ. ഈ വിമർശനം അത്ര നികൃഷ്ടമാണെന്ന് വായനക്കാരെ ധരിപ്പിക്കണമെന്നുള്ള ഫലോദ്ദേശ്യത്തോടുകൂടിച്ചെയ്ത ഒരു സൂത്രപ്രയോഗമാണതു് എന്നെ ഞാൻ വിശ്വസിക്കുന്നുള്ളൂ. അല്ലെങ്കിൽ, താരതമ്യപഠനത്തിൻെറ പ്രഥമപാഠങ്ങൾ മനസ്സിലാക്കീട്ടുള്ള ഒരുവന് ഈ ലീലാവിമർശം വള്ളത്തോളിൻേറതല്ലെന്നുതോന്നുവാൻ മതിയായ യാതൊരു കാരണവുമില്ല. വള്ളത്തോളിൻെറ വിമർശനങ്ങളിൽ മിക്കതും ഏകരീതിയെ അവലംബിച്ചിട്ടുള്ളവയാണ്. ആദ്യമായി ഗ്രന്ഥത്തിന് വല്ല ഗുണവുമുണ്ടെങ്കിൽ അതിനെ അഭിനന്ദിക്കുകയും, തദനന്തരം ബന്ധരീതിയിലും, പ്രയോഗങ്ങളിലും മററുമുള്ള അസ്വാരസ്യങ്ങളേയും, അബദ്ധങ്ങളേയും എടുത്തുകാണിക്കുകയും, ചെയ്യുന്ന സാധാരണവിമർശകന്മാരുടെ രീതിയേത്തന്നെയാണ് അദ്ദേഹവും സ്വീകരിച്ചിട്ടുള്ളതു്. ഈ വിമർശനങ്ങളിൽ സ്നേഹിതനെന്നോ, ശത്രുവെന്നോ, ബാലനെന്നോ, വൃദ്ധനെന്നോ, പ്രസിദ്ധനെന്നോ, അപ്രസിദ്ധനെന്നോ സ്ത്രീയെന്നോ, പുരുഷനെന്നോ ഉള്ള ഭേദം വള്ളത്തോൾ വകവെക്കാറില്ല. ശ്രീമാന്മാർ ഉള്ളൂർ പരമേശ്വരയ്യർ, പന്തളം കേരളവർമ്മ, രാജരാജവർമ്മ കോയിത്തമ്പുരാൻ, ആർ. ഈശ്വരപിള്ള, ശ്രീമതി ടി. ബി. കല്യാണിഅമ്മ മുതലായവരുടെ കൃതികളേക്കുറിച്ചു എഴുതിയിട്ടുള്ള വിമർശങ്ങൾ ഈ വിഷയത്തിൽ വള്ളത്തോൾ ഒരു നിർമ്മത്സരബുദ്ധിയാണെന്നുതന്നെ വിളിച്ചു പറയുന്നു. ദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതിൽ (സൃഷ്ടിച്ചുകാണിക്കുന്നതിലല്ല,) അല്പം നിർബ്ബന്ധവും, അതിനുപയോഗിക്കുന്ന ഭാഷക്ക് വേണ്ടതിൽ കുറച്ചു കൂടുതലായ പാരുഷ്യവും, ഈ വിമർശനങ്ങളിൽക്കാണനുണ്ടു്. ഇവരണ്ടും, ആത്മപോഷിണിയുടെ പ്രചാരത്തിന് കാരണഭൂതനായിരുന്ന പുണ്യശ്ലോകൻ ശ്രീമാൻ രാമകൃഷ്ണപിള്ളയേ പിന്തുടരണമെന്നുള്ള മോഹംകൊണ്ടുണ്ടായിട്ടുള്ളതാണെന്നാണ് എൻെറ വിശ്വാസം. ആദ്യന്തം സരളവും, ചിലപ്പോൾ ഫലിതസമ്മിശ്രവുമായ ഒരു

ഗദ്യരീതിയും വള്ളത്തോളിന്റെ വിമർശനങ്ങളിൽ കാണാം. അനവധാനതാകൊണ്ടു ചില തെറ്റുകളും, ചുരുക്കം ചില വിമർശനങ്ങളിൽ പറ്റാതിരുന്നിട്ടില്ല. എന്നാൽ അതും, ശരിയായാലും, തെറ്റായാലും, യഥാർത്ഥത്തിൽ വള്ളത്തോളിന് തോന്നീട്ടുള്ള അഭിപ്രായങ്ങളാകുന്നു. വള്ളത്തോളിന്റെ ഗ്രന്ഥനിരൂപണങ്ങളുടെ സാമാന്യസ്വഭാവം ഇങ്ങനെയെല്ലാമാണ്. ഇവയിൽ ചിലതോ, മുഴുവനുമോ, ലീലാവിമർശനത്തിലും കണ്ടെന്നുവരാം. എന്നാൽ അതിലെ ഗദ്യരീതിതന്നെ വള്ളത്തോളിന്റേതാണെന്ന് വിളിച്ചുപറയുന്ന സ്ഥിതിക്ക് മിസ്റ്റർ കുമാരൻ ഇങ്ങനെ സംശയിക്കുന്നതിനുള്ള കാരണം വേറെതന്നെയാണ്. നമുക്ക് അദ്ദേഹം പറയുന്നതെന്താണെന്നു നോക്കാം.

ഈ ഗ്രന്ഥവിഹാരത്തിൽ അടങ്ങിയ നിരൂപണങ്ങളിൽ ചിലത് നാലപ്പാടൻ എഴുതിയിട്ടുള്ളതാണ്. ഒരു നിരൂപണത്തിന്റെ കുറേ ഭാഗം മറ്റൊരാൾ എഴുതിയതാണ്. ഇവയുടെ എല്ലാം പകർപ്പവകാശം വള്ളത്തോളിനുതന്നെ. "ഇവയൊക്കെ സമ്മതിക്കപ്പെട്ട പരമാർത്ഥങ്ങൾ. ലീലാവിമർശനവും മറ്റൊരാളുടേതാണെന്ന് സമ്മതിക്കപ്പെടാത്ത പരമാർത്ഥമായിക്കൂടയോ?" അബദ്ധവഴിക്കു പുറപ്പെടുന്ന യുക്തിവാദത്തിന് ഇതൊരു ഒന്നാംതരം ഉദാഹരണമാണ്. നാലപ്പാടനും മറ്റൊരാളും തങ്ങളെഴുതിയ നിരൂപണങ്ങളുടെ പകർപ്പവകാശം വള്ളത്തോളിനു കൊടുക്കത്തക്കവണ്ണം ആ രണ്ടു മാന്യന്മാരും വള്ളത്തോളിന് അത്രമാത്രം സ്വാധീനന്മാരായിരിക്കുന്ന സ്ഥിതിക്കു, ആ നിരൂപണങ്ങൾ തന്റേതായിട്ടുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന് അദ്ദേഹത്തിന് നിഷ്പ്രയാസം സാധിക്കുമായിരുന്നു. എന്നിട്ടും സത്യത്തിലുള്ള പ്രതിപത്തി ഒന്നുകൊണ്ടു മാത്രം അദ്ദേഹം അങ്ങനെ ചെയ്തില്ല. ഇന്നു കേരളത്തിലുള്ള സാഹിത്യവ്യാപാരികളിൽ വള്ളത്തോളിനോളം സുയശസ്സു സമ്പാദിച്ചവർ വേറെയില്ല. ഇനിയും അതിനുവേണ്ടി കാവ്യസ്തേയം കൊണ്ട് ഒരു 'സാഹസകർത്താ'വായിത്തീരേണ്ട ആവശ്യവും അദ്ദേഹത്തിനില്ല. ഇതെല്ലാം മി. കുമാരന്റെ ബുദ്ധിക്ക് അത്യഗാധമായിപ്പോയെങ്കിൽ ലോകമര്യാദയെ ദീക്ഷിച്ചിട്ടെങ്കിലും ലീലാവിമർശം വള്ളത്തോളിന്റേതാണെന്ന് മിസ്റ്റർ കുമാരൻ സമ്മതിക്കേണ്ടതായിരുന്നു. ഈ വിഷയത്തിലും അദ്ദേഹം ലുബ്ധനായിപ്പോയതിൽ ഞാൻ മനസ്താപപ്പെടുന്നു. ഒരുപക്ഷെ, യഥാർത്ഥം ഇതൊന്നുമല്ല. 'ലീല'യെക്കുറിച്ചും വള്ളത്തോൾ യാതൊരു ദോഷപ്രസ്താവവും ചെയ്യാതിരുന്നാൽ കൊള്ളാമായിരുന്നു എന്ന് മി. കുമാരനു മോഹമുണ്ട്. അതും അന്യഥാപരിണമിച്ചതുകൊണ്ട് അദ്ദേഹത്തിന് വലിയ കുണ്ഠിതവുമുണ്ട്. ഈ കുണ്ഠിതം വള്ളത്തോളിനോട് അദ്ദേഹത്തിനുള്ള 'ബഹുമാനത്തെ കുറവുവരാതെ മേലിലും പരിപാലിച്ചുപോരാൻ' സാധിക്കാത്തവണ്ണം അത്ര വലുതുമാകുന്നു. ഇതു മനുഷ്യസ്വഭാവമാണ് തന്റെ സ്നേഹത്തിനും, ബഹു

മാനത്തിനും പാത്രമായിരിക്കുന്ന ഒരാൾക്കുള്ള യഥാൎത്ഥദോഷങ്ങളേപ്പ്പററിത്തന്നെ മററാരെങ്കിലും ഉൽഘോഷിക്കുന്നതു് ആൎക്കും അത്ര സുഖമായി വരികയില്ല. മുമ്പു് 'സൊള്ളി'യതെല്ലാം കളഞ്ഞു് ഈ യാഥാൎത്ഥ്യം ആദ്യംതന്നെ പ്രസ്താവിച്ചിരുന്നെങ്കിൽ നമുക്കു് ഇത്രയൊന്നും പറയാതെ കഴിക്കാമായിരുന്നു. ഇനി നമുക്കു് വിമൎശനത്തെപ്പററി മി. കുമാരനുള്ള ആക്ഷേപങ്ങൾ എന്തെല്ലാമാണെന്നു നോക്കാം.

ഒന്നാമതായി മിസ്റ്റർ കുമാരൻ ശ്രമിക്കുന്നതു് നിരൂപകൻ കഥയുടെ അടിസ്ഥാനം തെററിദ്ധരിച്ചിരിക്കുന്നു' എന്നു കാണിക്കുന്നതിനാണു്. 'അൎത്ഥപാലകൻ എന്ന മഹാവൎത്തകൻ തൻെറ മകളായ ലീലയേ അവൾക്കനഭിമതനായ വരന്നുകൊടുത്തു എന്നുള്ളതാണു് കഥയുടെ അടിസ്ഥാനം' എന്നു വള്ളത്തോൾ പറയുന്നു. മിസ്റ്റർ കുമാരനാകട്ടെ, 'പെൺകുട്ടികളുടെ മനസ്സും ആഗ്രഹവും അന്വേഷിക്കാതെയും, അറിയാതെയും പിതാക്കൾ അവരെ വല്ലവൎക്കും ഭാൎയ്യമാരാക്കിക്കൊടുക്കുകയെന്നുള്ള ദേശചൎയ്യ അനുസരിച്ചു് അൎത്ഥപാലനു് പ്രവൎത്തിക്കേണ്ടിവന്നു എന്നുള്ളതാണു് കഥയുടെ അടിസ്ഥാനം' എന്നും പറയുന്നു. ഇതിൽ 'ദേശചൎയ്യയനുസരിച്ചു് അൎത്ഥപാലനു് പ്രവൎത്തിക്കേണ്ടിവന്നു' എന്നു പറയുമ്പോൾ അൎത്ഥപാലൻ ദേശചൎയ്യയുടെ നിബ്ബന്ധത്തിൽനിന്നും സ്വതന്ത്രനായിരുന്നെങ്കിൽ ഇങ്ങനെ പ്രവൎത്തിക്കയില്ലായിരുന്നു എന്നു സൂചിപ്പിച്ചിട്ടുള്ളതു് സൎവ്വാബദ്ധമാണു്. അൎത്ഥപാലൻ ധനത്തേയും, ജീവനേയും മകളേയും, ഒന്നുപോലെയാണു് ബഹുമാനിച്ചിരുന്നതു്.

'അവനുമമതകൊണ്ടുതുല്യമാ-
യവളുമസുക്കളുംവസുക്കളുംതാനുമേ'

എന്നു മിസ്റ്റർ കുമാരൻ ഉദ്ധരിച്ചിരിക്കുന്ന പദ്യംതന്നെ നോക്കുക. ഇങ്ങനെയുള്ള ഒരാൾ, ദേശചൎയ്യകളുടെ യാതൊരു നിബ്ബന്ധവുമില്ലെങ്കിലും, തൻെറ പ്രിയപ്പെട്ട മകളേ ഒരു നിൎദ്ധനന്നു് വിവാഹം ചെയ്തുകൊടുക്കുമായിരുന്നുവോ? ഇല്ല, എന്നു നിശ്ചയമായും പറയാം. അതുകൊണ്ടു് 'അൎത്ഥപാലനു് പ്രവൃത്തിക്കേണ്ടിവന്നു' എന്നു പറയുന്നതിൽ യാതൊരു അൎത്ഥവുമില്ലെന്നു തീൎച്ചതന്നെ. ഈ അബദ്ധമായ ഭാഗം ഉപേക്ഷിച്ചിട്ടു്, മി. കുമാരൻെറ 'അടിസ്ഥാന'ത്തേ വള്ളത്തോളിൻേറതിനോടു ക്രൂട്ടിച്ചേൎത്താൽ "പെൺകുട്ടികളുടെ മനസ്സും, അനുഗ്രഹവും അന്വേഷിക്കാതേയും, അറിയാതേയും, പിതാക്കൾ അവരെവല്ലവൎക്കും ഭാൎയ്യമാരാക്കിക്കൊടുക്കുകയെന്നുള്ള ദേശചൎയ്യ അനുസരിച്ചു്, (മി. കുമാരൻ) അൎത്ഥപാലൻ എന്ന മഹാവൎത്തകൻ തൻേറ മകളായ ലീലയെ അവൾക്കനഭിമതനായ വരന്നുകൊടുത്തു എന്നുള്ളതാണു് കഥയുടെ അടിസ്ഥാനം" (വള്ളത്തോൾ) എന്നു കിട്ടുന്നതാണു്. ഇതിൽനിന്നും അൎത്ഥപാലൻേറ പ്രവൃത്തിയുടെ കാരണംക്രൂടി മിസ്റ്റർ കുമാരൻ വിസ്തരിച്ചു എന്നല്ലാതെ, വള്ളത്തോ

ളിന്റെ 'അടിസ്ഥാനം ഇളക്കിപ്പറിക്കാൻമാത്രം നൂതനമായി യാതൊന്നും അദ്ദേഹം കൊണ്ടുവന്നിട്ടില്ല. അഥവാ ഇനി ഇവതമ്മിൽ ന്യായശാസ്ത്ര ജ്ഞന്മാക്കുമാത്രം അറിയാവുന്ന വല്ലവ്യത്യാസവുമുണ്ടെങ്കിൽ സാഹിത്യപ്രണയികൾ അതത്ര വകവെക്കേണ്ടതുമില്ല. കഥയുടെ അടിസ്ഥാനത്തിൽ നിന്നും വളരെ ദൂരത്തിലല്ല വള്ളത്തോളിന്റെ നിലയെന്നും, കുമാരൻ അദ്ദേഹത്തെ അവിടെനിന്നും ഓടിക്കുവാൻ വൃഥാ പരിശ്രമിച്ചതാണെന്നും ഇത്രയും പറഞ്ഞതിൽനിന്നും പ്രത്യക്ഷമായല്ലൊ.

വള്ളത്തോളിന്റെ രണ്ടാമത്തെ അപരാധം അച്ഛൻ നിശ്ചയിച്ച വിവാഹത്തിൽ നിന്നൊഴിയുവാൻ മകൾ ശ്രമിച്ചു നോക്കാഞ്ഞതു് വിനയംകൊണ്ടോ ഗുരുജനഭയംകൊണ്ടോ ആണെന്നു് കവി പറയുന്നതിന്നു് വിശ്വാസയോഗ്യതപോരാ എന്നു് അഭിപ്രായപ്പെട്ടിരിക്കുന്നതാണു്. ലീല മദനനെഗ്ഗൂഢമായിക്കാമിക്കുന്നു. ഈ അനുരാഗവർത്തമാനം താതനേ ഗ്രഹിപ്പിക്കുന്നതിനും അവൾ അരവാക്കുപോലും ചിലവിട്ടുന്നില്ല. മററു വല്ലവരോടുംപറഞ്ഞു് അദ്ദേഹത്തെ ധരിപ്പിക്കുന്നതിനും ഉദ്യമിക്കുന്നില്ല. അവർ തമ്മിലുള്ള വിവാഹത്തിന്നു് "തരുമനമതിതാതനിങ്ങു്" എന്നവൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആ സ്ഥിതിക്കു് തന്റെ ആഗ്രഹപൂർത്തിക്കുവേണ്ടി അണുമാത്രപരിശ്രമംപോലും ചെയ്യാതെ അവൾ,

'ഗുരുജനവചന കുലക്രമം
തരുണികൾതന്നുടെയസ്വതന്ത്രത
കരുതിയിവമറച്ചുകാമിതം'

എന്നുപറഞ്ഞാൽ എങ്ങനെയാണു് വിശ്വസിക്കുന്നതു്? അവൾക്കു നേരിട്ട സകല ആപത്തുകൾക്കും നിദാനമായിരിക്കുന്നതു് അവളുടെ ഈ മൌനവ്രതമാണു്, അല്ലാതെ "സമുദായ പരിഷ്കരണത്തിന്നായി ജീവകാലംമുഴുവൻ ശ്രമിച്ചകവി, ലീലക്കുംമദനനും സംഭവിച്ചിരിക്കുന്ന അത്യാഹിതങ്ങൾക്കു കാരണം ത്യാജ്യമായ ദേശാചാരമാണെന്നു് ഏററവും വ്യക്തമായിപ്പറഞ്ഞാൽ തന്നെ, അദ്ദേഹം മുൻപറഞ്ഞ മൌനവ്രതത്തിന്നു ഭംഗം വരുത്താതിരിക്കുന്നിടത്തോളംകാലം, സഹൃദയന്മാർ വിശ്വസിക്കാൻ പ്രയാസമാണു്. വള്ളത്തോളിന്റെ 'ഈച്ചക്കണ്ണി'ന്നു കുററംപറയുന്ന കുമാരൻ കഥാബന്ധത്തിൽ മുഴച്ചുനില്ക്കുന്ന മുൻപറഞ്ഞ ദോഷം കാണാതിരുന്നതു, ഒരു വശംമാത്രം കാണാൻ ശക്തിയുള്ള അദ്ദേഹത്തിന്റെ കാക്കക്കണ്ണിന്റെ ദോഷംകൊണ്ടാണെന്നു പറഞ്ഞാൽ വളരെ തെററുകയില്ലെന്നു തോന്നുന്നു.

'അതുമല്ല' എന്നു പ്രയോഗിക്കേണ്ടതിന്നുപകരം 'അല്ലതും' എന്നു് പ്രയോഗിച്ചിരിക്കുന്നതു് ശരിയല്ലെന്നു് വിമർശനത്തിൽ കാണുന്നതു കൊണ്ടു് "ഈ നിരൂപകൻ ഒരു കവിയല്ലെന്നും, ഒരിക്കലും വള്ളത്തോളല്ലെന്നും ഞാൻ വിശ്വസിച്ചതിൽ എന്താണു് തെററു?" എന്നു മി.

കുമാരൻ ചോദിക്കുന്നു. അതു തെററുതന്നെ എന്നുത്തരം. കാരണം പറയാം.

> അവിഹിതമിഹരക്ഷ്യരോടൊരാം—
>
> ക്കവികലമാംപ്രഭുഭാവം;അല്ലതും'

എന്നാണ് പ്രയോഗം. ഈ ഭാഗം, 'കുമാരനാശാൻെറ ശ്ലോകങ്ങളിൽ അപൂർണ്ണവിരാമം മുതലായ ചിഹ്നങ്ങൾ ഇല്ലെങ്കിൽ അർത്ഥവുമില്ലെ'ന്നുള്ള വാസ്തവം വല്ലവരും വിസ്മരിച്ച്,

> അവിഹിതമിഹരക്ഷ്യരോടൊരാം—
>
> ക്കവികലമാംപ്രഭുഭാവമല്ലതും'.

എന്ന് എഴുതുകയോ, അച്ചടിക്കുകയോ, ചെയ്തുവെന്നിരിക്കട്ടെ. ഇവിടെ രണ്ടാംപാദത്തിൽ കവി നിർദ്ദേശിച്ചിട്ടുള്ള പ്രഭുഭാവം അവികലമാണ് എന്ന അർത്ഥം പാടെ മാറി, 'അതും അവികലമായ പ്രഭുഭാവമല്ല' എന്നാണ് അർത്ഥമെന്ന് വളരെ ആളുകൾ തെററിദ്ധരിക്കുകയില്ലേ? "പദങ്ങൾക്കു വൈയാകരണന്മാർ കല്പിച്ച സ്ഥാനം തെററിക്കാതെ ഗദ്യത്തിലേപോലെ പദ്യത്തിലും എഴുതിയാലെ സുഖമുള്ളു" എന്നല്ല, നിരൂപകൻെറ അഭിപ്രായമെന്നും, ആ സ്ഥലത്ത് അതുമല്ല എന്നു പ്രയോഗിച്ചാൽ മാത്രമേ കവി വിചാരിച്ചിരിക്കുന്ന അർത്ഥം വ്യക്തമാകുകയുള്ളു എന്നാണ് അദ്ദേഹം പറയുന്നതെന്നും, ഇതിൽനിന്നുതന്നെ തെളിയുന്നുണ്ടല്ലോ. ഇവിടെ നിരൂപകൻ ഒരു കവിയല്ലെന്നു ഊഹിച്ച മിസ്റ്റർ കുമാരൻ താൻ കാവ്യത്തിൻെറ ഗുണദോഷങ്ങൾ അറിയുന്ന ഒരു സഹൃദയനും, ഒരു യഥാർത്ഥവിമർശകനും അല്ലെന്നുമാത്രമേ തെളിയിക്കുന്നുള്ളു.

തൻെറ പ്രാണാധിക പ്രേമഭാജനമായ പുത്രിയെ നിർദ്ധനത്വംകൊണ്ടു മാത്രം മദനനുകൊടുക്കാതെ 'എന്നെന്നും ദുഃഖഭാഗിനിയാക്കിത്തീർപ്പാൻ കുബേരതുല്യനായ ഒരു പിതാവ് തീർച്ചപ്പെടുത്തിയേക്കുമോ' എന്ന് വല്ലത്തോൾ സംശയിക്കുന്നു. തീർച്ചപ്പെടുത്തിയെന്നും ഇല്ലെന്നും വരും. അർത്ഥപാലനേപോലെയുള്ള ഒരാൾ അങ്ങനെതന്നെ ചെയ്യാനാണ് അധികം ന്യായം. മനുഷ്യസ്വഭാവത്തിൻെറ വിവിധത്വം ആലോചിക്കുമ്പോൾ ഇവിടെ ഞാൻ മിസ്റ്റർ കുമാരനോടുതന്നെയാണ് യോജിക്കുന്നത്. എന്നാൽ സജ്ജനചര്യ നേരേമറിച്ചായിരിക്കെ, ഇതു സംശയത്തെ മാത്രം അടിസ്ഥാനപ്പെടുത്തി, "നിരൂപകൻ കാവ്യകലയുടെ ധർമ്മംതന്നെയറിയാത്ത ഒരു സാധാരണമനുഷ്യ"നാണെന്നും മററും ജല്പിക്കുന്നതു് നിർമ്മത്സരവിമർശനത്തിൽ മി. കുമാരനുള്ള അപാടവം "പിന്നെപ്പിന്നെ മുഴച്ചു"കാണിക്കുന്നതിനേ ഇടമാക്കുന്നുള്ളു.

മി. കുമാരന്റെ അടുത്ത ആക്ഷേപം

'സുപരീക്ഷിതമിപ്പൊഴെന്മന-
സ്സപശങ്കം സഖി, മുമ്പിതേലുകിൽ
ത്രപവിട്ടിവൾ ചെയ്യുമായിരു-
ന്നവരോക്ഷം പ്രിയഹസ്തപീഡനം'

എന്നുള്ള ശ്ലോകംകൊണ്ട്, "മദനന്റെപേരിൽ തനിക്കുള്ള അനുരാഗത്തിന്റെ അപരിഹാര്യതയെപ്പററി കൃതമതിയായ ലീലക്കു ആദ്യം അത്ര വിശ്വാസമുണ്ടായിരുന്നില്ല എന്നാണ് സൂചിക്കുന്നതു്" എന്നു വള്ളത്തോൾ അഭിപ്രായപ്പെട്ടിരിക്കുന്നതിലാണ്. ഈ ശ്ലോകം മിസ്റ്റർ കുമാരൻ വ്യാഖ്യാനിക്കുന്നതു് ഇപ്രകാരമാണ്—"ഞാൻ ഇപ്പോൾ എന്റെ മനസ്സിനെ നല്ലവണ്ണം പരിശോധിച്ചു. ഇതു് (മനഃപരിപാകം) എനിക്ക് ആദ്യം ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ലജ്ജവിട്ടു പ്രത്യക്ഷമായിട്ടു് പ്രിയന്റെ പാണിഗ്രഹണം ചെയ്യുമായിരുന്നു." ഈ അൎത്ഥകല്പന കവി വിവക്ഷിച്ചിരിക്കുന്നതിൽനിന്നും വളരെ വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. ഈ ശ്ലോകം മി. കുമാരന്റെ ഗ്രഹണപാടവത്തേയും പരീക്ഷിക്കുന്നു. 'മനഃപരിപാകം ഉണ്ടായിരുന്നുവെങ്കിൽ' എന്നല്ല, ലീല പറയുന്നതു്. ഈ അപശങ്കാവസ്ഥ, ഭീരുത്വമില്ലായ്മ, ധൈൎയ്യം, തനിക്കുണ്ടായിരുന്നെങ്കിൽ എന്നാണ് അതിന്റെ അൎത്ഥം, 'സുപരീക്ഷിതമെന്മനസ്സ്' എന്നതിന് 'ഞാൻ ഇപ്പോൾ എന്റെ മനസ്സിനെ നല്ലവണ്ണം പരിശോധിച്ചു' എന്നാണ് അൎത്ഥമെന്ന് മിസ്റ്റർ കുമാരൻ സമ്മതിക്കുന്ന സ്ഥിതിക്കു, അദ്ദേഹം 'മനഃപരിപാകം' വരുത്താൻ വളരെ ബുദ്ധിമുട്ടിയെന്നു കാണാവുന്നതാണ്. ഈ 'മനഃപരിപാകം' വന്ന ലീലയാണോ, കാമഭ്രാന്തുപിടിച്ചു് കണ്ട വനത്തിലെല്ലാം ഓടിനടന്ന് ആത്മഹത്യചെയ്യുന്നതു് !! ശാന്തം പാപം !!

നിരുത്തരവാദിയായ ഒരു പ്രസാധകൻ എന്തെങ്കിലുംചെയ്യട്ടെ. അവതാരികയിൽ അയാൾ എന്തെങ്കിലും പറയട്ടെ. അതിൽക്കാണുന്ന പരപരിഹാസപാതകത്തിന് അയാളുടെ എത്ര വലിയ പശ്ചാത്താപവും മോചനംനൽകുമെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ അതുകൊണ്ടു് വള്ളത്തോളിന് ഉള്ള ഗുണം നശിപ്പിക്കണമെന്ന് ആരെങ്കിലും വിചാരിച്ചു പ്രയത്നിച്ചാൽ ലോകം അനുവദിക്കുകയില്ല.

ഡി. പത്മനാഭനുണ്ണി. ബി. ഏ.

# * ആശാന്റെ ലീലയും വള്ളത്തോളിന്റെ വിഹാരവും

(മൂർക്കോത്തു കുമാരൻ)

ഒരേ കലാവിദ്യയിൽ ഏർപ്പെട്ടിരിക്കുന്നവരും തുല്യയോഗ്യത അവകാശപ്പെട്ടുകൊണ്ടിരിക്കുന്നവരും ആയ രണ്ടുപേരിൽ, ഒരാളുടെ കലാനൈപുണ്യപ്രകടതയുടെ വല്ല ഫലത്തെയുംപററി മറെറയാൾ ചെയ്യുന്ന ഖണ്ഡനവിമർശം, വളരെ ആലോചനയോടുകൂടി ചെയ്യാതിരുന്നാൽ, പലപ്പോഴും അബദ്ധത്തിലും പരിഹാസത്തിലും കലാശിക്കുവാൻ ഇടവരുന്നതാണ്. എന്നു മാത്രമല്ല, ആ വിമർശനത്തെ അടിസ്ഥാനപ്പെടുത്തിയുണ്ടാകുന്ന വാദപ്രതിവാദങ്ങൾവഴിയായി, രണ്ടുപേരുടെയും യോഗ്യത താരതമ്യപ്പെടുത്തി അറിവാൻ ബഹുജനങ്ങൾക്കു അവസരം ലഭിക്കുകയും വിമർശകന്നു ആ കലാവിദ്യയിലുള്ള പാടവത്തിന്റെ ചെമ്പു പുറത്താകുകയും ചെയ്യും. ഈ പരമാർത്ഥം ആലോചിച്ചാണ് വള്ളത്തോളിന്റെ "ഗ്രന്ഥവിഹാര"ത്തിൽ ഉൾപ്പെട്ടിരിക്കുന്ന ലീലാവിമർശനം വള്ളത്തോൾതന്നെ എഴുതിയതാണെന്നു ഞാൻ വിശ്വസിക്കാതിരിക്കുന്നതു. അതു മററാരെങ്കിലും എഴുതിയതായിരിക്കാനും ഇടയുള്ളതാണ്. എന്തുകൊണ്ടെന്നാൽ, ഈ ഗ്രന്ഥവിഹാരത്തിൽ അടങ്ങിയ നിരൂപണങ്ങളുടെ കർത്തൃത്വത്തിൽ എന്തൊക്കയൊ ചില അബദ്ധങ്ങളൊ കുഴപ്പങ്ങളൊ കടന്നുകൂടീട്ടുണ്ട്. "വള്ളത്തോൾ എഴുതിയ ഗ്രന്ഥവിഹാരം" എന്നാണ് ഗ്രന്ഥത്തിന്റെ പേർ. ശരിതന്നെ. "പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു", എന്നു ഏകവചനത്തിലാണ് എഴുതിയിരിക്കുന്നതു്. അതും ശരിതന്നെ. പക്ഷെ നിരൂപണങ്ങളിൽ ചിലതു് ശ്രീമാൻ നാലപ്പാട്ടു നാരായണമേനോന്റെ വിഹാരത്തിൽ പെട്ടതാണെന്നു അവതാരികക്കാരൻ പറയുന്നു. ഒന്നിന്റെ വാലു മാത്രമേ വള്ളത്തോളിന്നു യഥാർത്ഥത്തിൽ അവകാശപ്പെട്ടതായിട്ടുള്ളുവെന്നും ഉടലും തലയും മറെറാരു മാന്യൻ വിഹരിച്ചതിന്റെ ഫലമാണെന്നും "തിരുത്തലിൽ" കാണുന്നു. ഇവയൊക്കെ സമ്മതിക്കപ്പെട്ട പരമാർത്ഥങ്ങൾ. ലീലാവിമർശനവും മറെറാരാളുടെതാണെന്നു സമ്മതിക്കപ്പെടാത്ത പരമാർത്ഥമായിക്കൂടയോ? ഞാൻ പറയുന്നതു മറെറാന്നുകൊണ്ടുമല്ല. അതു വള്ളത്തോളിന്റേതല്ല, എന്നറിഞ്ഞെങ്കിൽ, മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകളോടു എനിക്കുള്ള ബഹുമാനത്തെ, കുറവുവരാതെ മേലിലും പരിപാലിച്ചുപോരാൻ സാധിക്കുമായിരുന്നുവെന്ന് ആശിച്ചിട്ടാണ്. ഏതെങ്കിലുമാവട്ടെ, ഗ്രന്ഥവിഹാരത്തിൽ കാണുന്ന ലീലാവിമർശനത്തെപ്പററി നമ്മൾ ആലോചിക്കുക.

ലീലയിലെ കഥ വായനക്കാരിൽ മിക്കപേർക്കും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. നിരൂപകൻ കഥയുടെ അടിസ്ഥാനംതന്നെ തെററിദ്ധരിച്ചിരിക്കുന്നു. അദ്ദേഹം ഇങ്ങിനെ പറയുന്നു:—"അർത്ഥ

* മിതവാദിയിൽനിന്നു്

പാലകൻ എന്ന മഹാവൎത്തകൻ തന്റെ മകളായ ലീലയെ അവൾക്കനഭിമതനായ വരന്നു കൊടുത്തു എന്നുള്ളതാണ് കഥയുടെ അടിസ്ഥാനം" ഇതാണോ കഥയുടെ അടിസ്ഥാനം? അതാണെന്നു പറഞ്ഞു തൃപ്തിപ്പെടുവാനാണു നിരൂപകന്റെ ഭാവമെങ്കിൽ, അടിസ്ഥാനമെന്നു പറയുന്നതിനുള്ള അസ്തിവാരക്കല്ലുകളൊന്നും അദ്ദേഹം കണ്ടിട്ടില്ല. പെൺകുട്ടികളുടെ മനസ്സും ആഗ്രഹവും അന്വേഷിക്കാതെയും അറിയാതെയും പിതാക്കൾ അവരെ വല്ലവൎക്കും ഭാൎയ്യമാരാക്കിക്കൊടുക്കുകയെന്നുള്ള ദേശചൎയ്യ അനുസരിച്ചു, അൎത്ഥപാലനും പ്രവൃത്തിക്കേണ്ടിവന്നു എന്നുള്ളതാണു കഥയുടെ അടിസ്ഥാനം. രണ്ടും രണ്ടാണെന്നു അല്പം ആലോചിച്ചാൽ ആൎക്കും മനസ്സിലാകും. അഥവാ കാവ്യനിരൂപണത്തിന്റെ ആവശ്യത്തിന്നു, ഈ അടിസ്ഥാനത്തെ വ്യക്തമാക്കിത്തന്നെ പറയേണ്ടതായിരുന്നു. അങ്ങിനെ പറയാതിരുന്നതു, അതു കണ്ടറിവാൻ കഴിയാഞ്ഞതിനാലാണെന്നും, അടിസ്ഥാനത്തിൽനിന്നു മനസ്സിലാക്കേണ്ടുന്ന കാൎയ്യോദ്ദേശത്തെ നിരൂപകൻ തെററിദ്ധരിച്ചതിൽനിന്നു ഊഹിക്കാം. നിരൂപകൻ ഇങ്ങിനെ പറയുന്നു:—"അനിഷ്ടപ്രാപ്തിയിൽ തന്നിവാരണത്തിന്നു പ്രയത്നിച്ചുനോക്കുക എന്നതു, സകല പ്രാണികളുടെയും നിയതസ്വഭാവമാകയാൽ, അച്ഛൻ വിവരമൊന്നും അറിയാതെ നിശ്ചയിച്ച വിവാഹത്തിൽ നിന്നൊഴിയുവാൻ 'തരുമനുമതിതാത നിങ്ങൾ' എന്നു പ്രതീക്ഷിച്ചിരുന്ന മകൾ ശ്രമിച്ചു നോക്കാഞ്ഞതു, വിനയം കൊണ്ടോ ഗുരുജനഭയംകൊണ്ടോ ആണെന്നു കവി പറയുന്നതിന്നു വിശ്വാസയോഗ്യത പോരാ". എന്നാൽ കവിപറഞ്ഞതു എന്താണ്?

ഗുരുജനവചനം, കുലക്രമം, തരുണികൾതന്നുടെയസ്വതന്ത്രത,
കരുതിയിവമറച്ചു കാമിതം കരുമനപൂൎവ്വമിവൾ കാട്ടി ലൌകികം.

എന്നാണു. എന്നുമാത്രമോ? ലീലക്കും മദനനും സംഭവിച്ചിരിക്കുന്ന അത്യാഹിതങ്ങൾക്കു കാരണം തന്നെ, ത്യാജ്യമായ ദേശാചാരമാണെന്നു, സമുദായ പരിഷ്കരണത്തിന്നായി ജീവകാലം മുഴുവൻ ശ്രമിച്ച കവി, ഏററവും വ്യക്തമായി പറഞ്ഞിരിക്കുന്നു. ലീലയെക്കൊണ്ടു വിലപിപ്പിക്കുന്നതു നോക്കുക.

പ്രഭുതയിതഥവാനിനക്കുതാ നഭിജനസങ്കടദേശചൎയ്യമേ
അഭയമണവുനിന്നൊ, ഹാ, ജനം, പ്രഭവമനൎത്ഥപരമ്പരയ്ക്കുനീ.

അകതളിരെയറുപ്പു, ഹന്ത! ധീവികലതയേകിവലപ്പുവെത്രതാൻ!
അകരുണമനവദ്യലോകരെ- പ്പകയൊടുകൊൽവുപിശാചവൃത്തിനീ.

കഥയുടെ അടിസ്ഥാനം ഇതാണ്. കഥകൊണ്ടുള്ള ഉദ്ദേശവും ദൈവികമായ യഥാൎത്ഥ പ്രണയത്തെ ബലാല്ക്കാരേണ തടസ്ഥപ്പെടുത്തുവാൻ ദേശാചാരം മുതലായ കൃത്രിമനിയമങ്ങൾ ചെയ്യുന്ന സാഹസം

അത്യാഹിതത്തിൽ അവസാനിക്കുവാൻ ഇടയുണ്ടെന്നു വായനക്കാരെ ധരിപ്പിക്കുകയാകുന്നു. കവിയുടെ നിർദ്ദേശം നോക്കുക:-

അവിഹിതമിഹരക്ഷ്യരോടൊരാൾ ക്കവികലമാം പ്രഭുഭാവം; അല്ലതും
യുവജനഹൃദയം സ്വാതന്ത്ര്യമാണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ.

ഇതൊന്നും കാണ്മാൻ നിരൂപകന്നു കണ്ണില്ല. ഈ ശ്ലോകം നിരൂപകൻ വായിച്ചിട്ടുണ്ടെന്നുള്ളതിന്നു തെളിവുണ്ട്. പക്ഷെ അദ്ദേഹത്തിൻെറ ഈറച്ചക്കണ്ണിൽപെട്ടതു "അല്ലതും" എന്ന പദം മാത്രമാണ്. അതും അല്ല, എന്നതിന്നു പകരം ശ്ലോകത്തിൽ "അല്ലതും" എന്നു മാററിയെഴുതിയതു തെററാണുപോൽ!

"എവിടെക്കാണുപോകുന്ന തിവിടെക്കത്തിരുന്നിടാം"

എന്നിങ്ങിനെ പദങ്ങൾക്കു വൈയ്യാകരണന്മാർ കല്പിച്ച സ്ഥാനം തെററിക്കാതെ ഗദ്യത്തിലെപ്പോലെ പദ്യത്തിലും എഴുതിയാലെ സുഖമുള്ളൂ എന്നാണു നിരൂപകൻെറ അഭിപ്രായം. ഈ നിരൂപകൻ ഒരു കവിയല്ലെന്നും, ഒരിക്കലും വള്ളത്തോളല്ലെന്നും ഞാൻ വിശ്വസിച്ചതിൽ എന്താണു തെററു? ആവട്ടെ, ഇതിനെപ്പററി വഴിയെ ഞാൻ പറഞ്ഞുകൊള്ളാം. ദേശാചാരത്തെയും ലോകസ്വഭാവത്തെയും കേവലം അറിയാത്ത ആളെപ്പോലെ നിരൂപകൻ ചോദിക്കുന്ന ചോദ്യം കേൾക്കുക:—

"എന്നാൽ 'മാധുരീസദന'വും 'ഗുണോത്തരനും' 'സഖാവു'മായ മദനന്നു വല്ല ന്യൂനതയും ഉണ്ടോ? ഉണ്ടെങ്കിൽ അതു നിർദ്ധനതയാണെന്നാണു ചില സൂചനകൾ കൊണ്ടു ഊഹിക്കേണ്ടിയിരിക്കുന്നതു. ഇതു ശരിയാണെങ്കിൽ, ഈ ഒരു കാരണത്തിന്മേൽ തൻെറ പ്രാണാധികപ്രേമഭാജനമായ ഏകപുത്രിയെ എന്നെന്നും ദുഃഖഭാഗിനിയായിത്തീർപ്പാൻ കുബേരതുല്യനായ ഒരു പിതാവു തീർച്ചപ്പെടുത്തിയേക്കുമോ?" കുബേരതുല്യരായ ചില പിതാക്കളാണു മററുള്ളവരേക്കാൾ മുമ്പേ അങ്ങിനെ തീർച്ചപ്പെടുത്തുകയെന്നു നിരൂപകൻ അറിയുകയില്ലെന്നോ? ധനത്തിൽ തൃപ്തിയടഞ്ഞ ധനവാന്മാർ ലോകത്തിൽ എത്രയുണ്ട്? തന്നെപ്പോലെയൊ തന്നേക്കാൾ അധികമൊ ധനസമ്പത്തുള്ളവനല്ലാതെ പ്രിയപുത്രിക്കു അനുരാഗമുള്ള ഒരു ദരിദ്രനാണു അവളെ വിവാഹം ചെയ്തുകൊടുക്കേണ്ടതെന്നുള്ള വിചാരമുള്ള ധനവാന്മാർ എത്രയുണ്ട്? ലീലയുടെ നിരൂപകൻ—അതു വള്ളത്തോളാണെന്നു വിശ്വസിക്കാതിരിക്കുവാനുള്ള കാരണങ്ങൾ പിന്നപ്പിന്നെ മുഴച്ചുവരുന്നു-കാവ്യകലയുടെ ധർമ്മം തന്നെ അറിയാത്ത ഒരു സാധാരണമനുഷ്യനാണെന്നാണു തോന്നുന്നതു. ലോകത്തിൽ കാണുന്നകാഴ്ചകളും നടക്കുന്ന സംഭവങ്ങളും പക്ഷിമൃഗാദികളുടേയും മനുഷ്യരുടേയും സ്വഭാവങ്ങളും മററും പകർത്തി, അവക്കു ചമൽക്കാരം വരുത്തി സഹൃദയ ഹൃദയാനന്ദകരമാകും വണ്ണം പ്രതിവാദി

ക്കുകയാണല്ലൊ കവികളുടെ ധൎമ്മം. ഇവയിൽ മനുഷ്യസ്വഭാവത്തെപ്പോലെ വിവിധത്വമുള്ള മറെറാന്നില്ല. ഒരേ കാരണത്താൽ, ഒരേ സന്ദൎഭത്തിൽ നൂറു മനുഷ്യർ വിചാരിക്കുന്നതും പ്രവൎത്തിക്കുന്നതും നൂറു വിധത്തിലായിരിക്കും. ഒരു ധനവാൻ സുന്ദരിയായ തൻെറ പുത്രിയെ ദരിദ്രനെങ്കിലും ഗുണവാനായ ഒരാൾക്കു കൊടുപ്പാൻ ആഗ്രഹിക്കാം. മറെറാരാൾ വെറും ധനത്തെ മാത്രം ഓൎത്തു യുവതിയായ തൻെറ മകളെ വൃദ്ധനായ ഒരുവന്നു കൊടുപ്പാൻ മടിക്കുകയില്ല. മറെറാരാൾ സൌന്ദൎയ്യത്തെയായിരിക്കും ധനത്തേക്കാളും ഗുണത്തേക്കാളും വിലവെക്കുന്നത്. സൎവ്വഗുണങ്ങളും കുലമാഹാത്മ്യത്തിന്നു കീഴിലായി വിചാരിക്കുന്നവർ ഉണ്ടാകാം. അതുകൊണ്ട് ഏതെങ്കിലും കഥയിലെ വല്ല പാത്രവും ഏതെങ്കിലും ഒരു സന്ദൎഭത്തിൽ അങ്ങിനേയായിരുന്നു ചെയ്യേണ്ടത്, ഇങ്ങിനേയായിരുന്നില്ല ചെയ്യേണ്ടിയിരുന്നതു, എന്നു ലോകപരിചയമുള്ള വിമൎശകന്മാർ വിധിക്കുകയില്ല. പക്ഷെ ആ പാത്രത്തിന്നുള്ളതായി ഗ്രന്ഥകൎത്താവു വിവരിച്ചിരിക്കുന്ന സ്വഭാവത്തിൽ വ്യത്യാസപ്പെട്ട നിലയിൽ അയാളെക്കൊണ്ടു കഥയിൽ പ്രവൎത്തിപ്പിച്ചുവെങ്കിൽ, അതു തെററുതന്നെ. അൎത്ഥപാലൻെറ സ്വഭാവത്തെപ്പററി കവി എന്തു പറയുന്നു? അയാളെപ്പററി വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ അതു താഴെ എഴുതുന്ന രണ്ടുവരികളിൽ അടക്കിയിരിക്കുന്നു:—

അവനുമമതകൊണ്ടുതുല്യമായവളുമസുക്കൾ വസുക്കൾതാനുമെ.

അയാൾ പുത്രിയേയും ജീവനേയും ധനത്തേയും ഒരുപോലെ സ്നേഹിച്ചു. ധനത്തെ ജീവനെപ്പോലെ സ്നേഹിച്ച ഒരാൾ, ജീവനെപ്പോലെ സ്നേഹിക്കുന്ന പുത്രിയെ ധനികത്വം നോക്കി വിവാഹം ചെയ്തുകൊടുത്തതിൽ എന്താണ് അസാംഗത്യം എന്നു മനസ്സിലാകുന്നില്ല. അദ്ദേഹം ചെയ്തതെന്താണ്.

കമനനഥമകൾക്കവൻ, യുവാസമധനവംശനീണങ്ങമെന്നുതാൻ
മമതയൊടുമുറച്ചു ചെയ്തുപോയ് സമയവുമങ്ങിനെയൎത്ഥപാലകൻ

ഇങ്ങിനെ വിവാഹം ചെയ്തുകൊടുത്താൽ, “തൻെറ പ്രാണാധിക പ്രേമഭാജനമായ ഏകപുത്രിയെ എന്നെന്നും ദുഃഖഭാഗിനിയാക്കിത്തീൎക്കുമെന്നു” ഊഹിപ്പാൻ അയാൾക്കു യാതൊരു കാരണവും ഉണ്ടായിരുന്നില്ല.

നിരൂപകൻെറ മറെറാരാക്ഷേപം നോക്കുക.

“സുപരിക്ഷിതമിപ്പഴേൻമനസ്സുപശങ്കംസഖി, മുമ്പിതേലുകിൽ
ത്രപവിട്ടിവൾ ചെയ്യുമായിരു–ന്നവരോക്ഷം പ്രിയഹസ്തപീഡനം.

“എന്നു പശ്ചാത്തപിക്കുന്നതുകൊണ്ടു മദനൻെറ പേരിൽ തനിക്കുള്ള അനുരാഗത്തിൻെറ അപരിഹാൎയ്യതയെപ്പററി കൃതമതിയായ ലീലക്കു ആദ്യം അത്രവിശ്വാസം ഉണ്ടായിരുന്നില്ല, എന്നാണു സൂചിക്കു

ന്നത്." നിരൂപകൻ ഇങ്ങിനേ പറഞ്ഞിട്ടു "ഇതും നായികക്കു അപകഷമല്ലയോ" എന്നു ചോദിക്കുന്നു. ഈ ആക്ഷേപത്തെ ഒന്നു നല്ലവണ്ണം പരിശോധിക്കുക തന്നെ, മേലെഴുതിയ ശ്ലോകത്തിൻെറ സന്ദർഭം ഏതാണെന്നു നോക്കുക. ലീലയുടെ വിവാഹാനന്തരം ഭ്രാന്തനായിത്തീൎന്ന മദനൻ വനത്തിൽ ഏകനായി അലഞ്ഞു നടക്കുകയാണെന്നു സഖിയിൽ നിന്ന് അറിഞ്ഞപ്പോൾ അവനെ അന്വേഷിച്ചുപോകാൻ ലീല ധൃതികൂട്ടി. സഖി അതിന്നു തടസ്ഥം പറഞ്ഞു. അപ്പോൾ ലീല പലേ തത്വങ്ങളും പറയുന്നു. വിവാഹം നടന്നിരുന്ന അവസരത്തിൽ ഉണ്ടാകാതിരുന്ന മനഃപരിപാകം അവൾക്കു പിന്നീട്ടുണ്ടാകയും തനിക്കു സിദ്ധിച്ച അത്യാഹിതത്തിൽ അതു പ്രകാശിക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണു അവൾ ഈ തത്വങ്ങൾ പറയുന്നത്. ആ സന്ദർഭത്തിലാണു മേല്പറഞ്ഞ ശ്ലോകത്തിൽ അടങ്ങിയ അഭിപ്രായവും അവൾ പറയുന്നത്. "ഞാൻ ഇപ്പോൾ എൻെറ മനസ്സിനെ നല്ലവണ്ണം പരിശോധിച്ചു. ഇത് (മനഃപരിപാകം) എനിക്ക് ആദ്യം ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ലജ്ജവിട്ടു പ്രത്യക്ഷമായിട്ടു പ്രിയൻെറ പാണിഗ്രഹണം ചെയ്യുമായിരുന്നു" എന്നാണ് ശ്ലോകത്തിൻെറ അൎത്ഥം "കുറെകൊല്ലം മുമ്പു എനിക്കു മനഃപരിപാകം വരുന്നതിന്നു മുമ്പു, നടന്നിരുന്ന ആ വിവാഹം എൻെറ മനസ്സിന്നു പരിപാകം വന്നിട്ടുള്ള ഇന്നാണു നടത്തുവാൻ അച്ഛൻ ഏൎപ്പാടു ചെയ്തിരുന്നതെങ്കിൽ, ഞാൻ അച്ഛൻെറ വാക്കും കുലാചാരവും ദേശാചാരവും ഒക്കെ ധിക്കരിച്ചു മദനനെ വിവാഹം ചെയ്യുമായിരുന്നു" എന്നാണു ലീലയുടെ ഈ വാക്കിൻെറ സാരമെന്ന് ഏതൊരാൾക്കും എളുപ്പം മനസ്സിലാക്കാം. എന്നിരിക്കേ ലീലയുടെ അനുരാഗത്തിൻെറ അപരിഹാൎയ്യതയിൽ അവൾക്കുതന്നെ വിശ്വാസമുണ്ടായിരുന്നില്ലെന്നാണ് ആ ശ്ലോകംകൊണ്ടു അൎത്ഥമാകുന്നതെന്നു നിരൂപകൻ പറയുന്നു. "മലയാള ഭാഷാസാഹിത്യത്തിലെ ഗ്രന്ഥനിരൂപണപ്രസ്ഥാനത്തെ പരിശുദ്ധവും പരിഷ്കൃതവും ആക്കുവാൻ കോപ്പുകൂട്ടുന്നവർ അവധാനപൂൎവ്വം നോക്കിപ്പഠിക്കേണ്ടത്" ഈ വക നിരൂപണങ്ങളെയാണെന്നു പറഞ്ഞതുകൊണ്ടു നിരൂപകനേയും തന്നെത്തന്നെയും മി. കുട്ടികൃഷ്ണമാരാർ പരപരിഹാസത്തിന്നു പാത്രമാക്കുകയാണ് ചെയ്തതെന്നു ഇനിയെങ്കിലും മനസ്സിലാക്കി അദ്ദേഹം പശ്ചാത്തപിക്കുമോ, എന്തോ?

# നരൻെറ ശക്തി നാരി.

(അന്നനട)

അബലയെന്നു,മസ്വതന്ത്രയെന്നുമി-
ന്നാലപിത മീയധകൃതജാതി
നരൻെറശക്തിതാനടിമയല്ലെന്നും;
പുരോഗതിക്കു പിന്തുണയിവരെന്നും;
ധരിക്കുവാൻ മാത്രം മനഃസ്ഥിതിയില്ലേ
സരോജിനീദേവി പിറന്നപാരിതിൽ?

അടുക്കളയ്യൊപ്പു, മടക്കുളത്തിലും;
എടുത്തു തൂലികനടത്തിടാനുമേ;
മടുത്തിടാത്തൊരീമടവാരെ, മാമൂൽ-
ച്ചടങ്ങുകൾ ശക്തിചടപ്പിച്ചുവിട്ടോ?

പാലക്കാട്. പള്ളത്ത് രാമൻ.

# വിചാരവീചി.

## നായർ വിവാഹം

"നായർ നിയമവും വിവാഹവും" എന്ന തലക്കെട്ടിൽ, ശ്രീമാൻ, എം. രാമവർമ്മ തമ്പാൻ അവർകൾ, ബി. എ. എൽ. ടി. സർവ്വീസ് പത്രത്തിൽ എഴുതീട്ടുള്ള ലേഖനത്തിൻെറ ഒരു ഏകദേശസംഗ്രഹമാണിത്. നായർ നിയമപ്രകാരം ആളോഹരിഭാഗത്തിനും മററും അവകാശം സിദ്ധിച്ചും ഏതാണ്ടു മക്കത്തായംപോലെയായുമിരിക്കുന്ന തിരുവിതാംകൂറിലെ നായന്മാരെ ഉദ്ദേശിച്ചാണ് പ്രസ്തുതലേഖനമെഴുതിയിരിക്കുന്നതെങ്കിലും നായർവർഗ്ഗം പൊതുവിൽ ആലോചിക്കേണ്ട സംഗതികളും അതിലുള്ളതിനാൽ ഈ കുറിപ്പ് അനാവശ്യമാകയില്ലെന്നു വിശ്വസിക്കുന്നു.

ഒന്നാമതായി ശ്രീമാൻ തമ്പാൻ, നായർ നിയമപ്രകാരം, പൊതുസ്വത്തിൽനിന്ന് അവനവൻെറ ഓഹരി തിരിച്ചുകിട്ടി, അതിൻെറ തുക എത്രയാണെന്നറിയുവാനും അഭിവൃദ്ധിക്കു ശ്രമിക്കുവാനും തരമായിട്ടുള്ളതിനെപ്പററി അഭിനന്ദിക്കുന്നു. ഈ നിയമം നായർ യുവാക്കന്മാൎക്ക് ഉത്തരവാദിത്വബോധവും ഉണൎച്ചയുമുണ്ടാവാൻ ഇടയാക്കുന്നുവെന്നുള്ള തമ്പാൻെറ അഭിപ്രായം ആദരണീയംതന്നെയാണ്. പക്ഷെ തൻെറ സ്വത്തു തനിക്കായിട്ടു തിരിച്ചുകിട്ടുമ്പോൾ മാത്രം ഉണർവ്വും ബോധവുമുണ്ടാവുകയും അതല്ലെങ്കിൽ അലസനായിക്കഴിയുകയും ചെ

ധൂൎത്തകവൎണ്ണം സ്വാൎത്ഥിയും മടിയനുമാണ് നായർ എന്നതിൻെറ ഒരു പ്രഖ്യാപനമായിരിക്കും ഇത്. സ്വാൎത്ഥവിചാരശക്തിയാൽ സ്വന്തം കുടുംബത്തിൻെറ (അതായത് പഴയ മരുമക്കത്തായപ്രകാരം ഇളയമ്മ മൂത്തമ്മ മുതലായവരുടെ സന്താനപരമ്പരകളടങ്ങിയ ഒരു അവിഭക്തകുടുംബത്തിൻെറ) യോഗക്ഷേമങ്ങൾക്കുപോലും—ഒരു വീട്ടിലെ അഭിവൃദ്ധിക്കുപോലും--ഉത്സാഹിക്കാത്ത ഉദരംഭരിയാണ് നായരെന്നുവന്നാൽ ആയാളെക്കൊണ്ടോ അങ്ങിനെയുള്ള നായർസമുദായത്തെക്കൊണ്ടോ സ്വവൎഗ്ഗത്തിന്നോ സ്വദേശത്തിന്നോ സ്വരാജ്യത്തിന്നോ ലോകത്തിന്നോ എന്തൊരു കാൎയ്യമാണുള്ളതെന്നാലോചിക്കുമ്പോൾ പരിതപിക്കാനല്ലാതെ വഴിയില്ല. സാമ്പത്തികമായ ഉൽക്കൎഷത്തിന്നു വൈവിധ്യമുണ്ടാക്കിത്തീൎക്കുകയും, നമ്മുടെ പ്രധാനസ്വത്ത് ഭൂമിയാകയാൽ കൃഷി കഴിയുന്നത്ര പുഷ്ടിപ്പെടുത്തുവാൻ ശ്രമിക്കുകയും വേണമെന്നു പറയുന്ന ഘട്ടത്തിൽ "ഭാഗം കൃഷിക്കു വിരോധമാകയാൽ ഭാഗം ചെയ്താലും സഹകരണപ്രസ്ഥാനം മൂലം നാം യോജിച്ചു കൂട്ടുകൂടി പ്രവൎത്തിക്കേണം" എന്നു പ്രസ്താവിച്ചിരിക്കുന്നു. ഈ അഭിപ്രായങ്ങളിൽ ഒളിച്ചുകിടക്കുന്നത്—ദായക്രമവും അവിഭക്ത നിലയുമല്ല നായർ വൎഗ്ഗത്തിൻെറ സാമ്പത്തികമായ ക്ഷയത്തിന്നു കാരണമെന്നും, കുറെ കാലത്തിന്നിപ്പുറം അനുകരണഭ്രമത്താലും ഗതാനുഗതികത്വത്താലും സ്വാൎത്ഥപ്രതിപത്തിയാലും അന്ധന്മാരായിത്തീൎന്നിട്ടുള്ള നായന്മാർ കൂട്ടുസ്വത്തിൻെറ നിലനില്പിന്നും അഭിവൃദ്ധിക്കും യാതൊന്നും പ്രവൎത്തിക്കാതായിത്തീൎന്നിട്ടുള്ളതാണെന്നും ഉള്ള വാസ്തവമാകുന്നു. പ്രായേണ ഒരു കൎഷകരാജ്യമാണെന്നു ഗണിക്കാവുന്ന മലയാളത്തിൽ, ഇതരരാജ്യവ്യതിരിക്തമായ വിധം ഒരു ദായക്രമമുണ്ടാവാനിടയായത് ബുദ്ധിശാലികളായ പൂൎവ്വികന്മാരുടേ ഗാഢാലോചനയുടെ ഫലമായിട്ടാണെന്നും കേരളത്തിലെ സമ്പൽസ്ഥിതി ഇങ്ങിനെയെങ്കിലും ഇത്രകാലം നിലനിന്നിട്ടുള്ളതു് കൂട്ടുസ്വത്തിന്റെ സ്ഥിരതക്കു സഹായിച്ചുപോന്ന ആ ദായക്രമം നിമിത്തമാണെന്നും വിചാരിക്കുന്നതു ശരിയായിരിക്കും. ഇക്കാലത്ത് അഭിപ്രായഭേദത്തിന്നിടയുള്ളതും വളരെ ആലോചനക്കുശേഷംമാത്രം ഒരഭിപ്രായം പറയേണ്ടതുമായ ഈ വിഷയത്തെപ്പററി ഇപ്പോൾ ഇതിലധികം വിസ്തരിക്കാതെ ഉപന്യാസത്തിലെ മററുസംഗതികളുടെ ചുരുക്കംതന്നെ പറയാം.

നായർ വിവാഹമാണല്ലൊ വിഷയം. ഈ പ്രകൃതത്തിൽ മക്കത്തായമാചരിക്കുന്ന ബ്രാഹ്മണാദിവൎണ്ണങ്ങളെ അനുകരിക്കുന്നതുകൊണ്ടു മിക്കവാറും വന്നുചേൎന്നിട്ടുള്ള സ്ത്രീധനം കൊടുക്കുക എന്ന സമ്പ്രദായത്തെ ആക്ഷേപിക്കുകയാണ് തമ്പാൻ ആദ്യമായി ചെയ്യുന്നതു്. പിതൃസ്വത്തിന്നവകാശിയല്ലാതെ വിട്ടുപോവുന്ന പുത്രിക്ക് അച്ഛൻെറ സമ്പാദ്യത്തിൻെറ ഓഹരി കിട്ടാൻവേണ്ടി ഒരു കാലത്ത് ഏൎപ്പെടുത്തിയി

രിക്കാവുന്നതും, കാലംകൊണ്ടു ദുഷിച്ച് ഒരു നീച സമ്പ്രദായമെന്ന നിലയിൽ എത്തീട്ടുള്ളതും, ബ്രാഹ്മണർതന്നെ ഉപേക്ഷിക്കാൻ വഴിയാലോചിച്ചുകൊണ്ടിരിക്കുന്നതുമായ ഈ സമ്പ്രദായത്തെ അനുകരിക്കാൻ പുറപ്പെടുന്നത് മൂഢത്വമാണെന്നു തമ്പാൻ തന്റെ ഉപന്യാസത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

പിന്നെ നടപ്പുള്ള മറെറാരുസമ്പ്രദായം "സോദരീസോദരന്മാരുള്ള കുടുംബങ്ങൾ തങ്ങളിൽ വധൂവരന്മാരെ അന്യോന്യം പകരംകൊടുത്തു വിവാഹംചെയ്ക"യാണ്. ഈ സമ്പ്രദായം മുൻവിവരിച്ചതുപോലെ സ്ത്രീധനം കൊടുക്കാനുള്ള പണച്ചെലവുകൂടാതെ കഴിക്കാൻ സഹായിക്കുന്നുണ്ടെങ്കിലും, വിവാഹബന്ധം ഒരു വെറും കച്ചോടംപോലെയായി വന്നുകൂടുന്നതിനാൽ സ്വീകാരയോഗ്യമല്ല. എന്നുതന്നെയല്ല മേൽപ്രകാരം അന്യോന്യവിവാഹം നടത്തുന്ന കുടുംബങ്ങളിൽ ഒന്നുകിൽ വിവാഹബന്ധം വല്ല സംഗതിവശാലും ശിഥിലീഭവിക്കയൊ അസുഖമായിത്തീരുകയൊ ചെയ്താൽ മറേറതും അതുപോലെയാവാൻ നിർബ്ബന്ധിക്കയും അസുഖം വർദ്ധിക്കയും ചെയ്യാനിടവരുന്നു. ഒരു സമയം ആ ദമ്പതിമാർ യഥാർത്ഥദാമ്പത്യസുഖമനുഭവിക്കുന്നവരായെന്നും വരാം. ആ നിലയിൽ ഇതിൽപരം കഷ്ടമെന്തുണ്ട്. അതിനാൽ ഈ സമ്പ്രദായവും സ്വീകാരയോഗ്യമല്ല. വിവാഹബന്ധം സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ദൃഢപ്രേമത്തിൽ നിന്നുണ്ടാവേണ്ടതും അതിനെ ആസ്പദമാക്കി മാത്രം നിലനില്ക്കുന്നതുമാകയാൽ, തന്റെ സഹോദരിക്കോ സഹോദരനോ വേണ്ടി, തനിക്കു പ്രേമമില്ലാത്ത സ്ത്രീയോ പുരുഷനേയോ ഭാര്യയായോ ഭർത്താവായോ സ്വീകരിക്കാൻ ഇടവരുന്നവരുടെ ദാമ്പത്യജീവിതം നിത്യദുഃഖപ്രദമാകയാൽ അതൊരിക്കലും സ്വീകാരയോഗ്യമല്ല. അങ്ങിനെയുള്ള വിവാഹങ്ങളിൽ ചിലത് ഘുണാക്ഷരന്യായേന ചിലപ്പോൾ ശുഭമായി കലാശിക്കാറുണ്ടെങ്കിലും സമുദായക്ഷേമത്തിന്നു പററിയതല്ല. ബ്രാഹ്മണന്മാരെ അനുകരിക്കാൻ പുറപ്പെട്ട ശൈശവവിവാഹവും വിധവാവിവാഹത്യാഗവും ഏറ്റെടുത്തുവാൻ ശ്രമിച്ചാൻ അധോഗതിക്കുള്ള വഴി തെളിഞ്ഞു എന്നു തമ്പാനവർകൾ പറയുന്നതും ശ്രദ്ധേയംതന്നെയാണ്.

ഈ പ്രകൃതത്തിൽ "മാക്സ്നാർസൊ" എന്ന ഫ്രഞ്ചുശാസ്ത്രജ്ഞന്റെ അഭിപ്രായം അദ്ദേഹം എടുത്തുചേർത്തിട്ടുള്ളതു ഈ നാട്ടുകാർ അക്ഷരംപ്രതി പഠിച്ച് ഉരുക്കഴിക്കേണ്ടതായി തോന്നുന്നു:—"ഇന്നു ലോകജീവിതത്തിൽ കാണുന്ന സകല അവസ്വാരങ്ങൾക്കും കാരണം ഭാര്യാഭർത്തൃബന്ധം ആദ്യം മുതൽ അവസാനംവരെ പ്രണയാധീനമല്ലാത്തതിനാൽ സന്താനങ്ങളും പ്രണയഫലമല്ലാതെ തീരുന്നതാണ്" ഇതാണ് ആ പണ്ഡിതന്റെ അഭിപ്രായം. ഇതിന്റെ യാഥാർത്ഥ്യം അത്ര ക്ഷ

ണനം തെളിഞ്ഞുകാണുന്നില്ലെങ്കിൽ കൂടി അല്പം ആലോചിച്ചാൽ വിശദമാവുമെന്നുതന്നെയാണു് തോന്നുന്നതു്.

ഇക്കാലത്ത് വരന്മാരെ കിട്ടുവാൻ പണ്ടത്തെക്കാൾ പ്രയാസം നേരിടുന്നുണ്ടെങ്കിലും, അത്—ഇപ്പോൾ പെൺകുട്ടികൾക്ക് വിദ്യാഭ്യാസവും തന്റേടവും വൎദ്ധിച്ചിരിക്കയാൽ ഭൎത്താവെ അതു സന്താനോൽപാദനത്തിനുള്ള ഒരു യന്ത്ര വിഭാഗമെന്ന നിലവിട്ടു അന്വൎത്ഥനിലയിൽ (ഭരിക്കത്തക്ക ഒരാളായി) ആയിരിക്കേണമെന്ന് അവർ ഓൎത്തുതുടങ്ങിയതിന്റെ ഫലമാണെന്നും തമ്പാൻ തന്റെ ഉപന്യാസത്തിൽ സരസമായി പ്രതിപാദിച്ചിരിക്കുന്നു. പണം കൊടുത്തൊ മാററമായൊ കൊള്ളക്കൊടുക്കപോലെ ഭൎത്താവിനെ സമ്പാദിച്ചുകിട്ടുന്നതിനെക്കാൾ ഉത്തമം അവിവാഹിതകളായിത്തന്നെയിരിക്കുന്നതാണെന്നു പറഞ്ഞുതുടങ്ങിയിരിക്കുന്ന വിദ്യാഭ്യാസമുള്ള ബാലികമാരെ അദ്ദേഹം അഭിനന്ദിക്കുന്നു. ഉത്തമരീതിയിൽ ഭാൎയ്യാപുത്രാദികളെ സംരക്ഷിച്ചു ഭൎത്താവിന്റെ നില പരിപാലിക്കുവാൻ സാധിക്കാത്ത പുരുഷന്മാരും ഈ മാതിരിതന്നെ തീൎച്ചപ്പെടുത്തുന്നതായാൽ നന്നായിരുന്നു എന്നുകൂടി ഈ ഘട്ടത്തിൽ പ്രസ്താവിക്കേണ്ടതായിരുന്നു എന്നുതോന്നുന്നു.

വിദ്യാഭ്യാസമുള്ള സ്ത്രീകളും പുരുഷന്മാരെപ്പോലെ ഉദ്യോഗങ്ങൾ സ്വീകരിച്ചു ധനസമ്പാദനം ചെയ്തുകൊണ്ടു നിത്യകന്യകമാരായൊ അഥവാ വിവാഹംചെയ്തൊ കൂടുന്നത്, അദ്ദേഹം പറയുന്നതുപോലെ സമുദായത്തിന്റെ സാമ്പത്തികസ്ഥിതിക്കു ഗുണമായിരിക്കാമെങ്കിലും, അങ്ങിനെയായാൽ, സ്ത്രീധൎമ്മം, ഭാൎയ്യാധൎമ്മം, ഗൃഹിണീധൎമ്മം, മാതൃധൎമ്മം ഇവക്കു ലോപംകൂടാതെ പരിപാലിക്കുവാൻ സാധിക്കുമൊ എന്നു ബലമായി സംശയിക്കുന്നു. അതു സാധിക്കാതെപോയാൽ ഏതാനും തലമുറകഴിയുമ്പോഴെക്കു സമുദായത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്നും ഗാഢമായി ആലോചിക്കാനുള്ളതാണ്.

ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയും, ഉദ്യോഗസ്വീകാരം മുതലായ ധനസമ്പാദന സംരംഭങ്ങളും, പരിഷ്കൃതലോകമെന്നു വെച്ചിട്ടുള്ള മററു ചിലരെ മറേറാരുവിധത്തിലും പ്രതിപദം അനുസരിക്കുന്നതും—ചുരുക്കത്തിൽ ഇന്നത്തെ പലഅനുകരണഭ്രമങ്ങളും—നിൎദ്ദോഷമായ ശ്രേയോമാൎഗ്ഗംതന്നെയൊ എന്നുള്ളതും സൂക്ഷ്മാലോചനക്കു ശേഷംമാത്രം തീൎച്ചപ്പെടുത്തേണ്ടതായിതോന്നുന്നു.

സി. എ. യം.

### "പാഷയും ഭാഷയും."

സാഹിത്യ സമാജങ്ങളുടെയും ഭാഷാപരിഷ്കരണ കമ്മിററികളുടെയും മററും കഥകേൾക്കുമ്പോൾ ആരാണ് തുക്കിയിലെ കേമാൽ പാ

ഷയുടെ ഭാഷ പരിഷ്ക്കരണോദ്യമത്തെ ഓക്കാത്തതു്. ഇത്തലിയിലെ മസോലിനി, തുക്കിയിലെ കേമാൽപാഷ മുതലായവർ തന്നിഷ്ടംനടത്തുന്നതിന്നു കുപ്രസിദ്ധി നേടിയവരാണെങ്കിലും, ആശാസ്യവും ഉത്തമവുമായ പരിഷ്കാരങ്ങൾ നടത്തുവാൻ അങ്ങിനെയുള്ള ഭരണമാണ് അത്യന്തോപയുക്തമെന്നതിന്നു രണ്ടുപക്ഷമില്ല. പ്രതിനിധിസഭകൾമൂലമായും, ക്രമേണയുമായുള്ള പരിഷ്കരണോദ്യമങ്ങൾ ഫലപ്രദങ്ങളായിത്തീന്നു കാണുന്നതു് എത്രയോ ദുർല്ലഭമാണ്. സാമുദായികപരിഷ്കാരങ്ങൾ, മദ്യസേവാനിവാരണം മുതലായവ നമ്മുടെ നാട്ടിൽ നടപ്പാക്കുവാൻ നമുക്കു നേരിടുന്ന ബുദ്ധിമുട്ടുകൾതന്നെ അതിന്നു സാക്ഷ്യംവഹിക്കുന്നതാണു്. സ്വല്പം ചിലരുടെ സ്വാത്ഥതല്പരതയൊ, വയോവൃദ്ധലോകത്തിന്റെ മക്കടമുഷ്ടിയൊ, യാഥാസ്ഥികരുടെ അലസതയൊനിമിത്തം ആധുനികരായ യുവപരിഷ്കൃതാശയന്മാക്കു ഇതരദേശങ്ങളെപ്പോലെതന്നെ ഭാരതത്തെയും കേരളത്തെയും പരിഷ്ക്കരിപ്പാൻ സാധിക്കുന്നില്ല. കേമാൽപാഷാ ഭാഷാപരിഷ്ക്കരണത്തിൽ ചെയ്തുവരുന്ന ഉദ്യമങ്ങൾ തുലോം ശ്ലാഘനീയമായിരിക്കുന്നു. സ്വന്തമായതെന്നു കരുതി ഉത്തമമെന്നും, വളരെ പുരാതനമെന്നു കരുതി ദൈവീകമെന്നും അദ്ദേഹം തുക്കിയിലെ ഭാഷാലിപികളെ കരുതിയില്ല. ആധുനിക കാലത്തു് അതു യുക്തമല്ലെന്നുകരുതി തുക്കിയിലെ വിദ്യാഭ്യാസവകുപ്പിലെ പ്രമാണികളെയും പണ്ഡിതരെയും വരുത്തി ഭാഷാലിപികൾ പരിഷ്കരിച്ചു. ലാററിൻ ലിപികളെ അവർ സ്വീകരിച്ചു അതിന്നുവേണ്ട ഭേദഗതികളും വരുത്തി. നാല്പത്തെട്ടു അക്ഷരംകൊണ്ടു വലത്തുനിന്നു ഇടത്തോട്ടു എഴുതുന്ന സമ്പ്രദായം മാററി, ഇരുപത്തൊമ്പതക്ഷരം ഇടത്തുനിന്നു വലത്തൊട്ടെഴുതാറാക്കി. മലയാളഭാഷ സ്വന്തം ഗൃഹങ്ങളിൽ നിന്നുപോലും സംസാരിക്കുന്നതു് പരിഷ്കാരത്തിന്നു ഹാനികരമാണെന്നു് കരുതുന്നചില മലയാളി ഉദ്യോഗസ്ഥന്മാരെ അതിശയിപ്പിക്കത്തക്ക നിലയിൽ, കേമാൽപാഷാ താൻതന്നെ തന്റെ രാജ്യമാസകലം നടന്നുചെന്നു ഈ നവീനലിപികളെ തന്റെ പ്രജകളെ പഠിപ്പിച്ചുവരുന്നു. ഇങ്ങിനെ എഴുത്തച്ഛനായി താൻതന്നെ നടക്കുന്നതുകൊണ്ടു് ഭാഷയിൽ വേണ്ടിവരുന്ന പരിഷ്കാരത്തെ തനിക്കുതന്നെ ഗ്രഹിപ്പാൻ സംഗതിയാകുന്നു. നവീനലിപികളിൽ ഏതാണ്ടു മുഴുവൻ പുസ്തകങ്ങളും അച്ചടിച്ചു കഴിഞ്ഞപ്പൊഴാണ് പിന്നീടു് ഒരു പരിഷ്കാരംക്രുടി വേണ്ടതായിതോന്നിയതു് ഭാഷാഭിമാനംകൊണ്ടുജ്വലിക്കുന്ന അദ്ദേഹത്തിന്നു ആ പുസ്തങ്ങളൊക്കെ ചുട്ടുകളയുവാനും വീണ്ടും ആ പരിഷ്കാരത്തോടുക്രുടി പുസ്തകങ്ങൾ അച്ചടിക്കുവാനും കല്പിപ്പാൻ യാതൊരു മടിയുമുണ്ടായില്ല. 60,000 വാക്കുകളടങ്ങിയ ഒരു നിഘണ്ഡു തയ്യാറായിക്കഴിഞ്ഞു. പഴയ അക്ഷരങ്ങളിലുള്ള വത്തമാന പത്രങ്ങളൊക്കെ വരുന്ന ഡിസമ്പ്രമാസം ഒന്നാംതീയതിയോടുക്രുടി പുതിയലിപികളിലായിരിക്കേണമെന്നും, അതിന്നായി നവമ്പ്രമാസംമ

തൽ പകുതി പുതിയതും പകുതി പഴയതുമായ ലിപികളിൽ ആക്കി ത്തീക്കേണമെന്നും നിശ്ചയിച്ചു. അങ്ങിനെ പുതിയ അക്ഷരങ്ങൾ വാക്കുവാൻ ഗവമ്മേണ്ടു പത്രങ്ങൾക്കു ധനം സഹായിക്കുകയുംചെയ്യുന്നുണ്ട്. ഇംഗ്ലീഷുപത്രങ്ങൾ "ഹിന്ദു"വോ, "മെയി"ലൊ വായിക്കുകയല്ലാതെ മലയാളം കടലാസുകൾ വായിക്കുന്നത് എത്ര ലാഘവമാണ് എന്നു കരുതുന്ന മലയാളികൾ ഈ ഭാഷാപ്രണയിയുടെ ഉദ്യമങ്ങളെ ഒന്നു കണ്ണുതുറന്നു നോക്കിയാൽ എത്രനന്നായിരുന്നു! ഗവമ്മേണ്ടുകടലാസ്സുകളും എഴുത്തുകളും ശാസനങ്ങളും ഒക്കെയും ഒക്ടോബർമുതൽതന്നെ പുതിയ ലിപികളിലാക്കിക്കഴിഞ്ഞു. അതിന്നായി പുതിയ ടൈപ്പ്റൈറ്റർ എത്രയോ ആയിരം പുതിയതായി നിമ്മിച്ചുകഴിഞ്ഞു. ഒരു നൂറുകൊല്ലം കൊണ്ടു വരുത്തിക്കൂട്ടാൻതന്നെ പ്രയാസമുള്ള പരിഷ്കാരങ്ങൾ കേമാൽ പാഷാ ഒരു രണ്ടുകൊല്ലംകൊണ്ട് തുക്കിയിൽ വരുത്തി എന്നുള്ളതും സാഹിത്യപരിഷത്തുകളും കവനപരീക്ഷകളും ഒരു നൂററാണ്ടു നടത്തീട്ടും മലയാളഭാഷ ഒരണുവും പരിഷ്കരിക്കപ്പെട്ടില്ലെന്നുമാത്രമല്ല അതിൽ ഒരു നല്ല നിഘണ്ടുവാകട്ടെ, നല്ല സാഹിത്യചരിത്രഗ്രന്ഥമാകട്ടെ; ശാസ്ത്രീയഗ്രന്ഥമാകട്ടെ, ഉണ്ടായില്ലെന്നുള്ളതും ഒരേസമയത്ത്—ഒരു ലോകചരിത്രത്തിൻെറ രണ്ടുഭാഗങ്ങളിലായി ഭാവിയിൽ രേഖപ്പെടുത്തിക്കാണുമെന്നുള്ളത് നാം ഓക്കുന്നുണ്ടോ?

കെ. വി.

## "ലിപിപരിഷ്കാരം"

മലയാളത്തിലെ ലിപിപരിഷ്കാരത്തെസംബന്ധിച്ച് പുതിയ ചില വിചാരങ്ങൾ ചിലക്കിടയിൽ ആവിർഭവിച്ചിരിക്കുന്നതായി കാണുന്നുണ്ട്. കോട്ടയത്തുനിന്ന് ഒരു സഹൃദയൻ ഏതദ്വിഷയമായി ഒരു ലഘുപത്രികതന്നേ പ്രകാശിപ്പിച്ചിരിക്കുന്നു. നമ്മുടേ ഭാഷയിൽ ലിപികളുടേ എണ്ണക്കൂടുതൽ ഏററവും ദുർഘമായിട്ടാണ് തീൎന്നിരിക്കുന്നതു്. ചിരപരിചയംകൊണ്ട് ആ ഭാരത്തെക്കുറിച്ച് ആരുമൊന്നും ചിന്തിക്കുന്നില്ലെന്നേയുള്ളൂ. അക്ഷരമാല പഠിക്കുന്ന വിദ്യാൎത്ഥികളുടേയും, അച്ചുക്കൂടത്തൊഴിലുകാരുടേയും വൃഥാ ക്ലേശം, ആ വിഷയത്തിൽ ഒട്ടൊന്നു മനസ്സ് ചെലുത്തുന്നവർ അറിയാതിരിക്കയില്ല. ലിപികളുടെ ആധിക്യവും വൈവിധ്യവും പ്രസിദ്ധീകരണങ്ങളുടെ ഭംഗിയേ കുറയ്ക്കുകയും ആകൃതിയേ പെരുക്കുകയും ചെയ്യുന്നതു് മറെറാരു ദോഷമാണ്. അതുകൊണ്ട്, ലിപിപരിഷ്കാരത്തിന്നായി ശ്രമിക്കുന്നതു് ഭാഷയ്ക്കു് അപേക്ഷിതമായ കാൎയ്യംതന്നെയെന്ന് നമുക്ക് സമ്മതിക്കാതെ കഴികയില്ല. പരിഷ്കാരമെന്നു കേൾക്കുമ്പോൾ പരിഭ്രമിക്കേണ്ടതായ വിഷയമല്ലാ ഇതു്. വട്ടെഴുത്തു, കോലെഴുത്തു മുതലായ ഓലവരകാലത്തുതന്നേ അക്ഷ

രങ്ങൾക്ക് ആകൃതിഭേദമുണ്ടായിട്ടുണ്ട്. അച്ചടിക്കരുക്കൾ ആവിഷ്കൃതമായതിൽപ്പിന്നെയും അവ അനുക്രമമമായി മാറിമാറി വരുന്നതുമുണ്ട്. ആ സ്ഥിതിക്ക് ഇനിയൊരു മാററം സൌകര്യംപോലെ ലിപികൾക്ക് വരുത്തുകയാണെങ്കിൽ ആ പുതുമയിൽ മാമൂൽത്തടസ്ഥമായി യാതൊന്നുമില്ല. എന്നാൽ, ഈ പരിഷ്കൃതി സവ്വസമ്മതമായ രീതിയിലായാലേ നടപ്പിലായി വരികയുള്ളൂ. ഏതെങ്കിലുമൊരാളോ ഏതെങ്കിലുമൊരു മുദ്രാലയമോ സ്വേച്ഛപോലെ വല്ലതും ചെയ്താൽ അതു് മററുള്ളവർ ശരിവെക്കയില്ല. അതുകൊണ്ടാണ് ഇതിൻമുമ്പ് ഇക്കാര്യത്തിലുണ്ടായ ശ്രമമെല്ലാം വിഫലമായിപ്പോയതു്. സമസ്തകേരളസാഹിത്യപരിഷത്തിൻേറ തൃതീയസമ്മേളനം അടുത്തമാസം കോട്ടയ്ക്കൂൽവെച്ച് കൂടുന്നുണ്ടല്ലോ. ആ സഭയിൽ ഈ ലിപിപരിഷ്കാരം പ്രത്യേകം ആലോചനാവിഷയമായാൽകൊള്ളാമെന്ന് ഞങ്ങൾനിർദ്ദേശിച്ചുകൊള്ളുന്നു. ഇതിൽ പണ്ഡിതന്മാക്കുള്ള അഭിപ്രായം പ്രകാശിതമാവണം. അതിലേയ്ക്കു് കോട്ടയ്ക്കൂലേ സഭ ഒരു കമ്മിററിയേ ഏല്പ്പെടുത്തുകയും, ആ കമ്മിററി ബഹുജനമതം ഗ്രഹിച്ച് ഭൂരിപക്ഷംപോലെ ലിപിപരിഷ്കാരം ചെയ്കയുമാണ് വേണ്ടതു്. അങ്ങിനേ ചെയ്താൽ അതു് ഭാഷയ്ക്കു് ഏററവും നല്ലൊരു കാര്യമാകും. ഈ വിഷയത്തിൽ ഒരു പണ്ഡിതന്റേ അഭിപ്രായം ഞങ്ങൾക്കു കിട്ടീട്ടുള്ളതു് അടുത്തലക്കത്തിൽ പ്രകാശിപ്പിക്കാം.

# വിമശ്വീഥി.

കൊച്ചുസീത.

ഗ്രന്ഥകത്താവ്—വള്ളത്തോൾ.

പ്രകാശകന്മാർ—വി. ടി. ബ്രദഴ്സ്, തൃത്താല:

മംഗളോദയം അച്ചുക്കൂടം, തൃശ്ശിവപേരൂർ. വില. ൬ണ.

ജനങ്ങളുടെ വിദ്യാഭ്യാസവും ലോകപരിചയവും വദ്ധിക്കുന്നതിനനുസരിച്ച്, ആത്മീയബോധവും ഉളവാവുകയും തന്മൂലം ഉൽപതിഷ്ണുക്കളുടേയും സംസ്കാരകാംക്ഷികളുടേയും സംഖ്യ ദിനംപ്രതി വദ്ധിച്ചുവരികയും ചെയ്യുന്നത് ലോകസ്വഭാവമാണ്. ഈ ഘട്ടത്തിൽ രാഷ്ട്രീയമായും സാമുദായികമായുമുള്ള സംസ്കാരത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള ഉപന്യാസങ്ങളും കവിതകളും ധാരാളം പ്രചരിക്കുകയും പതിവാണ്. ഒരു ഭാഷയുടെ വദ്ധമാനസ്ഥിതിയിൽ മേല്പറഞ്ഞ വിധം സംസ്കാരങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ള സാഹിത്യഗ്രന്ഥങ്ങളുടെ ആവശ്യം ഒഴിച്ചുകൂ

ടത്തേതാകുന്നു. ഗദ്യരൂപങ്ങളും പദ്യമയങ്ങളുമായ ഗ്രന്ഥങ്ങൾ ഒരു പോലെ ആശാസ്യങ്ങൾതന്നെയാണെങ്കിലും, വായനക്കാരുടെ മനസ്സി ന്നെ വികാരജനകങ്ങളായ അല്പം ചില ഭാഗങ്ങളെക്കൊണ്ടുതന്നെ ഇള ക്കിമറിക്കുവാൻ കഴിയുന്ന ചെറിയ പദ്യകൃതികൾക്കുള്ളപോലെ ശക്തി ഗദ്യകൃതികൾക്കൊ മഹാകാവ്യങ്ങൾക്കൊ വരുമോ എന്നു സംശയമാണു. സാമുദായികങ്ങളായ പലവിധം കുഴപ്പങ്ങളെക്കൊണ്ടും ഭിന്നാഭിപ്രായ ങ്ങളെക്കൊണ്ടും ഒരു എത്തും പിടിയുമില്ലാതെയിരിക്കുന്ന മലയാളരാജ്യ ത്ത് സമുദായപരിഷ്കാരത്തെ ഉദ്ദേശിച്ചെഴുതുന്ന സാഹിത്യഗ്രന്ഥങ്ങൾ ധാരാളം ആവശ്യമായിരിക്കുന്നു. നാടെങ്ങും "ദേവദാസീ" സമ്പ്രദായ ത്തെപ്പററിയ ബഹളം നടന്നുകൊണ്ടിരിക്കയും ആ കാൎയ്യം നിയമസഭ യിൽപോലും ആലോചനാവിഷയമായിത്തീരുകയും 'ദേവദാസി' എന്ന ഏൎപ്പാടുനിമിത്തം അവിടവിടെ നടന്നുകൊണ്ടിരിക്കുന്ന അശുഭവാൎത്ത കളെപ്പററി വൎത്തമാനപത്രങ്ങളിൽ പ്രസ്താവിച്ചുകൊണ്ടിരിക്കുകയും ചെ യ്യുന്ന ഈ അവസരത്തിൽ മഹാകവി തൻെറ കവിതക്ക് പ്രകൃതവിഷ യം സ്വീകരിച്ചതിലുള്ള ഔചിത്യം പ്രത്യേകം പ്രശംസാവഹമായിരി ക്കുന്നു.

വേശ്യാവൎഗ്ഗത്തിൽ ജനിച്ച്, ചെറുപ്പത്തിൽതന്നെ മാതൃവി യോഗം മൂലം ആരുമേതുമുടയോരില്ലാതെയായി, മൂത്തു മുരടിച്ച മുത്തശ്ശി യുടെ കൎക്കശമായ പരിപാലനത്തിൽ വളൎന്നുപോന്ന നായിക, നവ യൌവ്വനാരംഭത്തിൽ, രാമായണപാരായണംമൂലം, മനസ്സുമാറി, ഒരു "കൊച്ചുസീത' യായിത്തീൎന്ന്, പരിപാവനമായ ആ സതീവൃത്തത്തെ സ്വീകരിക്കാനുറച്ചത് കുറച്ചൊരു പുതുമയായിത്തോന്നിയേക്കാം. എ ന്നാൽ ഈ സംഭവം—"യദിസന്തിഗുണാഃപുംസാംവികസന്ത്യേവതേ സ്വയം" എന്ന സിദ്ധാന്തത്തിന്നൊരു ഉദാഹരണമായിരിക്കുന്നതിനു പുറമെ "വൃത്തിഹീനനകുലമപ്രമാണംപോൽ നല്ല വൃത്തവാനെങ്കില ന്ത്യജാതനും നന്നുതാനും" എന്ന തത്വത്തെ പുരസ്കരിച്ചുകൊണ്ട് ധ ൎമ്മോപദേശം ചെയ്യുന്നതിന്നത്യന്തം ഉപകരിക്കുകയും ചെയ്യുന്നു. അ വിടവിടെയുള്ള മലയരുവികളൊന്നിച്ചുകൂടി, കണ്ട കാട്ടുകളിലും മലിന പ്രദേശങ്ങളിലും കൂടി വളരെ ദൂരം ഒഴുകിവരുന്നതാണെങ്കിലും ഗംഗപാ വനിയായിത്തന്നെ ഗണിക്കപ്പെട്ടുപോരുന്നതുപോലെ, വേശ്യാപുത്രിയാ യി ജനിച്ചും ബാല്യകൌമാരങ്ങളിൽ അതിന്നനുസരിച്ചു വളൎത്തപ്പെട്ടും ഈ നിലയിലെത്തിയ നായികയെ താൽക്കാലികസ്ഥിതിക്കനുസരിച്ച് ബഹുമാനിക്കുകയല്ലാതെ, അവളുടെ പൂൎവ്വചരിത്രത്തെയൊ കുലവൃത്തി യേയൊ ആലോചിക്കേണ്ടതില്ലെന്നുള്ള പൌരാണികമതം വിശദമാക്കു ന്നതോടുകൂടി രാമായണപാരായണത്താൽ നിൎദ്ദേശിക്കപ്പെട്ടിട്ടുള്ള പല ഉ ത്തമകാൎയ്യങ്ങളിൽ ഒന്നിൻെറ സ്ഥാപനവും ഇതുകൊണ്ടു സാധിച്ചിട്ടു

ണ്ട്. വിദ്യാഭ്യാസത്താൽ ബുദ്ധിക്കു വിശാലത വരുമ്പോൾ പഴയമാമൂലെല്ലാം തള്ളിക്കളഞ്ഞു സ്വാതന്ത്ര്യജീവിതത്തിന്നുദ്യമിച്ചുപോരുന്നതു ജാതിമതഭേദമോ സ്ത്രീപുരുഷഭേദമോ കൂടാതെ ഏതു രാജ്യത്തും പതിവാണെന്നുള്ള ലോകതത്വവും ഇതിനാൽ പ്രതിപാദിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നുമാത്രമല്ല മാമൂലിനെ ഭയപ്പെട്ട്, അധീരകളായി, അന്യന്മാരുടെ ദുരധികാരങ്ങൾക്കും ദുഷ്പ്രേരണകൾക്കും വശവർത്തിനികളായി, നാശഗർത്തത്തിൽ കിടന്നുഴലുന്നവരുടെ ഉൽഗതിക്കു വലിയൊരു താങ്ങായും തീർന്നിട്ടുണ്ട്.

കഥാവസ്തുവിനെപ്പററി ഇത്രയും പ്രസ്താവിച്ച് ഇനി ഈ കാവ്യത്തിലെ മററു സാഹിത്യഗുണങ്ങളെപ്പററിയും പരിശോധിക്കാൻ നോക്കാം. എന്നാൽ വള്ളത്തോളിൻെറ കൃതിയാണെന്നു പറഞ്ഞുകഴിയുമ്പോഴേക്കുതന്നെ സാമാന്യജനങ്ങൾക്കുണ്ടാവാനിടയുള്ള വിപുലമായ അഭിപ്രായത്തിൻെറ ഏകദേശമെങ്കിലും ഈ ചെറിയ നിരൂപണത്തിൽ അടക്കിക്കളയാമെന്നുള്ള സാഹസബുദ്ധി ഞങ്ങൾക്കില്ല. അങ്ങിനെയൊരു നിരൂപണത്തിൻെറ ആവശ്യവും കാണുന്നില്ല. സരസങ്ങളും സന്ദർഭോചിതങ്ങളുമായ ശബ്ദാർത്ഥാലങ്കാരങ്ങളെക്കൊണ്ടു ശോഭിക്കുന്ന ഒരു കാവ്യമാണിതെന്നു ചുരുക്കിപ്പറയാം.

വാർദ്ധക്യത്തിൻെറ അതിക്രമം നിമിത്തം അവശയായി, തന്റെ പോയ്പോയ ചെറുപ്പത്തിലെ പ്രഭാവങ്ങളെ അഭിമാനത്തോടുകൂടി സ്മരിക്കാൻ മാത്രമല്ലാതെ മറെറാന്നും വയ്യാതെ, ദൌഹിത്രിയുടെ വായന കേട്ടുകൊണ്ട്,—"ആലസ്യമോടു മടുത്തൊരുകട്ടിലിൽ, തെല്ലുവളഞ്ഞു ചെരിഞ്ഞുകിടക്കുന്ന"—മുത്തശ്ശിയുടെ കിടപ്പിനെ "മല്ലീശരൻെറയൊടിഞ്ഞവിൽപോലവേ" എന്നു വർണ്ണിച്ചിരിക്കുന്നതിലടങ്ങിയ ഔചിത്യവും രസികത്വവും ആസ്വദിച്ചുതന്നെ അറിയേണ്ടതാണ്.

"വേശത്തെരുവിലും ചാരിത്രസൌരഭം" വീശിക്കൊണ്ടിരിക്കുന്ന നായിക—"അച്ഛൻെറ നേരിനായ് സർവ്വസ്വവുമുപേ—ക്ഷിച്ച് കണവൻെറ കൂടെ നടന്നവൾ

ഉച്ചണ്ഡകാനനപ്പുൽപ്പരപ്പുംചിരം
പച്ചനീരാളത്തിരുമെത്തയാക്കിനാൾ;
മാലത്രവായ്ക്കിലുമാരുടെ സുസ്ഥിര-
ശീലമാംചിത്തത്തെയൊട്ടൊന്നിളക്കുവാൻ
കൈലാസപർവ്വതംകൊണ്ടുപന്താടിയ
കൈകൾക്കുപോലും കഴിഞ്ഞീലൊരിക്കലും;
ആരുടെ ചാരിത്ര തേജസ്സിലാഹന്ത!

ഘോരമായാളിന തീയുംതണുത്തുപോയ്;
വേറേവിളഞ്ഞീലെവരംക്കൊത്തരത്നമീ
ഭാരതഭ്രുവിൻ വിശുദ്ധഗർഭത്തിലും"—

എന്നിങ്ങിനെ സതീമാതൃകയായ സീതാദേവിയെപ്പററി വിചിന്തനംചെയ്തു തന്മയിയായ്പോയതിലെന്താണത്ഭുതം. ഈ അഞ്ചെട്ടുവരികളുടെ ജീവൻ സഹൃദയമാത്രവേദ്യമാണ്. "ഈ ഭാരതഭ്രുവിൻ വിശുദ്ധഗർഭത്തിലും" എന്നവരി എത്ര സ്വരാജ്യാഭിമാനജനകമായിരിക്കുന്നു. വിശിഷ്ടമാതൃകാരത്നങ്ങൾ ഏറെയേറെ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്ന മാതൃഭ്രുമിയിലെ രത്നഖനിയിൽനിന്ന് ഗുണപൂർത്തികൊണ്ടും ദോഷരാഹിത്യംകൊണ്ടും നടുനായികമായി വിളങ്ങാവുന്ന ഈ ഒരു മാതൃകാരത്നത്തെ കൈക്കൊണ്ട "കൊച്ചുസീത" എത്രമാത്രം കൃതകൃത്യയായിരിക്കണം.

"ഇമ്മന്നിലപ്സരസ്ത്രീകൾനാംവേശ്യന്മാർ" എന്നഭിമാനിക്കുന്നതുള്ള "പിടഞ്ഞെഴുന്നേററ്"തും, "മുളയിലെ നുള്ളിക്കളയേണ്ടവോന്നീമതം" എന്നു തീർച്ചപ്പെടുത്തി "തൻസ്മൃതി ഗ്രന്ഥവും" കെട്ടഴിക്കുന്നതും മററും വളരെ ഹൃദയംഗമമായി വർണ്ണിച്ചിരിക്കുന്നു.

"നന്മക്കുകോവിലിൽപോയ് നൃത്തമാടലും
പുന്മാനസങ്ങളെ നൃത്തമാടിക്കലും"

എന്നരണ്ടുകൃത്യമാണ് ധർമ്മമെന്നുറച്ചിട്ടുള്ള വൃദ്ധ ആ വിശ്വാസത്തിന്നനുസരിച്ച് വേശ്യാധർമ്മത്തെ വിവരിക്കുന്നതിലും, സീതാദേവിയുടെ കൃത്യങ്ങളെ മുഴുത്ത മൂഢതയായി വ്യാഖ്യാനിക്കുന്നതിലും ഒരു യഥാർത്ഥകവിയുടെ മനോധർമ്മം നന്നായി പ്രകാശിച്ചിട്ടുണ്ട്.

കിഴവി, സതീധർമ്മത്തെപ്പററി ആക്ഷേപിക്കാൻ ഉപയോഗിച്ച പ്രകൃതത്തിലാണെങ്കിലും ചില പുരുഷന്മാർ സ്ത്രീകളെ മോഹകളിപ്പിക്കുന്നതിനെപ്പററി സൂചിപ്പിച്ചിട്ടുള്ളതും ശ്രദ്ധാർഹമാകുന്നു.

"സ്രഷ്ടാവുനൽകുംവിഭൂഷ—വപുല്ലക്ഷ്മി—
കിട്ടാത്തപെണ്ണിന്നണിയാം സതീവ്രതം;
തമ്പുരാന്മാൎക്കും കൊതിതോന്നുമെൻപൊന്നു
ചെമ്പകത്തിന്നാമുരിക്കുപൂവെന്തിനാം"

എന്നുംമററും വൃദ്ധസതീവ്രതത്തെപ്പററി ആക്ഷേപിക്കുന്നത് സരസവും സന്ദർഭോചിതവുമായിരിക്കുന്നു. തീരെ പ്രതീക്ഷിച്ചിട്ടില്ലാത്തവിധം കിഴവിയുടെ സ്മൃതിയും വ്യാഖ്യാനവും കേട്ട് അമ്പരന്നുപോയ നായികയുടെ ശരിയായ ചിത്രമാണ്—"അമ്പെപ്പകച്ച തൻകണ്ണിണയാൽ

ഇത്തെറിപ്പാക്കു ചവക്കും കിഴവിതൻ
വക്ത്രമേ നോക്കിയുംകൊണ്ടിരുന്നാൾ

ദുഗ്രഹമാമെന്തോ വൎണ്ണിക്കുംവാദ്ധ്യാർത്ത-
ന്നഗ്രഭാഗത്തൊരു കുട്ടിപോലെ"

എന്ന വരികളിലടങ്ങിയിരിക്കുന്നത് തള്ളയുടെ അസംബന്ധപ്രലാപം കേട്ടുമടുത്ത്, ഒരു തരംകിട്ടിയഉടനെ അവൾ അവിടുന്നെഴുന്നേററാടിപ്പോകുന്ന ആ പോക്കിൻെറ ചിത്രം ഇതിനെക്കാൾ നന്നായിട്ടുണ്ട്.

"നിൻചേററിലുണ്ടായ്ക്കിളത്തതാണെങ്കിലു-
മഞ്ചിതമാകുമീയാമ്പലിനെ
അച്ചേററിലേക്കു താനാഴ്ത്താൻശ്രമിച്ചിട്ടെ-
ന്നുച്ചുപിടിച്ച വഴിക്കുതുമേ"

എന്ന വരികളിലെ അലങ്കാരപ്രയോഗത്തിൻെറ രസികത്വവും, ഔചിത്യവും, കിഴവിക്കും മാമൂൽപ്പിട്ടുത്തക്കാൎക്കുമുള്ള ശകാരവും ഹൃദയംഗമമായിരിക്കുന്നു.

ചമ്പകവല്ലിയുടെ കാമുകനായെത്തിക്കൂടിയ വൃദ്ധൻ കിഴവിയെ പ്രസാദിപ്പിച്ച്, നിശ്ചിതസമയവും പ്രതീക്ഷിച്ച്, നേരം പോവാതെ ഇരിക്കുമ്പോൾ, ദാസിയുടെ സൂചനത്താൽ സമയമായെന്നറിഞ്ഞ് ഒരുങ്ങി പുറപ്പെടുന്നതിൻെറ വൎണ്ണനം മാൎത്താണ്ഡവൎമ്മയിലെ തമ്പിയുടെയും ഇന്ദുലേഖയിലെ സൂരിനമ്പൂരിപ്പാടിൻെറയും പ്രതിഫലനമായിട്ടുണ്ടെന്നു തോന്നിപ്പോവുന്നു.

ശയനഗൃഹത്തിൽ നായികയുടെ സ്ഥാനത്ത് മൂടിപ്പുതച്ചു കിടക്കുന്നതു നീണ്ട തലയിണയാണെന്നറിയുന്നതുവരെ വായനക്കാരുടെ മനസ്സിനെ പല വികാരങ്ങളാൽ തരളമാക്കിത്തീൎത്തുകൊണ്ട്, കവി, ഒടുവിൽ അവളുടെ കാമുകനേയും മുത്തശ്ശിയേയും വായനക്കാരെയും എല്ലാം ഒരുപോലെ"ചെമ്പകമെങ്ങുപോയെങ്ങുപോയ്പ്പോയ്" എന്ന ആശ്ചൎയ്യസംഭ്രമങ്ങളിൽ നിമഗ്നരാക്കുന്നു.

"നാട്ടിൽപൊറുപ്പാനെളുതല്ലാ"തെ കിഴവിയേയും വൃദ്ധനെയും തോല്പിച്ചോടിപ്പോയ നായിക അയക്കുന്നഎഴുത്തിൽ പ്രാചീനനായികമാരുടെ സതീവ്രതത്തെപ്പററി വിവരിക്കുന്നഭാഗം വളരെ ഉദ്ദീപകമായിട്ടുണ്ട്. ഇങ്ങിനെ ഈ കാവ്യത്തിലെ ഓരോ ഭാഗങ്ങളെപ്പററി ഇനിയും വിസ്തരിച്ച് നിരൂപണം നീട്ടുവാൻ വിചാരിക്കുന്നില്ല.

എന്നാൽ ഇയ്യിടെ പുറപ്പെടുന്ന ഏതൊരു പുസ്തകത്തിനും പതിവായിത്തീൎന്നിട്ടുള്ളതുപോലെ ഇതിലും ചേൎത്തുകാണുന്ന സാമാന്യം വലിയ ഉപോൽഘാതത്തെപ്പററി രണ്ടു വാക്കുപറയാതെയും കഴിയില്ല. ഉപോൽഘാതകൎത്താവായ ശ്രീമാൻ കുട്ടികൃഷ്ണമാരാർ തൻെറ പ്രസ്താവനയിൽ എഴുതിയതുപോലെ—കൊച്ചുസീതയുടെ ആവിർഭാവത്തിനു കാരണംതന്നെ താനാണെന്നാഭിമാനിക്കുന്നതിലൊ മറേറതെങ്കിലും വിധ

ത്തിൽ വള്ളത്തോളിനോട് ഒരു അടുപ്പം ഭാവിക്കുന്നതിലൊ അല്ല ഞങ്ങൾക്കാക്ഷേപം. അദ്ദേഹം ദേവദാസിമാരുടെ ദൈന്യാവസ്ഥയേയും പുരുഷന്മാരാൽ നിർദ്ദയം മർദ്ദിക്കപ്പെടുന്ന സ്ത്രീകളുടെ ശോച്യസ്ഥിതിയേയും പററി പരിതപിക്കുന്ന കൂട്ടത്തിൽ മലയാളത്തിലെ നായർസമുദായത്തെയും അവരുടെ ആചാരങ്ങളേയും അനാവശ്യമായി ആക്ഷേപിക്കേണ്ടതില്ലായിരുന്നു. അതിലും വിശേഷിച്ച് ആ വക ആചാരങ്ങളുടെ ആഗമത്തെയും മററും പററി സൂക്ഷ്മമായി വിചിന്തനം ചെയ്യാതെ ഊഹത്തെ അടിസ്ഥാനപ്പെടുത്തി സാദൃശ്യപ്പെടുത്തിയതും ആക്ഷേപിച്ചതും വലിയ സാഹസമായി. എത്രതന്നെ ഉത്തമമായ ഒരേർപ്പാടിലും അതാചരിക്കുന്നവരുടെ വൈകല്യങ്ങളാൽ കാലാന്തരത്തിൽ പല ദോഷാംശങ്ങളും കടന്നുകൂടാറുള്ളതുപോലെ മാത്രം—മരുമക്കത്തായവും ചില സംഗതികളാൽ ചില ചില ഭാഗങ്ങളിൽ ദൂഷിച്ചിട്ടുണ്ടെങ്കിലും ആ ദോഷാംശങ്ങളെ പരിഹരിച്ച് അതിന്റെ ഗുണപൌഷ്കല്യത്തെ തെളിയിക്കുന്നതിന്നു പകരം, ഉപരിപ്ലവത്താൽ മീതെയുള്ള ദോഷാംശങ്ങളെ മാത്രം കണ്ടെത്തുകയും, മുഴുവൻ ഇങ്ങിനെതന്നെയായിരിക്കുമെന്നു ബാലിശമായിത്തീർച്ചപ്പെടുത്തുകയും ചെയ്തതു് ക്ഷന്തവ്യമല്ലാത്ത ഒരു സാഹസമായിപ്പോയി. താലികെട്ടുകല്യാണം മുതലായി നടപ്പുള്ള ആചാരവിശേഷങ്ങളെ ആക്ഷേപിച്ചതും ഇതുപോലെതന്നെ. ദായക്രമത്തെയും ആചാരങ്ങളേയും പററിയുള്ള നിരൂപണം പുസ്തകവിമർശനാവസരത്തിൽ ഇതിലധികം യുക്തമല്ലാത്തതിനാൽ ചുരുക്കുന്നു.

സ്ത്രീകളുടെ നേരെ ദയാർദ്രമായ തന്റെ ഹൃദയം തുറന്നുകാണിക്കാനുള്ള സംരംഭത്തിൽ പുരുഷവർഗ്ഗത്തെ പരക്കെ കണ്ണടച്ചാക്ഷേപിച്ചിട്ടുള്ളതും ശരിയായെന്നുതോന്നുന്നില്ല. സ്ത്രീകളുടെ മാന്യതയെപ്പററി പ്രസ്താവനയിൽതന്നെ ചേർത്തിട്ടുള്ള പദ്യങ്ങൾ പുരുഷന്മാരുണ്ടാക്കിയ പ്രമാണങ്ങളാണെന്നും ആ പ്രമാണത്തിന്നനുസരിച്ച നടക്കുന്നവരും ഏറെക്കുറെ ഉണ്ടായിരിക്കാമെന്നും ആലോചിക്കാമായിരുന്നു. ലോകാരംഭംമുതൽക്കുള്ള കഥകളിൽനിന്നും ഇന്നത്തെ ലോകാനുഭവത്തിൽനിന്നും ഈ വാസ്തവം ധാരാളം ഗ്രഹിക്കാമെന്നിരിക്കെ അവയെ,തെററിധരിച്ച് ഇങ്ങിനെ പ്രസ്താവിക്കാനിടയായത് ഉപോൽഘാതകർത്താവിന്റെ ലോകപരിചയക്കുറവൊ സ്ത്രീപുരുഷബന്ധത്തെപ്പററിയുള്ള അജ്ഞതയൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## സാഹിത്യകൌതുകം മൂന്നാംഭാഗം.

ഗ്രന്ഥകൎത്താവ്---വിദ്വാൻ, ജി. ശങ്കരക്കുറുപ്പവർകൾ.

പ്രസാധകന്മാർ—യോഗക്ഷേമംകമ്പനി മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

വില 10ണ.

ശ്രീമാൻ കുറുപ്പിനേയും അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമത്തെയും പററി മലയാളികൾക്ക വളരെ പരിചയപ്പെടുത്തിക്കൊടുക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിൻെറ ഖണ്ഡകൃതികൾ കൂട്ടിച്ചേൎത്തു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഈ മൂന്നാം പുസ്തകം ഒന്നും രണ്ടും പുസ്തകങ്ങളെക്കാൾ മെച്ചം നേടീട്ടുണ്ടെന്നു പറഞ്ഞാൽ ചുരുക്കത്തിൽ ഞങ്ങളുടെ അഭിപ്രായമായി.

രണ്ടുവാക്കു വിശേഷവിധിയായി പറയാനുള്ളത് ഇപ്പോൾ ധാരാളമായി കണ്ടുവരുന്ന യുവകവികളിൽ പലരേക്കാളും യഥാൎത്ഥമായ വാസന ഈ കവിയിൽ തെളിഞ്ഞുകാണുന്നുണ്ടെന്ന സംഗതിയാകുന്നു. ഒരു കവിയുടെ നിലയിൽ പ്രകൃതിയെ പലവിധത്തിൽ അവലോകനം ചെയ്തു സരസമായി വൎണ്ണിക്കുന്നതിന്നും, അവയിൽത്തന്നെ പഴയ ആശയങ്ങളെയും സംഗതികളേയും പുതിയ മനോധൎമ്മങ്ങളെക്കൊണ്ടു മിനുക്കി മോടിപിടിപ്പിക്കുന്നതിന്നും കുറുപ്പിന്നു പ്രത്യേകമായ ഒരു വാസനയുണ്ടു്. വൃന്ദാവനത്തിൽ ഉണ്ടായിരിക്കാനിടയുള്ളവയും മററുകവികളും പലവിധത്തിൽ വൎണ്ണിച്ചിട്ടുള്ളവയുമായ ശിലാതലം, കദംബവൃക്ഷം, പൂക്കലകൾ, മല്ല, മണൽതിട്ടു്, ഇളംകാററു്, ഹേമന്തരാത്രി മുതലായ സാധാരണവിഷയങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ ഇതിൽ വരുത്തീട്ടുള്ള പുതുമയും മററും ഈ യുവകവിയുടെ ഭാവനാശക്തിക്കും ഛായാനുകരണത്തിന്നും ഉത്തമോദാഹരണങ്ങളാണു്. "ധൎമ്മധീര" വായിക്കുന്നവരുടെ ഹൃദയത്തിൽ ചില വികാരങ്ങളുണ്ടാക്കിത്തീൎക്കാതിരിക്കില്ലെന്നാണു് ഞങ്ങളുടെ അഭിപ്രായം. ആകപ്പാടെ 26 ഖണ്ഡകൃതികളടങ്ങിയ ഈ ചെറുപുസ്തകം കുറുപ്പിൻെറ കവിതാ പ്രതിപാദനത്തിന്നുപകരിക്കുന്നതുപോലെതന്നെ ഭാഷാസാഹിത്യത്തിൽ ഒരു ഉത്തമസ്ഥാനം വഹിക്കുന്നതിന്നും അൎഹിക്കുന്നു. എന്നാൽ ഇത്തരം കൃതികളിൽ കുറച്ചുകൂടി സാരള്യമോ ലാളിത്യമോ ഉണ്ടായിരുന്നാൽ ജനസാമാന്യത്തിന്നധികം പ്രയോജനപ്പെടില്ലയോ എന്നുകൂടി ഞങ്ങൾക്കൊരു അഭിപ്രായമുള്ളതും മറച്ചുവെക്കാൻ വിചാരിക്കുന്നില്ല. കാലക്രമേണ ആശയങ്ങൾ ഉള്ളിൽ തട്ടി പുറപ്പെടുവാൻ തുടങ്ങുമ്പോൾ ലാളിത്യവും വ്യക്തിനിൎണ്ണയവും താനെ ഉണ്ടായിവരുമെന്നു ആശിക്കാം

# വിജ്ഞാനസൌധം.

ചില തെററിദ്ധാരണകൾ:—അവലൊകനശക്തി ശരിയാകും
വണ്ണം വ്യാപരിപ്പിക്കാത്തതു കൊണ്ട് നമ്മുടെ ഇടയിൽ പലസംഗതി
കളിലും തെററായ ബോധം പിടിപെട്ടുപോയിട്ടുണ്ട്. ഒന്നാമത് പാ
മ്പിനെപററിപ്പറയാം. മാണിക്യകല്ല് നല്ല സപ്പങ്ങളുടെ കവിളിൽ
കാണും എന്നു പറയുന്നത് അബദ്ധമാണ്.നാഗങ്ങൾ പറക്കും എന്നു
പറയുന്നതും തെററാണ്. മണ്ഡലി പ്രസവിക്കുകയൊ മുട്ടയിടുകയൊ
ചെയ്യുയില്ലെന്നും, അതിൻെറ മുതു പിളന്നുപോകുകയാണെന്നും, അ
തിൽക്കൂടെ പുറത്തുവരുന്നത് മണ്ഡലികൾ കൂടാതെ ചിലന്തി, പഴതാര,
തേൾ മുതലായവും മററുമാണെന്നും വിശ്വസിക്കുന്നതു് ശുദ്ധകമ്പമാണു.
ഒരു പ്രത്യേകശബ്ദം. (ഉാവലിട്ടമ്പോലെയുള്ള ഒരു ശബ്ദം) കേൾക്കു
മ്പോൾ അത് പ്രസവവേദന കിട്ടിയ അരണ നിലവിളിക്കുന്നതാണെ
ന്ന് വിശ്വസിക്കുന്നതും വെറും കമ്പമാണ്. ആ ശബ്ദം പൊൻകിളി
(Iora)യുടെ ശബ്ദമാണ്. പിന്നെ അരണ പ്രസവിക്കുകയല്ല. മുട്ടയി
ടുകയാണ് ചെയ്യുന്നത്. രാത്രിയായാൽ ചക്രവാകം പിടയോട് പിരി
ഞ്ഞുപോകും എന്നു പറയുന്നത് ശുദ്ധ ഭ്രാന്താണ്. ചക്രവാകം(peewit
and lampwing) എന്നീ ജാതിയിൽ പെട്ട പക്ഷിയാണ്. ഇത് മൈ
താനിപോലെയുള്ള കുന്നിൻ പരപ്പിന്മേലാണ് സാധാരണ അധിവസി
ക്കുന്നത്. സന്ധ്യയാകുമ്പോൾ ചിലപ്പോൾ കരയും. ഇത് മരത്തി
ന്മേൽ ഒരിക്കലും നില്ക്കുകയില്ല; എന്നല്ലാതെ പിടയോടു ഒരിക്കലും പി
രിഞ്ഞുപോകുന്നില്ല. പക്ഷികളെപററി മറെറാരു വിവരമില്ലായ്മയുംകൂടി
നമ്മുടെ നാട്ടുകാരുടെ ഇടയിൽ ഉണ്ടു്. പക്ഷികളിൽ മനോഹരശബ്ദ
മുണ്ടാക്കുന്നവനും മനോഹരനും പൂവനാണെന്ന പരമാത്ഥം നമ്മുടെ
കൂട്ടുക്കില്ലാത്തതുകൊണ്ടാണ് പാട്ടുപാടുവാൻ വേണ്ടി കിളിമകളെ വി
ളിക്കുന്നതും വസന്തകാവം വണ്ണിക്കുമ്പോൾ "കോകിലകാമിനി കൂകീടു
ന്നു" എന്നെഴുതുന്നതും പൂവനല്ലാതെ പിട ഒരിക്കലും കൂകുന്നില്ല. അര
യന്നത്തിന്നു പാലിൽനിന്നു വെള്ളം വേർപെടുത്താം എന്നു വിചാരിക്കു
ന്നതും ശരിയല്ല. തേൾ സപ്പത്തെ കുത്തികൊല്ലുമെന്നു പറയുന്നത്
വെറും വിഡ്ഢിത്തമാണ്. എല്ലാററിലുംവെച്ച് വലിയവിഡ്ഢിത്തം പാ
മ്പ് മുട്ടകൊത്തിക്കുടിക്കുക എന്നു പറയുന്നതാണ്. പാമ്പിന്ന് ഏതു
സാധനവും ഉടലോടെ വിഴുങ്ങാൻ മാത്രമേ സാധിക്കുകയുള്ളു. പച്ചില
പ്പാമ്പ് വാൽകൊണ്ടു് ചെവിട്ടിൽ കുത്തും എന്നു കല്പിക്കുന്നതും ഭോഷ്കാ
ണ്. തേൻ കുടിക്കാൻ വരുന്ന ആ തടിച്ചു കറുത്ത തേനീച്ചയെ വ
ണ്ടെന്നു വിളിക്കുന്നതും തെററാണ്. അശോകം പൂക്കെണമെങ്കിൽ കൃ
ശാംഗിമാർ അത് ചവിട്ടെണമെന്നു പറയുന്നതു് ഒരു മനോഹര മനോ
ധമ്മമെന്നല്ലാതെ വാസ്തവമായ സംഗതി അല്ല. കീരിയെപററി പാമ്പി

നെ സംബന്ധിച്ച പറയുന്ന മിക്ക കഥകളും കെട്ടുകഥകളാണ്. കീരി പാമ്പിനെ കൊല്ലുന്നത് പാമ്പിൻെറ കൊത്തുകളിൽനിന്ന് ഒഴിഞ്ഞുകളഞ്ഞിട്ടാണ്. സപ്പത്തിൻെറ കടികിട്ടിയാൽ ബാക്കി ജന്തുക്കളെപ്പോലെ കീരിയും ചത്തുപോകുന്നതാണ്. ശുക്തിസമ്പുടത്തിൽ വഷബിന്ദു പതിച്ചിട്ടാണ് മുത്തുണ്ടാകുന്നതെന്നു പറയുന്നതും അബദ്ധമാണ്. ശുക്തിയുടേയും അതിൽ അടക്കംചെയ്ത മാംസകവചത്തിൻേറയും മദ്ധ്യേ പെട്ടുപോകുന്ന ഒരു തരിമണലിൻെറ ശല്യംകൊണ്ട് അതിൻെറ ക്രൂരതപോക്കുവാൻ ശുക്തി തൻെറ ഉൾപ്പൊളികൊണ്ടു കൂടക്കൂടെ പൊതിഞ്ഞുകൊണ്ടിരിക്കുമ്പോൾ വളൻവരുന്ന സാധനമാണ് മുത്ത്. ഉമ്മത്തിൻെറ പൂവിന്ന് സുഗന്ധം ഇല്ലെന്ന നാടൊടെയുള്ള വിശ്വാസവും അടിസ്ഥാനരഹിതമാണ്. രാത്രിയാകുമ്പോൾ ഒരു മന്ദമായ സുഗന്ധം അതിൽനിന്ന് പരക്കുന്നതു് എല്ലാവക്കും അനുഭവമാകുന്നു. രാത്രി മലരുന്ന പുഷ്പങ്ങൾ വെള്ളനിറമുള്ളവയും മഞ്ഞ സുഗന്ധമുള്ളവയുമാണ്. ഒരു സമയം രാപ്പാററയെ ആകഷിപ്പാൻ വേണ്ടിയായിരിക്കും ഈ ഏപ്പാട്. ഈ കായ്യങ്ങളൊന്നും അറിയാതെകൊണ്ടാണ് അന്യാപദേശശതകത്തിലെ താഴെ പറയുന്ന ശ്ലോകത്തിൻെറ ജീഡ് പൊയ്പോകുന്നത്.

വണ്ണമെത്രഹൃദയംഗമം വസതി വാമദേവനുടെ മൌലിയിൽ
സ്വണ്ണമെന്ന പുകൾപെററപേര് തവപൂണ്ണമാം വിഭവമീവിധം
വണ്ണയാമികിമഥാപി ഇഹസൌരഭപ്രസിതരാംജനം
നിണ്ണയംകിതവ വാങ്ങുകില്ല തൊട്ടുകില്ല നോക്കുകയുമില്ലഹോ.

ചന്ദനദ്രുമങ്ങളിൽ പാമ്പുകൾ ചുറഞ്ഞുകിടക്കും എന്നത് ഒരു വിശേഷ വിധിയായ കായ്യമല്ല. മററുള്ള തരുക്കളിൽ ചുററുമ്പോലെ ചന്ദനത്തിലും ചുററുമെന്നല്ലാതെ ഈകായ്യത്തിൽ ചന്ദനത്തിന് ഒരു പ്രത്യേകത ഒന്നും ഇല്ല. പിന്നെ സ്ഥാവരജംഗമങ്ങൾക്ക അപായം ഉണ്ടാകുന്നത് മിന്നൽ കൊണ്ടല്ലാതെ ഇടി കൊണ്ടല്ല. ഇടിവെറും ശബ്ദമാണ്. തൊക്കിൻെറ ഉണ്ടകൊണ്ടല്ലാതെ അതിൻെറ ശബ്ദം കൊണ്ട് വല്ല അപായവും ഉണ്ടാവുന്നതാണൊ? ജന്തുക്കൾ, ജന്തുക്കളിൽനിന്നല്ലാതെ പൊടിച്ചുണ്ടാകും എന്നു പറയുന്നതും അബദ്ധമാണ്. ഉദ്ഭിജങ്ങൾ സ്വേദജങ്ങൾ മുതലായ നാമകരണം ചെയ്യപ്പെടാവുന്ന ജന്തുക്കളൊന്നും ഭൂമിയിലില്ല.

അപൂവ്വസംഭവം—പണ്ട് കേരളത്തിൽക്കൂടെ സഞ്ചരിച്ച മടങ്ങിയ ഒരു മുഹമ്മദൻ കേരളത്തിൽ ഉള്ളതായി അവൻ കേട്ടറിഞ്ഞ ഒരു മരത്തെപററി ചില കായ്യങ്ങൾ പ്രസ്താവിച്ചിരുന്നു. ആ മരം പെരുമാളുടെ തോട്ടത്തിലാണ് പോലും കണ്ടുവന്നത്. കൊല്ലത്തിൽ മരത്തിൻെറ ഇലകൊഴിയും മുമ്പെ, ഒരു ഇല പഴുത്തു നിലത്തുവീഴുന്നു. ആ

ഇലമെൽ "ഒരീശ്വരനല്ലാതെ വേറേ ഈശ്വരനല്ല, മുഹമ്മതാണ് അവന്റെ ദൂതൻ" എന്ന അറബിൽ എഴുതിയിരിക്കുമത്രെ. ആ ഇല പെരുമാറ്റം വരക്കത്തിന്നു് വേണ്ടി അദ്ദേഹത്തിന്റെ ഭണ്ഡാരത്തിൽ കൊണ്ടുയിട്ടുകയാണ് പതിവ്. എട്ട്കൊല്ലം മുമ്പേ സാൻസിബാർരാജ്യത്തിന്റെ തൊട്ട കടലിൽനിന്ന് പിടിച്ച ആകൊലിപോലെ പരന്ന ഒരു മത്സ്യത്തിന്റെ വാൽ ചിറകിന്റെ ഒരു ഭാഗത്ത് അറബിൽ"ദൈവമല്ലാതെ ദൈവമില്ല" എന്നും മറെറ ഭാഗത്ത് ദൈവത്തിന്റെ ഒരു വാശത്തം"എന്നും എഴുതികണ്ടിരുന്നു. ഈ മത്സ്യത്തെ ഒരണക്ക് ഒരു ഇന്ത്യൻ വാങ്ങി. വാലിന്മേലുള്ള എഴുത്തിന്റെ വിവരമറിഞ്ഞപ്പോൾ ഒരാൾ 5000ക വിലപറഞ്ഞു. കഴിഞ്ഞ ജൂൻമാസത്തിൽ, സാൻസിബാർ കടല്പുറത്തിൽനിന്ന് അബ്ദുള്ളമഷീൽ എന്ന ഒരുവൻഒരുവിധം പരന്ന മത്സ്യങ്ങളെ പിടിക്കയുണ്ടായി. എല്ലാം ആകൊലിയെക്കാൾ പരന്നിട്ടായിരുന്ന കറുത്ത നിറത്തിലുള്ള ഈ മത്സ്യങ്ങളുടെ ശരീരത്തിന്മേൽ കമാനംപൊലെ വളഞ്ഞ മഞ്ഞവരകൾ ഉണ്ടായിരുന്നു. ഇതിൽ ഒരു മത്സ്യത്തിന്റെ വാലിന്റെ ഒരു ഭാഗത്ത് അറബ് ഇഴുത്തിൽ "ലായില്ലാഹ—ഇല്ല"(=ദൈവമല്ലാതെ ദൈവമില്ല)എന്നും മറെറ ഭാഗത്ത് "ഷാൻ അള്ള(=ദൈവത്തിന്റെ പ്രവൃത്തി) എന്നും എഴുതിയിരുന്നു. ഈ മത്സ്യത്തിന്റെ പടം പല കടലാസുകളിലും വന്നിട്ടുണ്ട്.

<u>സീജിനോമാ.</u> ജപ്പാനിലെ മാസികാമഹാരാജാവാണ് സീജിനോമാ. ടൊക്യോവിന്നടുത്തുള്ള ഒരു ചെറുഗ്രാമത്തിൽ പാൎത്തു പകലുറങ്ങി രാത്രി പ്രവൃത്തിയെടുത്തു, ആരേയുംകാണുകയൊ ആരുമായി അധികം സംസാരിക്കുകയൊ ചെയ്യാതെ തന്റെ പ്രവൃത്തിയിൽമാത്രം ബദ്ധശ്രദ്ധനായിരിക്കുന്ന ഈ പത്രാധിപർ ജപ്പാനിലും പൌരസ്ത്യദേശങ്ങളിലും മാത്രമല്ല പാശ്ചാത്യദേശങ്ങളിലും ഒരു അത്ഭുതപുരുഷനാണ്. അദ്ദേഹത്തിന്റെ പുസ്തകങ്ങളും മാസികകളും അച്ചടിക്കാൻതന്നെ അമ്പതിനായിരത്തിൽപരം ആളുകളെ നിയമിച്ചിട്ടുണ്ടത്രെ. മാസംതോറും അദ്ദേഹം ഒമ്പതു മാസികകൾ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ജപ്പാനിൽ ഒരുകോടി ജനങ്ങൾ അദ്ദേഹത്തിന്റെ മാസികാപാരായണത്തിൽ ഏൎപ്പെട്ടുവരുന്നു. അതായത് ജപ്പാനിലുള്ള ആളുകളുടെ ഇടയിൽ അഞ്ചിൽ ഒരു ഭാഗം ജനങ്ങൾ അദ്ദേഹത്തിന്റെ മാസിക വായിക്കുന്നവരാണത്രെ. വിദ്യാവിഹീനരായവരേയും, വായിപ്പാൻ അശക്തരായവരേയും തള്ളികളയുന്നതായാൽ, ഒരുപക്ഷെ ജപ്പാനിലുള്ള എഴുതുവാനും വായിപ്പാനും അറിയുന്നവരൊക്കെ അദ്ദേഹത്തിന്റെ മാസിക വായിക്കുന്നുണ്ടെന്നുവരാം. അയാളുടെ"രാജാവു"എന്ന പേരായ മാസികക്കു പതിനഞ്ചു ലക്ഷം വരിക്കാരുണ്ടെന്നുകേട്ടാൽ നമ്മുടെ കേരളീയമാസികാപ്രവൎത്തക

ന്മാരുടെ അതിശയത്തിന്നു ഒരു കയ്യുംകണക്കുമുണ്ടാകുമൊ? സകല പുസ്തകവ്യാപാരികളുടെയും വ്യാപാരം മുക്കാൽഭാഗവും നോമായുടെ പ്രസിദ്ധീകരണം കൊണ്ടാണ്. മാസംതോറും ഇരുനൂറു സാമാനവണ്ടികൾ നിറയെ അച്ചടിച്ചപത്രങ്ങൾ അദ്ദേഹം കയററി അയക്കുന്നുണ്ടത്രെ.

നോമായുടെ പത്രങ്ങൾക്കു ഇത്രവലുതായ പ്രചാരത്തിന്നു കാരണമെന്തായിരിക്കുമെന്നും ആലോചിക്കേണമല്ലൊ. ഒന്നാമത് അദ്ദേഹത്തിൻെറ മാസികകൾ സകല പ്രായത്തിലും സകല പദവികളിലുമുള്ള ജനങ്ങൾക്കു രുചിക്കത്തക്ക ലേഖനങ്ങൾ നിറഞ്ഞതായിരിക്കും. രണ്ടാമത് അവയിലുള്ള പരസ്യങ്ങൾ വളരെ നേരംപോക്കുള്ളവയും അതിസാമത്ഥ്യത്തോടെ നിമ്മിക്കപ്പെട്ടവയും ആണ്. ജപ്പാനിലെ രാജാവിനേയും, രാജ്യത്തേയും അതിയായി സ്നേഹിച്ചുകൊണ്ടും, മാനമയ്യാദകളേയും സത്യത്തേയും മുൻനിത്തിക്കൊണ്ടും, ഭയം എന്നതു സ്പശിക്കാതെയുമാണ് അദ്ദേഹം പത്രധമ്മത്തെ നിയന്ത്രിക്കുന്നത്. ഇതരരാജ്യങ്ങളേയും സകലദേശീയരേയും ഒരുപോലെ സ്നേഹിക്കേണമെന്നു ആയാളും സമ്മതിക്കുമെങ്കിലും, ആദ്യം ജാപ്പാനെ നല്ലപോലെ സ്നേഹിക്കണം, പിന്നെ പൌരസ്ത്യാദശ്ങ്ങളെ പുനജ്ജീവിപ്പിക്കണം. അതാണ് പൌരസ്ത്യദേശങ്ങൾ പാശ്ചാത്യക്കു വേണ്ടിച്ചെയ്യേണ്ടുന്ന സഹായം എന്നാണ ആയാളുടെ മതം. ജപ്പാൻകാക്കു ആസകലം, വിശിഷ്യ ജപ്പാൻ രാജ്യത്തുള്ള യുവാക്കൾക്ക് ദേശാഭിമാനത്തെക്കുറിച്ചു, അതിൽ കവിഞ്ഞ രാജഭക്തിയെക്കുറിച്ചും പ്രതിദിനം ഉപദേശം നല്കുന്ന അദ്ദേഹത്തിന്റെ പത്രങ്ങൾ ഇത്രയും സകലജനസമ്മത മായിത്തീന്നതിൽ എന്താണത്ഭുതപ്പെടുവാനുള്ളത്. ഭാരതീയരും കേരളീയരുമായ പത്രാധിപരുമായ പത്രാധിപന്മാരും ഇതു നല്ലപോലെ ഗ്രഹിക്കേണ്ടതാണ്.

ആകാശനീലിമ. കല്ക്കത്തയിൽനിന്നു പ്രകൃതിശാസ്ത്രപരിശോധന നടത്തിവരുന്ന സി. വി. രാമൻ എന്ന പ്രകൃതിശാസ്ത്രപ്രവീണൻ മുമ്പുതന്നെ പല നൂതനതത്വങ്ങളും കണ്ടുപിടിച്ചു പൌരസ്ത്യദേശങ്ങളിലും പാശ്ചാത്യ ദേശങ്ങളിലും തൻെറ പ്രസിദ്ധി പരത്തീട്ടുണ്ട്. അദ്ദേഹം പവ്വതങ്ങൾ, സമുദ്രം. ആകാശം എന്നിവയുടെ നീലിമയ്ക്കുള്ള കാരണത്തെക്കുറിച്ചു വളരെ കാലമായി പരിശോധന നടത്തി വരികയായിരുന്നു. 1923–ൽ അദ്ദേഹം മദിരാശിയിൽവെച്ചു് ഈ നീലിമയെ സൃഷ്ടിച്ചു അതിന്നുള്ള കാരണത്തെ വിസ്തരിക്കുന്ന അവസരത്തിൽ ഈ ലേഖനകത്താവു് അദ്ദേഹത്തിൻെറ പ്രദശനത്തിന്നു സഹായിച്ചിട്ടുണ്ട്. ഏതാണ്ടു അഞ്ചുകൊല്ലങ്ങൾ കഴിയുന്നതേയുള്ളു. ഇപ്പോൾ ആ തത്വം പാശ്ചാത്യശാസ്ത്രലോകം സവ്വാത്മനാ സ്വീകരിച്ചുവെന്നാണ് അടുത്ത കമ്പിവത്തമാനങ്ങൾകൊണ്ടു കാണുന്നത്.

സൂൎയ്യപ്രകാശം ആകാശത്തിലും അദ്രികളിന്മേലും ആഴിയിലു മുള്ള പരമാണുക്കളിലും തട്ടുകയും അപ്പോൾ അതിൽനിന്നു ചിലതരം വൎണ്ണങ്ങൾ ചില ഭാഗങ്ങളിലേക്കും ചിലവ വേറെ ഭാഗങ്ങളിലേക്കും ഇങ്ങിനെ വെളിച്ചത്തിന്റെ ഏഴുഭാഗങ്ങളായ സപ്തവൎണ്ണങ്ങളും ഓരോഭാഗങ്ങളിലേക്കായി വ്യാപിക്കുകയും ചെയ്യുന്നുവെന്നാണ് പറയുന്നത്. അങ്ങിനെ എല്ലാ വൎണ്ണങ്ങളും ഓരോ ഭാഗത്തേക്കു പോകുന്നുണ്ടെന്നുള്ളതിന്നു ഒരു ലക്ഷണം പറയാം ഉദയസമയത്തും അസ്തമയവേളയിലും നാം സൂൎയ്യന്റെ വെളിച്ചത്തിൽ അധികവും ചുകപ്പുവൎണ്ണമാണല്ലൊ കാണുന്നത്. സൂൎയ്യരശ്മി പതിയുന്ന പരമാണുക്കളുടെ വലിപ്പവും സംഖ്യയുമനുസരിച്ചു ഓരോ വൎണ്ണം ഓരോ ഭാഗത്തേക്കു ചരിഞ്ഞു വ്യാപിക്കുകയാണ് ചെയ്യുന്നത്. അവ വളരെ കുറവാണെങ്കിൽ, "വയലററ്" വൎണ്ണം മാത്രമാണ് പാൎശ്വഭാഗങ്ങളിലേക്കു തള്ളപ്പെടുന്നതു്. എന്നാൽ അവയുടെ സംഖ്യ വൎദ്ധിക്കുന്നതായാൽ വയലററ് തുടങ്ങി നീലം, പച്ച, മഞ്ഞവരെയുള്ള വൎണ്ണങ്ങളും പാൎശ്വഭാഗങ്ങളിലേക്കു തള്ളപ്പെട്ടു. നമുക്കു നേരെ വരുന്നത് വെറും ചുകപ്പുവൎണ്ണമായിരിക്കും. സന്ധ്യാസൂൎയ്യന്റെ കിരണങ്ങൾ വരുന്നത് ഭൂമിയുടെ മുകളിൽ തൊട്ടു തൊട്ടുകൊണ്ടാകയാൽ അതു വളരെയധികം പൊടി മുതലായ പലവിധ അണുക്കളിൽ കൂടിയാണ് പ്രയാണം ചെയ്യുന്നതു്. അതാണ് ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന സൂൎയ്യന്നു ചുകപ്പുവൎണ്ണമുണ്ടെന്നു നമുക്കു തോന്നുന്നത്. എന്നാൽ ആകാശത്തിൽ സാധാരണയായി ഉണ്ടാകുന്ന അണുക്കൾ (ഈതർ എന്ന പദാൎത്ഥത്തിന്റെ അണുക്കൾ) വളരെ ചെറിയവയും അവയ്ക്കു നീലനിറംവരെ മാത്രം വേർതിരിക്കാൻ കഴിയുന്നവയും ആണു. അങ്ങിനെ വേർതിരിക്കപ്പെടുന്ന പ്രകാശം (നീലിമ) ആണ് ആകാശഭാഗത്തേക്കും ഭൂമിയിലേയ്ക്കു കീഴ്പോട്ടും പോകുന്നത്. അതാണ് ആകാശത്തിന്നും, വളരെ ദൂരെയുള്ള ഭൂമിക്കും മലകൾക്കും സമുദ്രത്തിന്നും നീലനിറം സിദ്ധിച്ചതായി നമുക്കു തോന്നുന്നത്. മിസ്റ്റർ രാമൻ ഒരു സ്ഫടികഗോളങ്ങളിൽ ഈതർ നിറച്ചു ഈ നീലിമയുടെ പാൎശ്വവ്യതിയാനം സാധാരണ അദ്ദേഹത്തിന്റെ പ്രസംഗാവസരങ്ങളിൽ പ്രദൎശിപ്പിച്ചുവരുന്നുണ്ട്.

## തോലന്തർ അയ്യപ്പൻകാവ്

മലബാറിൽ പാലക്കാട്ടുതാലൂക്കിൽ പാലക്കാട്ടുനഗരത്തിൽനിന്നു 10നാഴിക പടിഞ്ഞാറുള്ള തോലന്തർ അംശത്തിൽ പുരാതനമായുള്ള ഒരു ക്ഷേത്രമാകുന്നു അയ്യപ്പൻകാവെന്നു പറയുന്നത്. അതിൽ സുബ്രഹ്മണ്യരേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഈ ക്ഷേത്രത്തിനുതൊട്ടു വടക്കു ഒരു പ്രത്യേകകെട്ടിടത്തിൽ ശ്രീചക്രവും പ്രതിഷ്ഠിച്ചിട്ടുണ്ട്. ചക്രത്തിന്നുപുറമെ അവിടെ ഒരു സാളഗ്രാമവും ഉണ്ടെന്നു പറയുന്നു.

ഐതിഹ്യം.

അനേകം നൂററാണ്ടുകൾക്കുമുമ്പ് കാഞ്ചീപുരക്കാരൻ ദക്ഷിണാമൂൎത്തി എന്നുപേരായ ഒരു യോഗിയും അദ്ദേഹത്തിന്റെ അനുജനുംകൂടി പാലക്കാട്ടുതാലൂക്കിൽ കുത്തനൂർ അംശത്തിൽ വന്നു. നടുവത്തപ്പൻ എന്ന നാട്ടുവാഴിയുടെ അടുക്കൽ താമസിച്ചു. ദക്ഷിണാമൂൎത്തി ഒരു യോഗിയും ബ്രാഹ്മണനും ആയിരുന്നു എങ്കിലും നിത്യവും ശക്തിപൂജ ചെയ്തിരുന്ന ഒരു താന്ത്രികനും ആയിരുന്നു. അദ്ദേഹത്തിന്റെ പൂജക്കു മദ്യം കൊണ്ടുപോയി കൊടുത്തിരുന്നത് തോലനൂർദേശക്കാരി ഈഴവജാതിയിൽപെട്ട ഒരു സ്ത്രീയായിരുന്നു. ആ സ്ത്രീക്ക് തന്റെ ഗൃഹത്തിൽ വെച്ച് ഒരു ശക്തിപൂജ കഴിപ്പിച്ചാൽകൊള്ളാമെന്നു തോന്നി. ദക്ഷിണാമൂൎത്തിക്ക് അതു സമ്മതമായിരുന്നു. എന്നാൽ ഉയൎന്നജാതിക്കാരായ മററു ചിലൎക്കു അതു ഒട്ടുംതന്നെ സ്വീകാൎയ്യമായ്തോന്നിയില്ല. ഇതിനിടയിൽ ദക്ഷിണാമൂൎത്തിയുടെ അനുജൻ ഒരു പ്രഭുകുഡുംബത്തിൽ സംബന്ധക്കാരനായും തീൎന്നു. അതുവഴിക്കും കാൎയ്യം ഒരു വമ്പിച്ച ദേശക്കൂട്ടം പോലെയായി. ഏതായാലും ദക്ഷിണാമൂൎത്തിക്കു ചാഞ്ചല്യമുണ്ടായില്ല. ഒരു ബ്രാഹ്മണൻ, മഹാവിശിഷ്ടൻ, ഒരു ഈഴവത്തിയുടെ പുരക്കുചെന്നു ദേവീപൂജ നടത്തുകയൊ? ഇതെന്തു മൎയ്യാദ, എന്തു ധൎമ്മം എന്നിങ്ങിനെ നാട്ടുകാർ തങ്ങളിൽ പറഞ്ഞുകൊണ്ടിരിക്കെ ദക്ഷിണാമൂൎത്തി തന്റെ ശ്രീചക്രവും പൂജാസാമഗ്രികളും എടുത്തു നടന്നു. ഭക്തയുടെ വീട്ടിൽചെന്നു പൂജയും കഴിച്ചു. പിന്നീട് അവിടെത്തന്നെ സ്വന്തമായിട്ട് ഒരു ഗൃഹംനിൎമ്മിപ്പാൻ ആലോചിച്ച് ഒരു സ്ഥലം വാങ്ങി. ആ സ്ഥലം കിളച്ചപ്പോൾ അവിടെ മുമ്പ് ഒരു ക്ഷേത്രമുണ്ടായിരുന്നു എന്നും അതിൽ സുബ്രഹ്മണ്യരേയും അയ്യപ്പനേയും പ്രതിഷ്ഠിച്ചിരുന്നു എന്നും അറിവായി. ആ സ്ഥലത്ത് വീണ്ടും ക്ഷേത്രംനിൎമ്മിച്ച് ആ ദേവന്മാരെ അദ്ദേഹംതന്നെ പ്രതിഷ്ഠിക്കയുംചെയ്തു.

പാലക്കാട്ടുശേരി രാജാക്കന്മാരിൽ ചിലർ ഈ ക്ഷേത്രം ആക്രമിപ്പാൻവന്നു. ക്ഷേത്രത്തിന്നു സമീപത്തെത്തിയപ്പോൾ അവൎക്കു ബുദ്ധിഭ്രമമൊ അമ്പരപ്പൊ ആയി, ഒടുവിൽ ക്ഷമായാചനംചെയ്ത്, ക്ഷേത്രത്തിന്നു അടിമകളായി. അവരുടെ വംശത്തിൽനിന്നും വളരെ ഭേദപ്പെട്ട നായർതറവാടുകളിൽനിന്നും ഇപ്പോഴും ഈ ക്ഷേത്രത്തിൽ അടിമപ്പണം വെച്ചുവരുന്നുണ്ട്.

ദക്ഷിണാമൂൎത്തിയുടെ അനുജൻ പ്രഭുകുഡുംബത്തിൽ ഒരു സ്ത്രീയെ ഭാൎയ്യയാക്കി സന്തതിയെ ഉൽപാദിപ്പിച്ചിരിക്കുമ്പോൾ ദക്ഷിണാമൂൎത്തി ആ ഈഴവസ്ത്രീയെ സ്വന്തം ഭാൎയ്യയാക്കി. അദ്ദേഹത്തിന്നു ആ സ്ത്രീയിൽ ഒരു പുത്രനുണ്ടായി. ആ പുത്രൻ കാശിയിൽചെന്ന് ഗണപതിസ്വാമികളുടെ ശിഷ്യന്മാരിൽ ഒരാളായിരുന്നു എന്നു പറയുന്ന മ

ണികണ്ഠസ്വാമിയാരുടെ ശിഷ്യത്വം സമ്പാദിച്ചു. കുറെകാലം ഗുരുവിനോടൊന്നിച്ചു താമസിച്ചു. പിന്നെ ഗൃഹസ്ഥാശ്രമം സ്വീകരിപ്പാൻ ഗുരു കല്പിച്ചപ്രകാരം നാട്ടിൽവന്ന് സ്വജാതിയിൽ ഒരു സ്ത്രീയെ വിവാഹംചെയ്തു. അദ്ദേഹത്തിന്നു 3 പുത്രന്മാർ ഉണ്ടായി. ഒടുവിൽ അദ്ദേഹം കാശിക്കുതന്നെ പോയി. ആ 3 പുത്രന്മാരുടെ സന്താനങ്ങൾ ഇപ്പോൾ 3 ശാഖകളായിരിക്കുന്നുണ്ട്. ഈ ക്ഷേത്രത്തെസംബന്ധിച്ച എല്ലാ അവകാശങ്ങളും കൈകാര്യങ്ങളും അവക്കാകുന്നു ഉള്ളത്. അതിൽ പൂജകഴിക്കുന്നതും അയ്യപ്പൻ വെളിച്ചപ്പെടുന്ന കോമരമായിരിക്കുന്നതും അവരിൽ ചിലരാകുന്നു.

സുബ്രഹ്മണ്യരുടേയും അയ്യപ്പൻേറയും വിഗ്രഹങ്ങൾക്ക് ഇളക്കമുണ്ടെന്നു പൂജകന്മാക്കു കുറച്ചുകാലംമുമ്പ് അറിവായി. ആ ഇളക്കം തീത്ത് ഒരു പ്രതിഷ്ഠാനവീകരണം കഴിച്ചാൽകൊള്ളാമെന്നു ഇപ്പോഴത്തെ വെളിച്ചപ്പാടായ രാമാണ്ടിപൂശാരിക്കു തോന്നി. അതിന്നു വേണ്ടി വരുന്ന ചിലവുകൾ എല്ലാം സ്വന്തം കയ്യാൽ നിവൃത്തിപ്പാനും തീച്ചയാക്കി. ശ്രീരാമകൃഷ്ണദേവനേയും സംഘത്തേയുംപററി കേട്ടുകേൾവിമാത്രം കുറച്ച് ഉണ്ടായിരുന്ന ശ്രീമാൻ പൂശാരിക്ക് ഈ പ്രതിഷ്ഠാകമ്മം ശ്രീമത് നിമ്മലാനന്ദസ്വാമിപാദങ്ങളെക്കൊണ്ട് കഴിപ്പിക്കേണമെന്നആഗ്രഹം ബലപ്പെട്ടു. സ്വാമി പാദങ്ങളെ വിവരം ധരിപ്പിച്ച് അപേക്ഷിച്ചു. ഭാഗ്യവശാൽ സ്വാമി തൃപ്പാദങ്ങൾ അതിന്നു വഴിപ്പെട്ടു. ഈ വൃശ്ചികം 4-ാംനു- തിങ്കളാഴ്ച പ്രതിഷ്ഠനടത്താമെന്നും കല്പിച്ചു. അതിന്നനുസരിച്ച് സ്വാമി തൃപ്പാദങ്ങൾ വൃശ്ചികം 3-ാംനു- വൈകുന്നേരം ഒററപ്പാലത്തുനിന്നു പുറപ്പെട്ടു രാത്രി 10മണിക്ക് സ്ഥലത്തെത്തി നാട്ടുകാർ പഞ്ചവാദ്യം മുതലായ ആഘോഷങ്ങളോട് ശ്രീ സ്വാമിജിയെ എതിരേററു വസതിയിൽ കൊണ്ടുപോയാക്കി. സമയം വൈകിയും കാൽനടയായി നടന്നും സ്വാമിജി വളരെ കഷ്ടപ്പാടനുഭവിച്ചു. പിറെറന്നു 4-ാംനു- രാവിലെ 9മണിക്ക് സ്വാമി തൃപ്പാദങ്ങൾ ക്ഷേത്രത്തിൽ എഴുന്നെള്ളി വിധിയാംവണ്ണം പ്രതിഷ്ഠകഴിച്ചു.

ക്ഷേത്രത്തിൽവെച്ച് നാട്ടുകാർ കൂടി സ്വാമിജി തൃപ്പാദങ്ങൾക്ക് ഒരു സ്വാഗതപത്രം സമപ്പിക്കയുണ്ടായി. യുഗാവതാരമായ ശ്രീരാമകൃഷ്ണ പരമഹംസദേവൻെറ ശിഷ്യനും ലോകവിശ്രുതനായ ശ്രീമദ് വിവേകാനന്ദ സ്വാമികളുടെ സഹപ്രവത്തകനും ആയ ശ്രീസ്വാമികൾ പലവിധ ക്ലേശങ്ങളും സഹിച്ച് ഇത്ര ദൂരം വന്ന് തങ്ങളുടെ അപേക്ഷാനുസാരം ക്ഷേത്രത്തിൽ പ്രതിഷ്ഠയും പൂജയും നടത്തി തങ്ങളെ അനുഗ്രഹീതരാക്കിയിരിക്കുന്നു എന്നും, അവിടത്തെ പാദസ്പശംനിമിത്തം തങ്ങളുടെ നാട്ട് പുണ്യഭൂമിയായിത്തീന്നിരിക്കുന്നു എന്നും, അവിടുത്തെ അനുഗ്രഹ

വും കൃപയും തങ്ങൾ വീണ്ടും വീണ്ടും അഭ്യൎത്ഥിക്കുന്നു എന്നും മററും മംഗള പത്രത്തിൽ പ്രത്യേകം പ്രസ്താവിച്ചിരുന്നു. ഈ സ്വാഗതപത്രികക്ക് സ്വാമിജിതൃപ്പാദങ്ങൾ ഉചിതമായും ഹൃദയാവൎജ്ജകമായും ഒരു മറുവടി കൊടുത്തു.

മറുവടിയുടെ സാരം.

ഈ ദേശത്ത് വരുവാനും നിങ്ങളുമായി പരിചയപ്പെടുവാനും വിശേഷിച്ച് മഹാദേവന്മാരായ സുബ്രഹ്മണ്യരേയും ശാസ്താവിനേയും പൂജിപ്പാനും എനിക്കു അവസരമുണ്ടാക്കിതന്നതിനും നിങ്ങളുടെ സ്വാഗതത്തിന്നും ഞാൻ നന്ദിപറയുന്നു. ഭാരതഭൂമിയുടേയും പ്രത്യേകിച്ച് കേരളത്തിൻേറയും അഭ്യുദയത്തിന്നും ധൎമ്മോദ്ധാരണത്തിന്നും ആയിരുന്നു സുബ്രഹ്മണ്യരും അയ്യപ്പനും അവതരിച്ചത്. കുറെ കാലത്തിന്നപ്പുറമായ് ധൎമ്മം ക്ഷയിച്ചും അധൎമ്മത്താൽ മൂടപ്പെട്ടും ഇരിക്കുന്നതുപോലെ തോന്നുന്നുണ്ട്. എങ്കിലും ഭാരതഖണ്ഡത്തിലെ ആദ്ധ്യാത്മധൎമ്മത്തിന്നു ശക്തിക്ഷയം തട്ടീട്ടില്ല. മൂടിക്കിടക്കുന്ന അവസരത്തിലും അതു ശക്തിമത്തായ് പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. അതു പുറത്തു പ്രകാശിപ്പാൻ തുടങ്ങിയിരിക്കുന്നു. ആ പ്രകാശം ഇവിടെ മാത്രമല്ല ലോകമൊട്ടുക്കും വ്യാപിക്കയും ചെയ്യും. ഭാരതഭൂമിയുടെ നന്മക്കുവേണ്ടിമാത്രമല്ല സൎവ്വലോകഹിതത്തിന്നുവേണ്ടിയാകുന്നു അചിന്ത്യശക്തിയായ ശ്രീരാമകൃഷ്ണദേവൻ അവതരിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ ശക്തിബീജങ്ങളേയും തത്വോപദേശങ്ങളേയും നാനാദേശങ്ങളിലും പടിഞ്ഞാറും, കിഴക്കും തെക്കും വടക്കും വാരിവിതച്ചിരിക്കുന്നു മഹാപുരുഷനായ ശ്രീമദ് വിവേകാനന്ദസ്വാമികൾ. ആ ബീജങ്ങൾ മുളച്ചുതുടങ്ങിയിരിക്കുന്നു. അതുകൾ വളൎന്നു ലോകമെല്ലാം വ്യാപിക്കും. ജാതിഭേദമോ സ്ഥിതിഭേദമോ സ്ത്രീപുരുഷഭേദമോ കൂടാതെ മനുഷ്യജാതിയിൽ പെട്ട സൎവ്വൎക്കും ആ വൃക്ഷങ്ങളുടെ തണലുകളിൽ ഇരുന്നു വിശ്രമിപ്പാനും അതുകളുടെ ഫലങ്ങൾ ആസ്വദിപ്പാനും ശാശ്വതമായ ആനന്ദം അനുഭവിപ്പാനും ഇടയാകും. അതുകണ്ടാനന്ദിപ്പാനുള്ള ആയുസ്സ് നമുക്കു മതിയാകയില്ലായിരിക്കാം. എങ്കിലും അതു സംഭവിപ്പാൻ പോകുന്നതാകുന്നു. നമ്മുടെ അനന്തിരഗാമികൾക്ക് അതു അനുഭവപ്പെടും. ശ്രീരാമകൃഷ്ണദേവനാൽ പ്രകാശിതമായ ധൎമ്മം മറെറല്ലാ ധൎമ്മങ്ങളേയും വ്യാപിക്കുകയും ഏകീകരിക്കുകയും ചെയ്യും. ആ വഴിയുടെയാകുന്നു ആ യുഗാവതാരപുരുഷൻെറ സംഘം വേലചെയ്യുന്നത്. ആ സംഘത്തിൽ ഏററവും എളിയവനും ശ്രീരാമകൃഷ്ണദേവൻെറ കിംകരനും കുഞ്ഞും ആയ എനിക്കു നിങ്ങൾ ചെയ്ത സ്വാഗതത്തിന്നു ഞാൻ നിങ്ങളോടു വീണ്ടും നന്ദിപറയുന്നു.

സ്വാമിജി തൃപ്പാദങ്ങൾ ഊർജ്ജിതമായും മനോഹരമായും അരുളിച്ചെയ്ത മറുവടിയുടെ അംശലേശം മലയാളത്തിൽ പരക്കെയുള്ള ജനങ്ങൾക്കറിവാൻ തക്കവണ്ണം തർജ്ജിമചെയ്യുന്നതു ദുസ്സാധമായിരുന്നു. അതും കഴിഞ്ഞു് അവിടെ കൂടിയിരുന്ന നാനാ ജാതി ജനങ്ങൾക്കും പ്രസാദം കൊടുത്തതിനുശേഷം സ്വാമി തൃപ്പാദങ്ങൾ ക്ഷേത്രത്തിൽനിന്നു വസതിയിലേക്കു തിരിച്ചു. അവിടെ എത്തി ഭക്ഷണാനന്തരം അല്പം വിശ്രമിച്ചു പിന്നീട്ടും അനേകം ജനങ്ങൾക്ക് ദർശനവും പാദസ്പർശനാവസരവും കൊടുത്ത് സുമാർ 4മണിക്ക് ഒററപ്പാലത്തേക്ക് തിരിച്ചെഴുന്നെള്ളുകയും ചെയ്തു.

എൻ. കെ. പി.

---

ഞങ്ങളുടെ

## വിശേഷാൽപ്രതിയെപ്പററി

അന്യസഹജീവികൾ എന്തുപറയുന്നു?

---

### "ARUNODAYAM" ANNUAL SUPPLEMENT, (MALAYALAM)

Kamalalaya Press, Ottapalam, S. Malabar.

Price Re. 1.

The magazine "Arunodayam" has been in existence for the last one year and five months and from the very beginnin it has been maintaining a high standard of literary excellence. Mr. Chelnat Achyuta Menon, B, A., who is the Sahitya Nayaken (Literary Chief) thereof, has succeeded in bringing together under its banner a number of eminent writers of the day who are endeavouring their utmost to build up a sound literary tradition in Malayalam and infuse new life and vigour into the language. The Supplement that is now issued in commemoration of the completion of the first year of the journal's existence is a commendable production. It contains contributions from wellknown writers like Messrs. Vallathol, Ullur, V. Unni Krishnan Nair, Vatakkapat Narayanan Nair, K. V. M., A. Narayana Poduval, Attur Krishna Pisharoti, K. Sukumarna, Chelnat Achyuta Menon, and others, and affords interesting

and instructive reading. Its pages are adorned by photographs of some of the contributors, eminent men of letters in Malayalam and great men like Mahatma Gandhi, J. C. Bose, Malaviya, etc. The publisher deserves congratulation on the neat get up of the supplement.

"HINDU" Dated 14th November 1928.

THE "ARUNODAYAM" ANNUAL.

The "Arunodayam", published from Ottapalam. has made a name among Malayalam magazines for the literary quality of its articles Its annual for this year contains contributions of lasting value from some of the best writers in Malayalam. Mr. Vallathol's "Gnanam", Mr. Ullur S. Parameswara Iyer's Divvadarsanam and Mr. V. Unnikrishnan Nair's "Mathirhridayam" are delightful poems. Mr. P. Krishnan Nair writes about the place of the Thullal in Malayalam literature. Mr. Chelanat Achutha Menon, Reader in Malayalam, University of Madras, who is the author of many popular stories in Malayalam, contributes an excellent story, "Prayschitham". Mr. Vatakkepat Narayanan Nair in an article examines some of the conceptions of Adwaita.

" Madras Mail "
12—11—'28.

അരുണോദയം വിശേഷാൽപ്രതി:—

ഒററപ്പാലത്തുനിന്നും ഏററവും പ്രശസ്തമായരീതിയിലും, സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ മേൽനോട്ടത്തിലും നടത്തിവരുന്ന അരുണോദയം മാസികയുടെ വിശേഷാൽപ്രതി തൽപ്രവത്തകന്മാർ അഭിപ്രായത്തിനായി അയച്ചുതന്നതു് നിന്ദിപൂർവ്വം കയ്പററിയിരിക്കുന്നു. ആണ്ടുതോറും വിശേഷാൽപ്രതികൾ അച്ചടിച്ചു പ്രസിദ്ധംചെയ്യുക എന്നുള്ളതു് പാശ്ചാത്യപത്രപ്രവത്തനസമ്പ്രദായത്തെ അനുകരിച്ചാണെന്നുള്ളതിന്നു് യാതോരു സംശയവുമില്ലാ. എന്നാൽ ഈ പ്രസ്ഥാനം ഒന്നിനൊന്നു മെച്ചമാക്കിക്കൊണ്ടുവരുവാൻ അതതു പ്രവത്തകന്മാർ യത്നിച്ചുവരുന്നുണ്ടെന്നുള്ളതു് ഞങ്ങളുടെ മുമ്പിലിരിക്കുന്ന "അരുണോദയം" വിശേഷാൽപ്രതിതന്നെ സാക്ഷ്യംവഹിക്കുന്നുണ്ടു്. വഷംതോറും മാതൃഭൂമി, അൽ–അമിൻ, മിതവാദി മുതലായ പത്രങ്ങളും വാഷികപ്രതികൾ അച്ചടിച്ചു പ്രസിദ്ധംചെയ്തുവരുന്നുണ്ടു്. ഇത്തരം പ്രസിദ്ധീകരണങ്ങൾ വ

ൎത്തമാനപത്രപുരോഗതിയേയും, മലയാളഭാഷയുടെ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയേയും സൂചിപ്പിക്കയാണ് ചെയ്യുന്നതു്. സുപ്രസിദ്ധസാഹിത്യകാരന്മാരുടെ കൃതികളാൽ മലയാളഭാഷയെ പോഷിപ്പിക്കുവാൻ യത്നിക്കുന്ന പ്രവൎത്തകന്മാർ അഭിനന്ദനാൎഹരാണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. അരുണോദയം മാസികാപ്രവൎത്തകന്മാർ ഇങ്ങിനെയൊരു പ്രസ്ഥാനം തുടങ്ങിയതു പ്രഥമമായിട്ടാണെങ്കിലും, അവരുടെ ഉദ്യമം ഏററവും വിജയകരമായിട്ടുണ്ടെന്നു ഞങ്ങൾക്കു ധൈൎയ്യസമേതം പറയുവാൻ കഴിയും. മെ: ആർ. ഈശ്വരപിള്ള ബി. ഏ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, സി. അച്ചുതമേനോൻ, പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മ മുതലായ ഭാഷാപ്രണയികളുടേയും, മഹാകവികളുടേയും കൃതികൾ ഈ വിശേഷാൽപ്രതിക്ക് ഒരലങ്കാരവും, അതേസമയം കൈരളിസാഹിത്യദേവിക്ക് ഒരമൂല്യസമ്പത്തുമാണ്. ഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസൻ, ശാരദാദേവി, സ്വാമി വിവേകാനന്ദൻ, സ്വാമി നിൎമ്മലാനന്ദൻ മുതലായ ആത്മീയഗുരുക്കന്മാരുടേയും, മഹാത്മാഗാന്ധി, അരവിന്ദഘോസ്, പണ്ഡിതമാളവ്യ, സരോജിനിനായിഡു മുതലായ രാഷ്ട്രീയനേതാക്കന്മാരുടേയും, മഹാകവി കുമാരനാശാൻ, മഹാകവി വള്ളത്തോൾ, മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, സാഹിത്യപ്രണയികളായ മെ. ചേലനാട്ടു മി. അച്ചുതമേനോൻ, പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മാ, ഉണ്ണികൃഷ്ണൻനായർ മുതലായവരുടേയും മനോഹരമായ ഛായാപടങ്ങൾ ഈ വിശേഷാൽപ്രതിയെ സവിശേഷം അലങ്കരിക്കുന്നുണ്ടു്. പ്രഥമസംരംഭം ഇത്രയും ആകൎഷണീയമാക്കിത്തീൎത്തിരിക്കുന്ന സ്ഥിതിക്ക് അടുത്ത വാൎഷികപ്രതികൾ ഒന്നുകൂടി മെച്ചമായിരിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ലാ.

പ്രവൎത്തകന്മാരുടെഈ സംരംഭത്തെ ഞങ്ങൾ സൎവ്വാത്മനാ അഭിനന്ദിച്ചുകൊള്ളുന്നു. ഈപുസ്തകം ആവശ്യമുള്ളവൎക്കു അരുണോദയം പ്രവൎത്തകന്മാരിൽനിന്നും ഒരു രൂപ വിലയ്ക്കു കിട്ടുന്നതാണ്.

'സിലോൺ മലയാളി.' ൧൨--൫--൧൯൩൩.